23301

# പ്രാചീനഭാരതം

(നാലാം ഫാറത്തിലേയ്ക്ക്)

431

The Educational Supplies Depot,
TRIVANDRUM.

2330

# പ്രാചീനഭാരതം

(നാലാം ഫാറത്തിലേയ്ക്ക്)

ISLAM HIGH SCHOOL
ERNAKULAM
2330

ഗ്രന്ഥകർത്താ

എൻ. പി. പിള്ള, എം. എ., എൽ. ടി.

ചരിത്രലെക്ചറർ, ട്രെയിനിംഗ് കാളേജ്,

തിരുവനന്തപുരം.

The Educational Supplies Depot,
TRIVANDRUM.

വില അണ 14

FOURTH EDITION
( REVISED ) 1952

*

COPY RIGHT
WITH AUTHOR

*

WARNING

ഈ പുസ്തകത്തിന്റെ ഘടനാരീതിയോ അതിലെ ഉള്ളടക്കമോ പകൎത്തുകയോ, ചുരുക്കുകയോ, അനുകരിക്കുകയോ ചെയ്തു പരസ്യപ്പെടുത്തുന്നതു് കുററകരമാകുന്നു.

*

*

PRINTED AT
THE SRIDHARA
PRINTING HOUSE,
TRIVANDRUM.

*

# പ്രസ്താവന

പരിഷ്കരിച്ച പാഠ്യപദ്ധതിയനുസരിച്ച് തിരുവിതാംകൂർ–കൊച്ചി ഐക്യസംസ്ഥാനത്തിലെ നാലാം ഫാറം വിദ്യാർത്ഥികൾക്കുവേണ്ടി രചിച്ചിട്ടുള്ളതാണ് ഈ പുസ്തകം. ചരിത്രാർത്ഥനിരീക്ഷണത്തിനും മാനവപുരോഗതിദർശനത്തിനും വീക്ഷണവിപുലീകരണത്തിനും ഉപയുക്തങ്ങളായ ഭാഗങ്ങളെ അവയുടെ പ്രാധാന്യത്തിനനുരൂപമാംവിധം വിസ്തരിച്ചു പ്രതിപാദിക്കുന്നതിനും, അതേ സമയം അനാവശ്യമായ നാമധേയങ്ങളും അപ്രധാനമായ തീയതികളും നിസ്സാരമായ സംഭവങ്ങളുമുപേക്ഷിച്ച് ചരിത്രപഠനത്തെ ലഘൂകരിക്കുന്നതിനും വളരെ ശ്രദ്ധിച്ചിട്ടുണ്ട്. വിഷയഗ്രഹണത്തിനാവശ്യമായ ഭൂപടങ്ങളും ചരിത്രങ്ങളും കഴിയുന്നിടത്തോളം വെടിപ്പായും ഭംഗിയായും നിർമ്മിച്ചു ചേർക്കുവാനും ശ്രമിച്ചിട്ടുണ്ട്. ഒടുവിൽ കൊടുത്തിട്ടുള്ള പഠനനിർദ്ദേശങ്ങൾ വിദ്യാർത്ഥികൾക്ക് സ്വയംശിക്ഷണത്തിനുപകരിക്കുമെന്നു വിശ്വസിക്കുന്നു. അനുവദിച്ചിട്ടുള്ള അൻപതു 'പീരിയഡ്' സമയംകൊണ്ട് അധ്യയനം നിർവ്വഹിക്കുന്നതിനു സഹായകമായ വിധമാണ് പാഠങ്ങൾ ക്രമീകരിച്ചിരിക്കുന്നതെന്നുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ.

എൻ. പി. പിള്ള

ട്രെയിനിംഗ് കാളേജ്,
തിരുവനന്തപുരം
12-7-49

# വിഷയവിവരം

അദ്ധ്യായം പേജ്


1. ഭൂപ്രകൃതിയും ചരിത്രഗതിയും 1–5

1. ഭാരതഖണ്ഡം 2. കിടപ്പ്. 3. ഭൂപ്രകൃതി 4. വ്യത്യസ്ഥതയിൽ ഏകത്വം

2. ആദിമനിവാസികൾ 5–10

1. നീഗ്രിറേറാ വർഗ്ഗക്കാർ 2. കോലാര്യന്മാർ 3. ദ്രാവിഡന്മാർ 4. സിന്ധുതീരപരിഷ്കാരം

3. ആര്യന്മാർ 10–20

1. ആര്യന്മാരുടെ ആഗമനം 2. പഞ്ചാബിലെ ജീവിതരീതി. 3. ഉത്തരേൻഡ്യയിലേക്കുള്ള നീക്കം. 4. വൈദികസാഹിത്യവും അതിൻെറ ചരിത്രപ്രാധാന്യവും: വേദങ്ങൾ; ഇതിഹാസങ്ങൾ; പുരാണങ്ങൾ; സൂത്രങ്ങൾ; ഉപവേദങ്ങൾ

4. ബുദ്ധമതവും ജൈനമതവും 20–26

1. പുതിയമതങ്ങളുടെ ആവിർഭാവത്തിനുള്ള കാരണങ്ങൾ 2. ഗൌതമബുദ്ധനും ബുദ്ധമതസിദ്ധാന്തങ്ങളും 3. മഹാവീരനും ജൈനമതവും 4. ഇൻഡ്യയിലെ ജീവിതരീതിയിൽ പുതിയ മതങ്ങളുടെ ആവിർഭാവത്താലുണ്ടായ പ്രധാന മാററങ്ങൾ.

5. സിന്ധുതീരത്തിലുണ്ടായ രണ്ടു വിദേശീയാക്രമണങ്ങൾ. 26–35

1. ബി. സി. 7–ാം ശതകത്തിനും ബി. സി. 4–ാം ശതകത്തിനുമിടയ്ക്കു ഉത്തരഇൻഡ്യയിലെ സ്ഥിതി: സിന്ധുതീരം; ആര്യാവർത്തം; മഗധയുടെ വളർച്ച– ശിശുനാഗവംശം; നന്ദ

വംശം 2. സിന്ധുതീരത്തിലെ പെർഷ്യൻ ആക്രമണം 3. അലക്സാണ്ഡരുടെ ഇൻഡ്യനാക്രമണം 4. യവനന്മാരുമായുണ്ടായ സമ്പർക്കത്തിന്റെ ഫലങ്ങൾ.

6. മൌര്യസാമ്രാജ്യം 35–48

1. ചന്ദ്രഗുപ്തമൌര്യൻ

1. ജീവചരിത്രസംക്ഷേപം: മഗധയിലെ വിപ്ലവം; മൌര്യസാമ്രാജ്യസ്ഥാപനം; അവസാനകാലം 2. ഭരണസമ്പ്രദായവും സാമുദായികസ്ഥിതിയും: ഭരണരീതി; സാമൂഹ്യജീവിതം

II. ബിന്ദുസാരൻ

III. അശോകൻ

1. കലിംഗയുദ്ധം 2. ബുദ്ധമതപ്രചരണം: സാമ്രാജ്യത്തിലെ ബുദ്ധമതപ്രചരണം 3. അശോകന്റെ മാഹാത്മ്യം 4. കലാപ്രോത്സാഹനം.

IV. മൌര്യസാമ്രാജ്യത്തിന്റെ അധഃപതനം

7. പശ്ചിമോത്തരഭാഗങ്ങളിലെ വിദേശീയാധിപത്യകാലം 48–57

1. മഗധയിലെ ഹൈന്ദവ പുനരുത്ഥാനം

1. സംഗവംശം 2. കണ്വവംശം

II. വടക്കുപടിഞ്ഞാറുഭാഗത്തിലെ വിദേശീയാക്രമണങ്ങൾ

1. ഏഷ്യയിലെ യവനരാജാക്കന്മാർ. 2. പാർത്തിയന്മാർ 3. ശകന്മാരും കുശാനന്മാരും

III. കുശാനവംശം

1. ആദ്യത്തെ കുശാനരാജാക്കന്മാർ : കാഡ്ഫിസസ്, വിമാകാഡ്ഫിസസ് 2. കനിഷ്കൻ.

സാമ്രാജ്യവിസ്തൃതി; ബുദ്ധമതപുനരുദ്ധാരണം. കൺവവംശത്തിന്റെ അന്ത്യകാലം.

IV. വൈദേശിക മേധാവിത്വവും ഭാരതീയ സംസ്കാരവും.

8. ഗുപ്തസാമ്രാജ്യം 58-70

I. ഗുപ്തരാജാക്കന്മാർ

1. ചന്ദ്രഗുപ്തൻ 2. സമുദ്രഗുപ്തൻ 3. ചന്ദ്രഗുപ്ത വിക്രമാദിത്യൻ 4. അധഃപതനകാലം

II. ഫാഹിയാന്റെ വിവരണങ്ങൾ

1. യാത്രോദ്ദേശവും യാത്രാകാലവും. 2. ബുദ്ധമതത്തിന്റെസ്ഥിതി. 3. ഗുപ്തഭരണരീതി

III. ഗുപ്തസുവർണ്ണകാലം

1. സമാധാനവും സംതൃപ്തിയും തികഞ്ഞ ഭരണം 2. ഹിന്ദുമതപുനരുദ്ധാരണം 3. കലാപോഷണം

IV. ഹൂണന്മാർ

1. ഇൻഡ്യയിലേയ്ക്കുള്ള പ്രവാഹം 2. തോരമാനനും മിഹിരഗുലനും 3. ഹൂണന്മാരുടെ ആക്രമണത്തിന്റെ ഫലങ്ങൾ

9. ശ്രീഹർഷൻ 70-76

I. സ്ഥാനേശ്വരത്തിലെ രാജാക്കന്മാർ

1. പ്രഭാകരവർദ്ധനനും രാജ്യവർദ്ധനനും

2. ഹർഷവർദ്ധനൻ

II. യുവാൻചാങ്ങിന്റെ വിവരണങ്ങൾ

1. യാത്രാവിവരണം 2. ഹർഷനും ബുദ്ധമതവും 3. ഹർഷന്റെ ഭരണരീതി 4. സാമുദായിക-സാമ്പത്തികസ്ഥിതിവിവരം.

10. രാജപുത്രന്മാർ 76–82

1. ഉല്പത്തി 2. സ്വഭാവവിശേഷങ്ങൾ
3. രാജപുത്രരാജവംശങ്ങൾ 4. രാജപു
ത്രഭരണ കാലത്തെ നേട്ടങ്ങൾ.

11. ഡക്കാൺ രാജ്യങ്ങൾ 82–88

I. ആന്ധ്റക്കാർ
II. പല്ലവന്മാർ
III. ഡെക്കാനിലെ രാജപുത്രവംശങ്ങൾ.
1. വാതാപിയിലെ ചാലൂക്യന്മാർ 2. രാഷ്ട്ര
ക്രൂടന്മാർ 3. കല്യാണിയിലെ ചാലൂക്യന്മാർ

12. തമിഴകം 88–100

I. ചേര, പാണ്ഡ്യ, ചോളരാജവംശങ്ങൾ
1. മൂവരചന്മാരുടെ പഴമ 2. ചേരവംശം
3. പാണ്ഡ്യവംശം 4. ചോളവംശം
II. തമിഴകത്തെ ഭരണരീതിയും സാമൂഹ്യവ്യവ
സ്ഥിതിയും
1. ഭരണരീതി 2. സാമൂഹ്യജീവിതം 3. മതാ
ചാരങ്ങളും മതാചാര്യന്മാരും: ശങ്കരാചാര്യർ;
രാമാനുജാചാര്യർ
III. വിദേശവാണിജ്യവുംവിദേശങ്ങളിലേയ്ക്കുള്ള
ക്രുടിയേററവും
1. പശ്ചിമദേശങ്ങളുമായുള്ള വാണിജ്യബന്ധം
2. സമ്പന്നജീവിതവും സാഹിത്യപ്രോൽസാഹ
നവും 3. തെക്കുകിഴക്കെ ഏഷ്യയിലെ ഇൻ
ഡ്യൻ ഉപനിവേശങ്ങൾ

# പ്രാചീന ഭാരതം

## അദ്ധ്യായം 1

## ഭൂപ്രകൃതിയും ചരിത്രഗതിയും

### 1. ഭാരതഖണ്ഡം.

ഏഷ്യയുടെ തെക്കേഭാഗത്തുള്ള മൂന്നു് ഉപദ്വീപുകളിൽ, നടുവിലുള്ളതിനെയാണു് പുരാതനകാലം മുതൽ ഭാരതഖണ്ഡമെന്നു പറഞ്ഞുവരുന്നതു്. ഈ ഭൂവിഭാഗത്തു് വളരെക്കാലം അനവധി ചെറുരാജ്യങ്ങളുണ്ടായിരുന്നു. അവയിൽ പലതുമൊന്നുചേർന്നുള്ള സാമ്രാജ്യങ്ങൾ പലതവണയുണ്ടായിട്ടുണ്ടു്. ഭാരതഖണ്ഡം മുഴുവനുമുൾക്കൊണ്ടിരുന്ന ഒരു സാമ്രാജ്യമായിരുന്നു ആംഗലസാമ്രാജ്യം. 'ഇൻഡ്യാ' എന്നറിയപ്പെട്ടുവന്ന ഈ ആംഗലസാമ്രാജ്യം ഇന്നു് 'ഇൻഡ്യ' എന്നും 'പാകിസ്ഥാ'നെന്നും പറയുന്ന രണ്ടു സ്വതന്ത്രരാജ്യങ്ങളായി വിഭജിക്കപ്പെട്ടിരിക്കയാണു്. അങ്ങനെ രാഷ്ട്രീയമായി ഇൻഡ്യ ഭാരതത്തിന്റെ ഒരു ഭാഗം മാത്രമായിത്തീർന്നിരിക്കുന്നുവെങ്കിലും ഇൻഡ്യയുടെ ഇതഃപര്യന്തമുള്ള ചരിത്രം ഭാരതചരിത്രമാണെന്നുള്ളതുകൊണ്ടു്, ഭാരതമെന്ന അർത്ഥത്തിലാണു് ഇൻഡ്യ എന്ന പേരു മിക്കവാറും ഈ പുസ്തകത്തിലുപയോഗിച്ചിട്ടുള്ളതു്.

### 2. കിടപ്പു്.

ഇൻഡ്യയുടെ വിസ്താരം പതിനെട്ടുലക്ഷത്തിൽപ്പരം ചതുരശ്രമൈലാണു്. ഏകദേശം യൂറോപ്പു ഖണ്ഡത്തി

ന്റെ മൂന്നിലൊന്നും, തെക്കെ അമേരിക്കയുടെ അഞ്ചിലൊന്നുമാണിതു്. ഇത്ര വളരെ വലിപ്പവും, ഒരു രാജ്യത്തു് സാധാരണ കാണാവുന്നതിലധികം പ്രകൃതിവ്യത്യാസങ്ങളുമുള്ളതുനിമിത്തം ഇൻഡ്യയെ ഒരു 'ഉപഭൂഖണ്ഡ'മെന്നു പറഞ്ഞുവരുന്നു. ഹിമാലയപർവ്വതം വടക്കും, സുലൈമാൻ, കിർതാർ എന്നീ പർവതനിരകൾ വടക്കുപടിഞ്ഞാറും, അസ്സാമിലെ കുന്നുകൾ വടക്കുകിഴക്കും കിടക്കുന്നതുനിമിത്തം ഇൻഡ്യ ഏഷ്യയിൽനിന്നു വേർതിരിക്കപ്പെട്ടു്, ആദികാലംമുതൽ ഒററവ്യക്തിയായി വളരുവാൻ തുടങ്ങി. എന്നാൽ ബാഹ്യലോകത്തു നിന്നകന്നു്, കേവലം അന്ധകാരഗർത്തത്തിൽ പതിക്കുക എന്ന ദുരന്തം അതിനുണ്ടായില്ല. ഇതിനുകാരണം വടക്കുപടിഞ്ഞാറുള്ള മലയിടുക്കുകളാണു്. അവയിൽക്കൂടി വളരെക്കാലം ഇൻഡ്യയിലേയ്ക്കു ജനസമുദായങ്ങൾ പ്രവഹിച്ചുകൊണ്ടിരുന്നു. ആര്യന്മാർ തുടങ്ങി മുകിലന്മാർ വരെയുള്ളവർ ഇൻഡ്യയിലെത്തിയതു് ഈ വഴിയാണു്. നാലിൽ മൂന്നു ഭാഗവും ഇൻഡ്യയെ ആവരണം ചെയ്യുന്ന സമുദ്രം ഒരു കാലത്തു് ഇൻഡ്യയെ ഒരു ശിലാദുർഗ്ഗമെന്നപോലെ, സുരക്ഷിതമാക്കുവാൻ പര്യാപ്തമായിരുന്നുവെങ്കിലും, ഒടുവിൽ ഇൻഡ്യയിലേയ്ക്കുള്ള ഒരു തുറന്നിട്ട കവാടമായിത്തീർന്നു. പാശ്ചാത്യരാജ്യങ്ങളിൽനിന്നു വെള്ളക്കാർ ഇൻഡ്യയിൽ പ്രവേശിച്ചതു് ഈ വഴിയാണു്. കടൽവഴി പുറമെയുള്ള രാജ്യങ്ങളുമായി ഇൻഡ്യാക്കാരും ധാരാളം സമ്പക്കം പുലത്തിയിരുന്നു. ഈജിപ്തും ഗ്രീസ്സും റോമുമായി പുരാതനകാലം മുതൽ വാണിജ്യബന്ധത്തിലേർപ്പെടുന്നതിനും, ഇൻഡ്യൻ മഹാസമുദ്രത്തിലെ ചില ദ്വീപസമൂഹങ്ങളിൽ കുടിയേറിപ്പാക്കുന്നതിനും ഇൻഡ്യാക്കാക്കും സാധിച്ചിട്ടുണ്ടു്.

## 3. ഭൂപ്രകൃതി.

ഭൂപ്രകൃതിയനുസരിച്ച് ഇൻഡ്യയെ നാലായി വിഭജിക്കാം.

1. വടക്കെ അററത്തുള്ള ഹിമാലയപ്രദേശം മനുഷ്യവാസത്തിന് അനുയോജ്യമല്ലാത്തവിധം ഉന്നതങ്ങളായ ഗിരിനിരകളാൽ നിബിഡമാണെങ്കിലും, അതിന്റെ താഴ്വരകളിൽ ചില രാജ്യങ്ങളുണ്ട്. ഇതിൽ പ്രധാനമായതു് നീപ്പാളമാണ്. അവിടത്തെ ആളുകളുടെ ശരീരബലവും ധൈര്യവും പ്രശസ്തമാണ്. അതിശീതളമായ ഒരു മലമ്പ്രദേശത്തു്, കഠിനമായ യത്നംചെയ്തു് പ്രകൃതിയുമായി മല്ലിട്ടു ജീവിക്കുന്ന ഏതൊരു വർഗ്ഗക്കാരും ബലവാന്മാരായിരിക്കും. നീപ്പാളത്തിൻെറ സ്വാതന്ത്ര്യം ഭൂപ്രകൃതിയുടെ സമ്പാദ്യമാണ്.

2. 2000 നാഴികയോളം നീളവും, 200 നാഴിക വീതിയുമുള്ള ഉത്തരേൻഡ്യൻസമതലപ്രദേശം സിന്ധു, ഗംഗാ, ബ്രഹ്മപുത്രാ എന്നീ നദികളാൽ ഫലഭൂയിഷ്ഠമാക്കപ്പെട്ടും, ഹിമാലയപർവതവും വിന്ധ്യനിരകളുംകൊണ്ടു് സുരക്ഷിതമാക്കപ്പെട്ടും, സർവപ്രകാരേണ അനുഗൃഹീതമായ ഒരു സ്ഥലമാണ്. പുരാതനകാലംമുതൽ ജനനിബിഡമായ ഈ സ്ഥലത്തു് അനവധി രാജ്യങ്ങളുണ്ടായിട്ടുണ്ട്. വിസ്താരമേറിയ ഒരു സമതലത്തിൽക്കൂടി സൈന്യവിന്യാസം എളുപ്പമായതുമൂലം, ഇവിടെയുള്ള രാജ്യങ്ങൾ പലപ്പോഴും സാമ്രാജ്യങ്ങളായി രൂപാന്തരപ്പെട്ടിട്ടുമുണ്ട്. ഇൻഡ്യയിലേയ്ക്കുണ്ടായിട്ടുള്ള ആക്രമണങ്ങളിലധികവും, ഇവിടത്തെ വിഭവസമൃദ്ധി വിദേശീയരെ ആകർഷിക്കയാൽ സംഭവിച്ചിട്ടുള്ളവയാണ്. വിഭവസമൃദ്ധിനിമിത്തം ജനങ്ങൾക്കു സിദ്ധിച്ച വിശ്രമം അവരെ സാഹിത്യത്തിലും കലകളിലും പ്രവർത്തിക്കുവാൻ പ്രേരിപ്പിച്ച് ഇൻഡ്യയെ

ഒരു പരിഷ്കൃതരാജ്യമാക്കിത്തീൎത്തു. ഹിമാലയം, ഗംഗ, ഇത്യാദി പ്രഗല്ഭങ്ങളായ പ്രകൃതിവിശേഷങ്ങൾ അവരെ വികാരഭരിതരാക്കി, ഈശ്വരചിന്തയ്ക്കും മതവിശ്വാസത്തിന്നും വഴി തെളിച്ചു.

3. വിന്ധ്യനിരകളുടെ തെക്കു്, പശ്ചിമഘട്ടങ്ങളാലും പൂൎവ്വഘട്ടങ്ങളാലും കടലോരത്തുനിന്നു വേർതിരിക്കപ്പെട്ടുകിടക്കുന്ന ഒരു മേട്ടുപ്രദേശമാണു് ഡക്കാൻ. ഉത്തരഇൻഡ്യയിലെ ഭരണകൎത്താക്കൾക്കു് തെക്കെ ഇൻഡ്യയെ കീഴടക്കി ഭരിക്കുവാൻ വളരെക്കാലം സാധിക്കാത്തതിന്നുള്ള ഒരു പ്രധാന കാരണം വിന്ധ്യ പർവതനിരകളും ഈ ആരണ്യഭൂമിയും തരണം ചെയ്യുവാനുള്ള പ്രയാസമായിരുന്നു.

4. തെക്കെ ഇൻഡ്യയിലെ കടലോരപ്രദേശങ്ങൾ സിന്ധുഗംഗാ സമതലം പോലെ ഫലഭൂയിഷ്ഠങ്ങളായ പ്രദേശങ്ങളാണു്. പണ്ടുമുതൽ അവ പരിഷ്കാര കേന്ദ്രങ്ങളായിരുന്നതു് ഇക്കാരണത്താലാണു്. ഇവിടങ്ങളിൽ നല്ല തുറമുഖങ്ങളുള്ളതുകൊണ്ടു്, പുരാതനകാലത്തു് ഇൻഡ്യയുമായുണ്ടായിരുന്ന വിദേശവാണിജ്യത്തിലേറിയ ക്രയം ഇവിടത്തെ രാജ്യങ്ങളുമായിട്ടായിരുന്നു.

## 3. വ്യത്യസ്തതയിൽ ഏകത്വം

വൻമലകളും നദികളും മൂലം ഇൻഡ്യയിലെ പല ഭാഗങ്ങളും ഒന്നിനൊന്നു വേർതിരിഞ്ഞു് ഓരോ പ്രത്യേക രീതിയിൽ വളരെക്കാലം പുരോഗമിച്ചു. ഉത്തര ഇൻഡ്യ, മദ്ധ്യഇൻഡ്യ, ദക്ഷിണഇൻഡ്യ എന്നിവ തമ്മിൽ വേഷം, ഭാഷ, ആചാരം മുതലായവയിൽ വലുതായ അന്തരമുണ്ടായിരുന്നു. ഒരു ഭാഗത്തുനിന്നു മറെറാരു ഭാഗത്തേയ്ക്കുള്ള ദൂരം നിമിത്തം ഭരണപരമായി ഇൻഡ്യ മുഴവനും ഒന്നായിത്തീരുക എന്നതു്, ആധുനിക

ഗതാഗത മാർഗ്ഗങ്ങൾ കണ്ടുപിടിക്കാതിരുന്ന കാലത്തു്, ഒട്ടും എളുപ്പമല്ലായിരുന്നു. ചെറുരാജ്യങ്ങൾ യഥേഷ്ടം വളർന്നുവന്നു. ഇങ്ങനെ ഇൻഡ്യയിലെ ഓരോ ഭാഗവും, ഓരോ ജനതയും, വിഭിന്നമായരീതിയിലാണു് പുരോഗമിച്ചതെങ്കിലും, ഭാരതമൊട്ടുക്ക് ഒരൈക്യം തെളിഞ്ഞു നില്പുണ്ടായിരുന്നു. പുറത്തുള്ള രാജ്യങ്ങളിൽനിന്നു് ഭാരതത്തെ പ്രത്യേകമാക്കിത്തീർത്തിട്ടുള്ള ഭൂപ്രകൃതിതന്നെയാണു് ഈ ഐക്യത്തിനുള്ള ഒരു പ്രധാന കാരണം. സംസ്കാരപരമായും ഭാരതം ഒന്നായിട്ടാണു് വളർന്നിട്ടുള്ളതു്. ഹൈന്ദവചര്യ, ആചാരം, ആദർശം എന്നിവയാണു് ഭാരതീയരുടെ മുഴുവൻ ജീവിതത്തിനു മാർഗ്ഗപ്രദർശനം ചെയ്തിട്ടുള്ളതു്. രാഷ്ട്രീയരംഗത്തു് കഴിഞ്ഞ കാലത്തു് പല മാററങ്ങളുണ്ടായിട്ടും, അതിൻെറ വ്യക്തിത്വം നശിക്കാതെ പുലർത്തിക്കൊണ്ടുപോകുവാൻ ഇൻഡ്യയെ സഹായിച്ചിട്ടുള്ളതു് ഈ സാംസ്കാരികൈക്യമാണു്.

## അദ്ധ്യായം 2

# ആദിമനിവാസികൾ

### 1. നിഗ്രിറേറാ വർഗ്ഗക്കാർ.

ഭാരത ഭൂമിയിൽ ആദ്യമുണ്ടായിരുന്ന മനുഷ്യർ ഏതു വർഗ്ഗത്തിൽപ്പെട്ടവരാണെന്നു പറയുവാൻ നമുക്കു സാദ്ധ്യമല്ല. എന്നാൽ ഏകദേശം 35000 കൊല്ലങ്ങൾക്കു മുമ്പു്, കറുത്തിരുണ്ടു്, ദേഹമാസകലം രോമംകൊണ്ടു മൂടിയ ഒരുതരം ഹ്രസ്വകായന്മാരായിരുന്നു ഇൻഡ്യയിലുണ്ടായിരുന്നതെന്നു് ഗവേഷകന്മാർ പറയുന്നു. ആഫ്രിക്കയിലെ

നീഗ്രോജാതിക്കാരോട്ട് സാമ്യമുണ്ടായിരുന്ന ഈ വർഗ്ഗത്തെ 'നിഗ്രിറേറാ' എന്നാണു് വിവക്ഷിച്ചിട്ടുള്ളതു്. പരുക്കൻ കല്ലുകളെ ആയുധമാക്കി മൃഗങ്ങളെ വേട്ടയാടിയും, മത്സ്യം പിടിച്ചും, കാകനികൾ പറിച്ചുതിന്നും ഇവർ ജീവസന്ധാരണം ചെയ്തിരുന്നു. അതുകൊണ്ട് ഇവരുടെ കാലത്തെ 'പുരാതന ശിലായുഗം' എന്നു പറയാറുണ്ട്.

## 2. കോലായ്യന്മാർ

ഏകദേശം 10000 കൊല്ലങ്ങൾക്കുമുമ്പു് 'കോലായ്യന്മാർ' എന്നൊരു വർഗ്ഗക്കാർ നിഗ്രിറേറാ വർഗ്ഗക്കാരെ കീഴടക്കി ഇൻഡ്യയിൽ കുടിയേറിപ്പാർത്തു. നിഗ്രിറേറാകളേക്കാൾ ഇവർ വളരെ പരിഷ്കൃതരായിരുന്നു. അമ്പും വില്ലുമുപയോഗിച്ച് മൃഗങ്ങളെ വേട്ടയാടാനും ചക്രമുപയോഗിച്ച് മൺപാത്രങ്ങളുണ്ടാക്കാനും, തീ കൂട്ടി ഭക്ഷ്യസാധനങ്ങൾ വേകിച്ചു കഴിക്കാനും മാടുകളെ പൂട്ടി കൃഷി ചെയ്യുവാനും, പരുത്തിനൂൽകൊണ്ടു വസ്ത്രം നെയ്യുവാനും ഇവക്കു ത്രാണിയുണ്ടായിരുന്നു. എന്നാൽ ലോഹങ്ങളെപ്പററി ഇവക്കു് അറിവുണ്ടായിരുന്നില്ല. വളരെ മിനുസമുള്ള ശിലകൾ ഉപയോഗിച്ചാണു്, ഇവർ ആയുധങ്ങൾ നിർമ്മിച്ചിരുന്നതു്. അതുകൊണ്ടു് ഇവയെ 'നവീനശിലായുഗ'ത്തിലെ മനുഷ്യർ എന്നു പറയുന്നു. ഇവരുടെ വംശജന്മാർ ഇന്നും മദ്ധ്യഇൻഡ്യയിലെ കാടുകളിൽ ഉണ്ടു്.

## 3. ദ്രാവിഡന്മാർ.

ക്രിസ്തുവിൻെറ ജനനത്തിനു് 4000 കൊല്ലങ്ങൾക്കുമുമ്പു് ദ്രാവിഡരെന്നറിയപ്പെട്ടിരുന്ന ഒരു വർഗ്ഗക്കാർ ഇൻഡ്യയിൽ ആധിപത്യം നടത്തി, ചെമ്പുകൊണ്ടും

വെള്ളികൊണ്ടും മററും സാധനസാമഗ്രികൾ നിർമ്മിക്കുവാൻ അവർക്ക് കെല്പുണ്ടായിരുന്നതുകൊണ്ട് അവരുടെകാലത്തെ 'ലോഹയുഗം' എന്നുപറഞ്ഞുവരുന്നു. മദ്ധ്യധരണിക്കടലിൻെറ കിഴക്കെതീരത്തുനിന്നു പ്രയാണമാരംഭിച്ച്, മെസൊപ്പൊട്ടേമിയായിലെ സുമേരിയന്മാരുമായി കുറെക്കാലം ജീവിച്ച്, ബലൂച്ചിസ്ഥാനിൽക്കൂടി കടന്ന്, ഒടുവിൽ ഇൻഡ്യയൊട്ടുക്കുവ്യാപിക്കുകയാണു ദ്രാവിഡർ ചെയ്തതെന്ന് പ്രബലമായ ഒരു അഭിപ്രായമുണ്ട്. ദ്രാവിഡർ തെക്കെ ഇൻഡ്യയിലുള്ള ഒരു വർഗ്ഗമാണെന്നും, അവരുടെ പരിഷ്കാരം മിക്കവാറും സ്വയാർജ്ജിതമാണെന്നും, തെക്കെഇൻഡ്യയിൽനിന്ന് വടക്കോട്ട് അവർ വ്യാപിക്കുകയാണുണ്ടായതെന്നും വിശ്വസിക്കുന്നവരും ധാരാളമുണ്ട്. അതെങ്ങിനെയായാലും, ഇക്കാലത്ത് തെക്കെഇൻഡ്യ മുതൽ ബലൂച്ചിസ്ഥാൻവരെയുള്ള സ്ഥലത്ത് ദ്രാവിഡർക്ക് പ്രാമാണ്യമുണ്ടായിരുന്നുവെന്നു തീർച്ചയാണ്. ദ്രാവിഡ സംസ്കാരം ഒരു കാലത്തു ഇൻഡ്യയൊട്ടുക്കു പരന്നിരുന്നു. ബല്ലൂച്ചിസ്ഥാനിലെ ബ്രാഹുിഭാഷയും, തെലുങ്ക്, തമിഴ്, കർണ്ണാടകം, മലയാളം എന്നീഭാഷകളും തമ്മിലുള്ള ബന്ധം തന്നെ ഇതിനു തെളിവാണ്.

തെക്കെ ഇൻഡ്യയിൽ ദ്രാവിഡരുടെ നേട്ടങ്ങൾ അതിപ്രശസ്തമാണ്. മനോഹരങ്ങളായ പട്ടണങ്ങൾ, ഉറപ്പുള്ള കോട്ടകൾ, രമ്യഹർമ്മ്യങ്ങൾ, ഇവ സാധാരണ കാഴ്ചയായിരുന്നു. കല്ലും കട്ടയുമുപയോഗിച്ചാണ് വലിയ കെട്ടിടങ്ങൾ നിർമ്മിച്ചിരുന്നതു്. നേരിയ വസ്ത്രങ്ങളുടുത്ത്, വെള്ളിയും സ്വർണ്ണവും മുത്തും കൊണ്ടുണ്ടാക്കിയ ആഭരണങ്ങളുമണിഞ്ഞു് അവർ നടന്നിരുന്നു. മാതൃവഴിക്കായിരുന്നു അവരുടെ ദായക്രമം. ജാതിവ്യത്യാസം അവർ അറിഞ്ഞിരുന്നില്ല. കപ്പൽ നിർമ്മാണം നല്ലവണ്ണമു

ങ്ങളായിരുന്നതിനാൽ, വൻതോതിൽ വിദേശങ്ങളുമായി വാണിജ്യത്തിലേർപ്പെട്ടു ധനമാർജ്ജിക്കുന്നതിനും, അടുത്തുള്ള ദ്വീപശകലങ്ങളിൽ കുടിയേറിപ്പാർക്കുന്നതിനും അവക്കു കഴിഞ്ഞു. മരിച്ചവരെ ദ്രാവിഡർ വൻഭരണികളിലാക്കിക്കുഴിച്ചുമൂടുകയാണു് ചെയ്തിരുന്നതു്. തിരുനൽവേലിജില്ലയിൽ ആതിച്ചനെല്ലൂർ എന്ന സ്ഥലത്തു നിന്നു് ഇത്തരം ഭരണികൾ ഇപ്പോൾ ധാരാളം കുഴിച്ചെടുത്തിട്ടുണ്ടു്.

## 4. സിന്ധുതീരപരിഷ്കാരം.

തെക്കെ പഞ്ചാബിലുള്ള ഹാരപ്പാ എന്നസ്ഥലത്തും, സിൻഡിലുള്ള മോഹഞ്ജദാരോ എന്ന സ്ഥലത്തും ഇടക്കാലത്തു് നടത്തിയ ഭൂഗർഭപര്യവേക്ഷണങ്ങളുടെ ഫലമായി ലോഹയുഗത്തിൽ അതിശയകരമായ ഒരു പരിഷ്കാരം അവിടങ്ങളിൽ നിലവിലിരുന്നതായി തെളിഞ്ഞിരിക്കുന്നു. വിശാലങ്ങളായ തെരുവീഥികളും, അവയ്ക്കരുകിൽ, ചുടുകട്ടകൾകൊണ്ടു കെട്ടിപ്പൊക്കി, പരിഷ്കൃതരീതിയിൽ ഓടുകൾ, മടകൾ, കിണറുകൾ, കുളിമുറികൾ മുതലായ സജ്ജീകരണങ്ങൾ ചെയ്തിട്ടുള്ള സൌധങ്ങളുമാണു് മണ്ണു നീക്കിക്കഴിഞ്ഞപ്പോൾ നേത്രഗോചരങ്ങളായിഭവിച്ചതു്. സ്വർണ്ണവും വെള്ളിയും കൊണ്ടുണ്ടാക്കിയ പലവിധ വിശിഷ്ടാഭരണങ്ങളും, ചെമ്പിൽ നിർമ്മിച്ച ആയുധങ്ങൾ, നാണയങ്ങൾ മുതലായവയും, കരുങ്കല്ലിലും വെങ്കലത്തിലും വാർത്തെടുത്ത പ്രതിമകളും ധാരാളം കിട്ടിയിട്ടുണ്ടു്. ഇരുമ്പുകൊണ്ടുള്ള സാധനങ്ങളൊന്നും തന്നെ ഇക്കൂട്ടത്തിൽ കാണാത്തതിനാൽ, ഇരുമ്പിന്റെ ഉപയോഗം ഇക്കാലത്തു് അറിഞ്ഞുകൂടായിരുന്നുവെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. മനുഷ്യരുടെയും മൃഗങ്ങളുടെയും രൂപം അതിമനോഹരമായി കൊത്തിയിട്ടുള്ള അച്ചുകൾ

പലസ്ഥലത്തുനിന്നും എടുത്തിട്ടുണ്ടു്. മൺപാത്രങ്ങളും മൺപ്രതിമകളും കിട്ടിയിട്ടുള്ളതു് ധാരാളമാണു്. അന്നത്തെ ആളുകൾ ഹ്രസ്വകായന്മാരും സ്ഥൂലമായ അധരോഷ്ഠങ്ങളുള്ളവരും, ഇടുങ്ങിവളഞ്ഞ കണ്ണുകളുള്ളവരുമായിരുന്നു എന്നു് ഈ പ്രതിമകളിൽനിന്നു മനസ്സിലാക്കാം. പുരുഷന്മാർ താടിയും മീശയും വളർത്തിയിരുന്നു. ആരോഗ്യപരിപാലനക്രമങ്ങളും ഭവനനിർമ്മാണശാസ്ത്രവും നല്ലവണ്ണമറിഞ്ഞിരുന്ന ശില്പികൾ പണിചെയ്ത വിശാലങ്ങളായ ഭവനങ്ങളിലായിരുന്നു, കൃഷി, കച്ചവടം, നെയ്ത്തു മുതലായ തൊഴിലുകളിലേർപ്പെട്ടു ധാരാളം ധനമാർജ്ജിച്ച ജനങ്ങൾ താമസിച്ചിരുന്നതു്. സ്ത്രീപുരുഷഭേദമെന്യേ ആളുകൾ കഴുത്തിലും കാതിലും കാലിലും ആഭരണങ്ങൾ അണിഞ്ഞിരുന്നു. ഗോതമ്പും, ബാർലിയും, മത്സ്യവും മാംസവും അവരുടെ ആഹാരസാധനങ്ങളിൽ ഉൾപ്പെട്ടിരുന്നു. ആനയും, എരുമയും, ആടും അവർ വീട്ടിൽ വളർത്തിയിരുന്നു. കുന്തം, കവിണു് മുതലായ ആയുധങ്ങൾ പ്രയോഗിച്ചാണു് അവർ യുദ്ധം ചെയ്തിരുന്നതു്. മരങ്ങൾ, മൃഗങ്ങൾ, ജലാശയങ്ങൾ മുതലായവയെ അവർ ഭക്തിപുരസ്സരം പൂജിച്ചിരുന്നു. അതോടുകൂടിത്തന്നെ അവർ ഭൂമിദേവിയേയും പശുപതിയായ ശിവനെയും കൂടി ഭജിച്ചിരുന്നതായി കാണാം. കുഴിച്ചെടുത്തിട്ടുള്ള ചരിത്രാവശിഷ്ടങ്ങളുടെ കൂട്ടത്തിൽ ചില ശിവലിംഗങ്ങളുമുൾപ്പെട്ടിട്ടുണ്ടു്. മുദ്രയച്ചുകളിൽ കാണുന്ന ചിത്രങ്ങൾ ഒരുതരം അക്ഷരങ്ങളാണു്. വിശാലമായ കൽപ്പടികളോടുകൂടി വിശേഷമായി കെട്ടിയിട്ടുള്ള ഒരു കുളവും അതിനടുത്തു് ഒരു വിശ്രമമണ്ഡപവും മോഹഞ്ജദാരോവിൽ കണ്ടെത്തിയ വസ്തുക്കളുടെ കൂട്ടത്തിലുൾപ്പെടുന്നുണ്ടു്.

ബി.സി. 4000-നും 3000-നും മദ്ധ്യേയുള്ള കാലത്തു് ഇത്രയും പരിഷ്കൃതമായി ജീവിതം നയിച്ച ആള

കർ ആരാണെന്നുള്ളതു് ഇതുവരെ നിശ്ചയമായിട്ടില്ല. എങ്കിലും, പിൽക്കാലത്തു് ഇൻഡ്യയിലുണ്ടായ ആര്യസംസ്കാരത്തിൽ നിന്നു് ഇതു വളരെ വിഭിന്നമാണെന്നുള്ളതു കൊണ്ടു്, ഇതിനെ, ഒരു 'അനാര്യസംസ്കാരം' എന്നു ചരിത്രകാരന്മാർ തീർത്തുപറഞ്ഞിട്ടുണ്ടു്. ഈ അനാര്യന്മാർ ദ്രാവിഡർ തന്നെ ആയിരിക്കണം. എന്തെന്നാൽ ലോഹയുഗത്തിൽ അവരല്ലാതെ മററു പരിഷ്കൃതജനങ്ങൾ ഇൻഡ്യയിലുണ്ടായിരുന്നില്ല. തെക്കെഇൻഡ്യയിലെ ദ്രാവിഡസംസ്കാരത്തിനു് മോഹഞ്ജദാരോയിലെ സംസ്കാരവുമായി അടുത്ത സാമ്യവുമുണ്ടല്ലോ.

## അദ്ധ്യായം 3

# ആര്യന്മാർ

### 1. ആര്യന്മാരുടെ ആഗമനം

ബി. സി. 2000 മുതൽ തൊട്ടു് ആര്യന്മാരെന്നൊരു വർഗ്ഗക്കാർ ഇൻഡ്യയിൽ പ്രവേശിച്ചു. എവിടെ നിന്നാണു് ഇവർ ഇൻഡ്യയിൽ വന്നതെന്നുള്ളതിനെപ്പററി പലരും പല അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടു്. വെളിയിൽനിന്നുവന്ന ഒരു വർഗ്ഗമേ അല്ല, അവർ ഇൻഡ്യയിൽ ജനിച്ചുവളൎന്നവരാണെന്നുതന്നെ വിചാരിച്ചിരുന്നവരുമുണ്ടു്. ഈ അഭിപ്രായത്തിനു് ഇന്നു തീരെ പ്രചാരമില്ല. ആർട്ടിക് സമുദ്രതീരത്താണു് ആര്യന്മാരുടെ ഉല്പത്തിസ്ഥാനമെന്നു ചില പണ്ഡിതന്മാരും, മദ്ധ്യഏഷ്യയിലാണതെന്നു മററു ചിലരും വാദിച്ചിട്ടുണ്ടു്. എന്നാൽ, ഏഷ്യയ്ക്കും യൂറോപ്പിനുമിടയ്ക്കായിട്ടു്, തെക്കെ റഷ്യയിലുള്ള പുൽപ്രദേശത്തായിരിക്കണം ഇവർ ആദ്യം

താമസിച്ചിരുന്നതെന്നാണ് ഇന്നത്തെ ചരിത്രകാരന്മാരിൽ ഭൂരിപക്ഷവും വിശ്വസിച്ചിരിക്കുന്നത്.

യൂറോപ്പിലെയും ഇൻഡ്യയിലെയും ജനങ്ങളിലധികവും ആര്യവർഗ്ഗത്തിൽപ്പെട്ടവരാണ്. കന്നുകാലികളെ പോററി കാലയാപനം ചെയ്തിരുന്ന ആര്യന്മാർ പുൽപ്രദേശങ്ങൾ തേടി നാനാദിക്കുകളിലേക്കും പ്രയാണം ചെയ്തിരുന്നു. ഇങ്ങനെ ഏഷ്യാമൈനർ, മെസൊപൊട്ടേമിയാ എന്നീ സ്ഥലങ്ങളിൽ പ്രവേശിച്ച്, അവർ കാലക്രമത്തിൽ അവിടെ ചെറുരാജ്യങ്ങൾ സൃഷ്ടിച്ചു. അനന്തരം ഇവരിൽ ചിലർ പേർഷ്യയിലേക്കും, മററുള്ളവർ അഫ്ഘാനിസ്ഥാൻവഴി ഇൻഡ്യയിലേക്കും കടന്നു. ഇൻഡ്യയിൽ പ്രവേശിച്ച ആര്യന്മാരെ 'ഇൻഡൊ-ആര്യന്മാർ' എന്നു പറഞ്ഞുവരുന്നു. ഇൻഡ്യയിൽ പ്രവേശിക്കുന്നതിനു മുമ്പു തന്നെ ആര്യന്മാർ മിത്രൻ, വരുണൻ, ഇന്ദ്രൻ, നാസത്യന്മാർ മുതലായ ദേവതകളെ പൂജിച്ചിരുന്നു. സൊറാസ്റ്റർ എന്ന മതാചാര്യൻെറ കാലം വരെ പെർഷ്യയിലെ ആര്യന്മാരും ഈ ദേവതകളെത്തന്നെയാണ് ഭജിച്ചിരുന്നതെന്നതിനും തെളിവുകളുണ്ട്.

## 2. പഞ്ചാബിലെ ജീവിതരീതി.

വടക്കു പടിഞ്ഞാറുള്ള വഴികളിൽക്കൂടി, പല ചെറിയ സംഘങ്ങളായി, ത്തുരുത്തുരെ, ഇൻഡ്യയിൽ പ്രവേശിച്ച ആര്യന്മാർ, ആദ്യമായി സിന്ധു നദീ പ്രാന്തങ്ങളിൽ താമസമായി. അധികം കഴിയുന്നതിനു മുമ്പ് അവർ രചിച്ച ഋഗ്വേദത്തിൽനിന്നും പഞ്ചാബിൽ താമസിച്ചിരുന്ന കാലം അവർക്കുണ്ടായിരുന്ന ദിനചര്യ, രാഷ്ട്രീയജീവിതം, മതാചാരങ്ങൾ, എന്നിവ നമുക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതുവരെ അലഞ്ഞുതിരിഞ്ഞിരുന്ന ആര്യന്മാർ, ഇക്കാലത്തു മരവും മുളയും കൊണ്ടുണ്ടാക്കിയ കെട്ടിട

ങ്ങളിൽ സ്ഥിരമായി താമസിച്ചുതുടങ്ങി. വളരെ സുന്ദരമായ രീതിയിലായിരുന്നു അവരുടെ കുടുംബജീവിതം. ഗൃഹവും അതിലെ അംഗങ്ങളും ഗൃഹനാഥൻെറ ആജ്ഞയ്ക്കു പരിപൂൎണ്ണമായും വിധേയമായിരുന്നു. എങ്കിലും, ഗൃഹനാഥയുടെ സ്ഥാനം ഒരു മഹാറാണിയുടെതായിരുന്നു. ഭൎത്താവിനോടൊന്നിച്ചു് അവർ സകല യാഗങ്ങളിലും അടിയന്തിരങ്ങളിലും, സൎവ്വാഭരണഭൂഷിതയായി, പങ്കുകൊണ്ടിരുന്നു. സ്ത്രീകൾ പൊതുവെ വിദ്യാസമ്പന്നരായിരുന്നു എങ്കിലും, വീട്ടുകാൎയ്യങ്ങൾ വെടിപ്പായി ചെയ്തുതീൎക്കുന്നതിൽ ഔത്സുക്യം കാണിച്ചിരുന്നു. സാധാരണ ഒരുവനു് ഭാൎയ്യ ഒന്നുമാത്രമ ആകാവൂ എന്നിരുന്നെങ്കിലും, രാജാക്കന്മാർ, തലവന്മാർ മുതലായവർ ഒന്നിലധികം ഭാൎയ്യമാരെ സ്വീകരിച്ചിരുന്നു. വിധവകളെ പുനർവിവാഹം ചെയ്യിക്കുക പതിവായിരുന്നില്ല. സതി പലപ്പോഴും നടപ്പുണ്ടായിരുന്നു എങ്കിലും, നിർബ്ബന്ധമല്ലായിരുന്നു. സാധാരണ, പാലും ഗോതമ്പും ബാർളിയും മാത്രമായിരുന്നു ആഹാരമെങ്കിലും, അടിയന്തിരവേളകളിൽ അവർ ധാരാളം മാംസവും കഴിച്ചിരുന്നു. ദേവപൂജയ്ക്കു് സോമം, സുര എന്നീ മദ്യങ്ങൾ ഉപയോഗിക്കുകയും, അതിനുശേഷം അവ പാനംചെയ്യുകയും സാധാരണയായിരുന്നു. വിശ്രമവേളകളിൽ നാട്യം, സംഗീതം, ചൂതുകളി എന്നീ വിനോദങ്ങളിൽ ഏർപ്പെട്ടും, നായാട്ടു്, തേർപന്തയം എന്നിവയിലുൾപ്പെട്ടും അവർ ഉത്സാഹമായി ജീവിച്ചിരുന്നു. കൃഷിയും കൈയ്ത്തൊഴിലുകളും അവർക്കറിയാമായിരുന്നു. വസ്ത്രങ്ങൾ, ചെമ്പുപാത്രങ്ങൾ, സ്വൎണ്ണമാലകൾ എന്നിവ അവർ ഭംഗിയായി നിർമ്മിച്ചിരുന്നു. പശുക്കളെ ദൈവത്തിനു തുല്യമായിട്ടാണു് അവർ കരുതിയിരുന്നതു്. ഒരാളിൻെറ ധനസ്ഥിതി പശുക്കളുടെ എണ്ണം കൊണ്ടാണു് നിശ്ചയിച്ചിരുന്നതു്. മരിച്ചവരെ ദഹിപ്പിച്ചശേഷം അവശേഷം പാത്ര

ങ്ങളിലാക്കി സൂക്ഷിച്ചിരുന്നു. വിഗ്രഹാരാധന അവക്കറിഞ്ഞുകൂടായിരുന്നു.

അപ്പഴപ്പോഴായി ഇൻഡ്യയിൽ പ്രവേശിച്ച ശാഖകളോരോന്നും പ്രത്യേകമായ ഓരോ പ്രജാധിപന്മാരുടെ ആജ്ഞയ്ക്കു വിധേയമായിരുന്നു ഭരതന്മാർ, പൗരവന്മാർ മുതലായവർ ഇങ്ങനെയുള്ള പ്രത്യേക ശാഖകളായിരുന്നു. ഓരോ ശാഖയിലും പല കുടുംബങ്ങളുണ്ടായിരുന്നു. ഒരു കുടുംബത്തിൽ കുടുംബനാഥനുണ്ടായിരുന്ന സ്ഥാനം, ഒരു ശാഖയിൽ ശാഖാനാഥനുമുണ്ടായിരുന്നു. ഒരു രാജാവിന്റെ കീഴിൽ ഇങ്ങനെയുള്ള അനവധി ശാഖകൾ ഉണ്ടായിരുന്നതായി കാണാം. രാജാധികാരം ജനസമിതികളും സഭകളും മൂലം പരിമിതമാക്കിയിരുന്നു. പുരോഹിതന്മാക്കും രാജാക്കന്മാരുടെ മേൽ വലിയ സ്വാധീനതയുണ്ടായിരുന്നു. രാജ്യത്തെ ശത്രുക്കളിൽ നിന്നു രക്ഷിക്കുവാൻവേണ്ടി യുദ്ധം ചെയ്യുകയും, ജനക്ഷേമത്തിനായി യാഗങ്ങൾ നടത്തുകയുമായിരുന്നു രാജാക്കന്മാരുടെ പ്രധാന കർത്തവ്യം. യുദ്ധം ചെയ്യുവാനുപയോഗിച്ചിരുന്ന ആയുധങ്ങൾ അമ്പും വില്ലും ഇരുട്ടിയും കുന്തവുമാണു്.

ആര്യന്മാക്ക് പലപ്പോഴും നാട്ടുകാരായ ദ്രാവിഡന്മാരോടും പൊരുതേണ്ടതായി വന്നിരുന്നു. 'ദസ്യു'ക്കളെന്നാണു് അവർ ദ്രാവിഡരെ വിളിച്ചിരുന്നതു്. തോല്പിച്ചു നശിപ്പിക്കുവാൻ സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ ആര്യന്മാർ അവരുമായി വിവാഹബന്ധത്തിലേർപ്പെടുകയും ഞങ്ങനെ അവരുടെ വർഗ്ഗീശുദ്ധി നശിക്കുകയും ചെയ്തു.

3. <u>ഉത്തരേൻഡ്യയിലേക്കുള്ള നീക്കം</u>

മിശ്രവിവാഹംമൂലം പഞ്ചാബിലെ ആര്യസമുദായം വേഗത്തിൽ വിപുലമായിത്തീൻ. വിദേശങ്ങളിൽനിന്നു

വന്ന യദു, തുർവസു തുടങ്ങിയ മററു ചില വർഗ്ഗക്കാരേയും അവർ ക്രമേണ ആര്യസമുദായത്തിലുൾപ്പെടുത്തി. ഇങ്ങനെ സംഖ്യാബലം വർദ്ധിച്ചതോടുകൂടി പഞ്ചാബിൽനിന്നും ആര്യന്മാർ ഇൻഡ്യയുടെ പൂർവ്വദക്ഷിണ പ്രദേശങ്ങളിലേക്കു നീങ്ങുവാൻ തുടങ്ങി. ഉത്തരേൻഡ്യയിലേയും രാജപുട്ടാണയിലേയും ദ്രാവിഡന്മാരെ തോല്പിച്ചു കീഴടക്കി, ആര്യന്മാർ അവിടെ ഒരു 'ആര്യാവർത്തം' സൃഷ്ടിച്ചു. സരസ്വതി നദിയുടേയും ഗംഗാ നദിയുടേയും ഇടയ്ക്കു് അവർ ചില പ്രധാന ആര്യരാജ്യങ്ങൾ സ്ഥാപിച്ചു. ഋഗ്വേദ കാലത്തു് പേരുപോലും കേട്ടിട്ടില്ലാത്തതായ കുരു, പാഞ്ചാലർ എന്നീ വർഗ്ഗക്കാരാണു് ഇക്കാലത്തു് പ്രാമാണ്യം വഹിച്ചു കാണുന്നതു്. കാശിക്കു കിഴക്കു് അവർ കടന്നതായി പറയാൻ നിവൃത്തിയില്ല. ദക്ഷിണബീഹാർ, ബംഗാൾ, ഒറിസ്സാ എന്നീ കിഴക്കൻ പ്രദേശങ്ങളോ വിന്ധ്യ പർവ്വതങ്ങൾക്കു തെക്കുള്ള സ്ഥലങ്ങളോ ഇക്കാലത്തു് അവക്കധീനമായിത്തീർന്നില്ല.

ആര്യാവർത്തത്തിലെ ദ്രാവിഡന്മാർ ആര്യന്മാരുടെ മതവും ജീവിതരീതിയും കാലക്രമത്തിൽ സ്വീകരിച്ചു. അതിൻെറ ഫലമായി അതിപ്രധാനങ്ങളായ ചില മാററങ്ങൾ ആര്യന്മാരുടെ സാമുദായിക ജീവിതത്തിലുണ്ടായി. പഞ്ചാബിൽ വച്ചുതന്നെ തൊഴിലനുസരിച്ചു് ആര്യന്മാരുടെ പുരോഹിതന്മാർ ബ്രാഹ്മണരും, യുദ്ധസേവനത്തിലേർപ്പെട്ടിരുന്നവർ ക്ഷത്രിയരും, കൃഷിയിലും കൈയ്ത്തൊഴിലുകളിലുമേർപ്പെട്ടിരുന്നവർ വൈശ്യരുമായി കരുതപ്പെട്ടിരുന്നു. തോല്പിച്ചു കീഴടക്കിയ ദ്രാവിഡന്മാരെ ഇക്കാലത്തു് ശൂദ്രന്മാരെന്നു് നിർദ്ദേശിച്ചുകൊണ്ടു്, മടവേലചെയ്യുവാൻ ആര്യന്മാർ നിയോഗിച്ചു. പഞ്ചാബിലെ താമസകാലത്തു് കേവലം തൊഴിൽപരമായി മാത്രം നടപ്പിലിരുന്ന ഈ വ്യത്യാസം ആര്യഗതത്തിൽവച്ചു് 'ജാതി'

വ്യത്യാസമായി രൂപാന്തരപ്പെട്ടു. എന്നാൽ, ഈ സമയത്തു്, ആൎയ്യമതാനുവൎത്തികളായ ദ്രാവിഡരുടെ പുരോഹിതന്മാരെ ബ്രാഹ്മണരായും, യോദ്ധാക്കളായ ദ്രാവിഡരെ ക്ഷത്രിയരായും, കച്ചവടക്കാരെയും കൃഷിക്കാരേയും വൈശ്യരായും ഗണിച്ചുകൊണ്ടു്, ബാക്കിയുള്ളവരെ മാത്രം ശൂദ്രരായിക്കരുതുകയാണുണ്ടായതു്. ഇതുനിമിത്തം, ആൎയ്യദ്രാവിഡ വൎഗ്ഗവ്യത്യാസം മിക്കവാറും ഇക്കാലത്തു് നശിച്ചതായി പറയാം. ദ്രാവിഡദേവതകളായ ശിവനും ദേവിയും ആൎയ്യമതത്തിലെ ആരാധനാമൂൎത്തികളോടു തുല്യസ്ഥാനം നൽകി, ആൎയ്യന്മാർ സ്വീകരിച്ചതോടുകൂടി, ആൎയ്യദ്രാവിഡസങ്കരം പൂൎത്തിയായതായിപ്പറയാം. ആൎയ്യാവൎത്തം അന്നുമുതൽ ഒരു 'ഹിന്ദുസ്ഥാന'മായി മാറി. ചതുൎവൎണ്ണവ്യത്യാസങ്ങൾ ഇതിനുശേഷം പ്രബലമായി വളൎന്നു. വേദാഭ്യാസം ചെയ്യും മതകൎമ്മങ്ങളിലേൎപ്പെട്ടും മാത്രം കഴിഞ്ഞ പുരോഹിതരായ ബ്രാഹ്മണർ അല്പകാലംകൊണ്ടു മററുള്ളവരിൽനിന്നും സവിശേഷം വ്യത്യസ്തരായിത്തീൎന്നു്, ഒരു പ്രത്യേക ജാതിയായി മാറി. വേദങ്ങൾ ദേവമുഖത്തിൽ നിന്നുല്പദിച്ചിട്ടുള്ളവയാണെന്നും അവർ സ്ഥാപിക്കുവാൻ യത്നിക്കുകയായി. ക്ഷത്രിയജാതിയിൽപെട്ട രാജാക്കന്മാരും സാമ്രാജ്യസ്ഥാപനാൎത്ഥമുള്ള യത്നങ്ങളാരംഭിച്ചു. രാജസൂയം, അശ്വമേധം എന്നീ യാഗങ്ങളും മഹാഭാരത യുദ്ധവും ഇങ്ങനെയുണ്ടായവയാണു്.

## 4. വൈദികസാഹിത്യവും അതിന്റെ ചരിത്രപ്രാധാന്യവും

### 1. വേദങ്ങൾ

ഇൻഡ്യയിൽ വന്നെത്തിയ ആൎയ്യന്മാർ ആദ്യമായി നിൎമ്മിച്ച മതഗ്രന്ഥങ്ങളാണു് വേദങ്ങൾ. ഋക്, യജുസ്സ്, സാമം, അഥൎവം എന്നു വേദങ്ങൾ നാലാണു്. ഇന്ദ്രൻ,

വരുണൻ, വായു, അഗ്നി, സൂര്യൻ, തുടങ്ങിയ അന്നത്തെ ആരാധ്യദേവതകളെപ്പററിയുള്ള സ്തോത്രങ്ങളാണു് ഓരോ വേദത്തിലുമുള്ളതു്. ഓരോ ഗാനത്തെയും ഒരു 'സൂക്തം'മെന്നു പറയുന്നു. ഋഗ്വേദത്തിൽ ഇങ്ങനെയുള്ള ആയിരത്തിൽപ്പരം സൂക്തങ്ങളുണ്ടു്. ഓരോ വേദത്തിലെയും സൂക്തങ്ങളടങ്ങിയ ഭാഗത്തെ 'സംഹിത' യെന്നു പറയുന്നു. ഈ സംഹിതകളുടെ ഗദ്യരൂപത്തിലുള്ള വ്യാഖ്യാനങ്ങളെയാണു് 'ബ്രാഹ്മണങ്ങൾ' എന്നു പറയുന്നതു്. ഇവയിൽ ചില ഭാഗങ്ങൾ ആരണ്യത്തിൽ വച്ചുമാത്രമേ പഠനംചെയ്യുവാൻ പാടുള്ളു എന്നു് നിഷ്കർഷിച്ചിട്ടുള്ളവയാണു്. അങ്ങനെയുള്ള ഭാഗങ്ങളാണു് ആരണ്യകങ്ങൾ. വേദസാരങ്ങളാണു് ഉപനിഷത്തുകൾ എന്നറിയുന്നവ.

വേദങ്ങൾ ഋഷിപ്രോക്തങ്ങളാണു്. വസിഷ്ഠൻ, വിശ്വാമിത്രൻ, അത്രി, അഗസ്ത്യൻ, ജമദഗ്നി മുതലായ മഹർഷിമാർ രചിച്ചിട്ടുള്ളവയാണു് അവയിലെ സൂക്തങ്ങൾ. എന്നാൽ ദേവമുഖത്തുനിന്നും അവക്കു് ശ്രുതിയായി ലഭിച്ചിട്ടുള്ള വിജ്ഞാനമെന്ന നിലയ്ക്കു് അവയെ 'ശ്രുതി' സാഹിത്യമെന്നും വ്യവഹരിക്കുന്നുണ്ടു്. ആര്യന്മാർ പഞ്ചാബിൽ താമസിച്ചിരുന്ന കാലത്താണു് അവയെ നാലായി തരംതിരിച്ചു് ചിട്ടപ്പെടുത്തിയതെന്നു കരുതപ്പെടുന്നു. മിക്കവാറും ബി. സി. 2000-നും 1500-നും ഇടയ്ക്കുള്ള കാലത്തായിരിക്കണം ഇപ്രകാരം ചെയ്തിട്ടുള്ളതു്.

ഋഗ്വേദസംഹിതയിൽ ഏററവും പഴക്കംചെന്ന സൂക്തങ്ങളാണടങ്ങിയിരിക്കുന്നതു്. ആര്യന്മാർ പഞ്ചാബിൽ താമസിച്ചിരുന്ന കാലത്തെ ചരിത്രം അതിൽ നിന്നു വളരെ വ്യക്തമായി നമുക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. പഞ്ചാബിൽ നിന്നു് അവർ ഉത്തര ഇൻഡ്യയിലേയ്ക്കു് നീങ്ങിത്തുടങ്ങിയശേഷമുള്ള സംഭവങ്ങൾ

യജുർവേദത്തിൽ നിന്നു നമുക്കു മനസ്സിലാക്കാം. ചരിത്രപരമായി ഈ രണ്ടു സംഹിതകളും വളരെ വിലയേറിയവയാണു്. സാമവേദത്തിൽ, സോമയാഗത്തെപ്പറ്റിയുള്ള വിവരങ്ങളും അഥർവ്വവേദത്തിൽ, ആര്യന്മാർ പഞ്ചാബിൽ പ്രവേശിക്കുന്നതിനുമുമ്പേ സ്വീകരിച്ചിരുന്ന മന്ത്രവാദങ്ങളും മരുന്നു പ്രയോഗങ്ങളുമടങ്ങിയിരിക്കുന്നു. ഇവ നമുക്കു പ്രയോജനരഹിതമാണെന്നു പറയേണ്ടതില്ലല്ലോ.

ബ്രാഹ്മണങ്ങൾ ഏതാണ്ടു് ബി. സി. 1000 ത്തിനടുത്തു് എഴുതി ചേർത്തിട്ടുള്ളവയാണു്. അതിനാൽ, ഗംഗാപ്രാന്തങ്ങളിലേയ്ക്കു പ്രവഹിച്ച ആര്യന്മാരുടെ ജീവിതത്തെപ്പററി അവ നമുക്കു് വിലയേറിയ അറിവുതരുന്നുണ്ടു്. വിന്ധ്യപർവതത്തിനപ്പുറമുള്ള വർഗ്ഗക്കാരെപ്പററിയും നമുക്കു ചില അറിവുകൾ അവയിൽ നിന്നു ലഭിക്കുന്നു.

ഉപനിഷത്തുകളുടെ കാലം ബ്രാഹ്മണങ്ങളുടെ കാലം കഴിഞ്ഞാണു്. മിക്കവാറും ബി. സി. 600 ആണ്ടോടുകൂടിയാണു് ഉപനിഷത്തുകൾക്കു രൂപം നൽകിയതെന്നുപറയാം. ഹൈന്ദവതത്വങ്ങളുടെ ഒരു നിലവറയെന്ന നിലയിലാണു് പ്രധാനമായി ഉപനിഷത്തുകളെ വിലമതിച്ചുവരുന്നതു്. പണ്ഡിതന്മാരായ ബ്രാഹ്മണരുടേയും ക്ഷത്രിയരുടേയും സത്യാന്വേഷണപരമായ ചിന്തനത്തിന്റെ ഫലമായി അവരിൽ സഞ്ജാതമായ സംശയങ്ങളും അവയുടെ നിവാരണാർത്ഥം പുറപ്പെടുവിച്ചിട്ടുള്ള വ്യാഖ്യാനങ്ങളുംകൊണ്ടു് നിറഞ്ഞിരിക്കുന്ന ഉപനിഷത്തുകൾ ഹിന്ദുമതത്തിലെ അതിമഹത്തായ ഒരു വിജ്ഞാനഭണ്ഡാഗാരമാണു്. ചില ഹൈന്ദവതത്വങ്ങൾക്കെതിരായി പ്രബലമായ അഭിപ്രായങ്ങൾ തത്വചിന്തകരിൽ ചില

ക്കെങ്കിലും ഇക്കാലത്തുണ്ടായി എന്നും, മതപരമായ ഈ അഭിപ്രായവ്യത്യാസങ്ങൾ അവരുടെ മനസ്സിനെ വ്യാകുലപ്പെടുത്തിയിരുന്നുവെന്നും നമുക്കു് ഇതിൽനിന്നു മനസ്സിലാക്കാം.

## 2. ഇതിഹാസങ്ങൾ.

രാമായണവും മഹാഭാരതവുമാണു് നമ്മുടെ ഇതിഹാസങ്ങൾ. ഇവയിലെ കഥാസാരം വളരെ പുരാതന സംഭവങ്ങളാണെങ്കിലും, ഇന്നുകാണുന്നരൂപത്തിൽ അവയെ ചിട്ടപ്പെടുത്തിയതു് മിക്കവാറും ബി. സി. 400-നും എ. ഡി. 200-നും ഇടയ്ക്കാണു്. രാമായണകർത്താവു് വാല്മീകിയാണു്. മഹാഭാരതത്തെക്കാൾ രാമായണത്തിനു പഴക്കംകൂടുമെന്നുള്ളതിൽ അഭിപ്രായവ്യത്യാസമില്ല. പക്ഷെ, ഈ രണ്ടു ഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിരിക്കുന്ന സാമൂഹ്യവ്യവസ്ഥ ഏകദേശം ഒന്നുതന്നെയാണു്.

വേദകാലത്തിലെ ദേവതകളായ മരുത്തു്, വരുണൻ, അഗ്നി എന്നിവരിൽ ആരെയും ഇക്കാലത്തു് അധികം ആരാധിച്ചു കാണുന്നില്ല. ബ്രഹ്മാവു്, വിഷ്ണു, ശിവൻ എന്നീ ത്രിമൂർത്തികളും, ഗണപതി, പാർവ്വതി തുടങ്ങി ചില പുതിയ ദേവതകളും ഹിന്ദുമതത്തിൽ സ്ഥാനംപിടിച്ചുകഴിഞ്ഞിരുന്നു. അഹിംസാതത്വം ക്രമേണ ജനങ്ങളുടെ ഇടയിൽ വളൎന്നുവന്നു. കർമ്മഫലത്തിലും പുനർജ്ജന്മത്തിലും ആളുകൾക്കു വലിയ വിശ്വാസമുണ്ടായിരുന്നു. ജാതിവ്യത്യാസം പ്രബലമായിക്കഴിഞ്ഞു. സ്ത്രീകൾ ഭർത്താവിനെ സ്വയമായി സ്വീകരിച്ചിരുന്നുവെന്നു് 'സ്വയംവര'ങ്ങൾ തെളിയിക്കുന്നു.

രാഷ്ട്രീയജീവിതത്തിലും വലിയ മാററങ്ങൾ ഇതിഹാസകാലത്തുണ്ടായതായിക്കാണുന്നു. വിസ്താരമേറിയ രാജ്യങ്ങളും, അവയെ പിൻവാഴ്ചപ്രകാരം ഭരിച്ചിരുന്ന രാജവംശങ്ങളും ഇക്കാലത്തുണ്ടായിരുന്നു. പാഞ്ചാലം, വിദേ

ഹം, കോസലം, മഗധം, കാശി, മുതലായവ ഇത്തരമുള്ള വലിയ രാജ്യങ്ങളായിരുന്നു. ജനാധിപത്യപരമായ 'റിപ്പബ്ലിക്ക'കളും ഇതിനിടയിൽ ചിലതുണ്ടായിരുന്നു എന്നതു് പ്രത്യേകം ഓൎക്കേണ്ടതാണു്. ദിഗ്‌വിജയം നടത്തിയശേഷം, രാജസൂയവും അശ്വമേധവും കഴിച്ചു് സമ്രാട്ടാകുവാൻ ചില രാജാക്കന്മാർ ചെയ്ത ശ്രമങ്ങളിൽ നിന്നു് സാമ്രാജ്യചിന്ത വളൎന്നുവന്നതായും അനുമാനിക്കാം.

3. പുരാണങ്ങൾ.

ഇതിഹാസങ്ങളെപ്പോലെ പ്രാധാന്യമേറിയ ഗ്രന്ഥങ്ങളാണു പുരാണങ്ങൾ. ആകെ പതിനെട്ടു പുരാണങ്ങളാണുള്ളതു്. വളരെ മുൻപുള്ള കാലത്തെ കാൎയ്യങ്ങളാണു് അവയിലെ പ്രതിപാദ്യവിഷയം. അവയെ ക്രമീകരിച്ചു രൂപംകൊടുത്തതു് എ. ഡി. 4-ാം ശതകത്തിലാണെന്നു പറയാം. എന്തെന്നാൽ വായുപുരാണം, വിഷ്ണുപുരാണം, മത്സ്യപുരാണം, ബ്രഹ്മാണ്ഡപുരാണം, എന്നിവയിൽ ഗുപ്തരാജാക്കന്മാരെപ്പററി പ്രതിപാദിച്ചിരിക്കുന്നു. പുരാണങ്ങളിൽ കാണുന്ന വംശാവലികൾ ചരിത്രപഠനത്തിനു വളരെ പ്രയോജനപ്പെട്ടിട്ടുണ്ടു്.

4. സൂത്രങ്ങൾ.

വേദങ്ങളെ 'ശ്രുതി' എന്നു കരുതുന്നതുപോലെ, സൂത്രങ്ങളെ 'സ്മൃതി' എന്നു കരുതുന്നു. വൈദികകൎമ്മങ്ങൾക്കുവേണ്ട നിൎദ്ദേശങ്ങളും മററും നൾകുകയെന്നതാണു് ഇവ കൊണ്ടുദ്ദേശിച്ചിരിക്കുന്നതു്. ഓൎമ്മയിൽ നില്ക്കത്തക്ക രീതിയിൽ വളരെ ചുരുങ്ങിയ ഭാഷയിലാണു് ഈ സൂത്രങ്ങൾ രചിച്ചിട്ടുള്ളതു്. ശിക്ഷ, ഛന്ദസ്സ്, വ്യാകരണം, നിരുക്തം, കല്പം, ജ്യോതിശ്ശാസ്ത്രം എന്നു് ആറു 'വേദാംഗങ്ങൾ' ഉണ്ടു്. ഇവയെ സൂത്രരീതിയിൽ പ്രതിപാ

ിച്ചിരിക്കുന്നു. ഹിന്ദുക്കളുടെ നീതിശാസ്ത്രമായ 'മനുസ്മൃതി' യുടെ അടിസ്ഥാനം ധർമ്മസൂത്രങ്ങളാണ്.

5. ഉപവേദങ്ങൾ.

ആയുർവേദം, ധനുർവ്വേദം, ഗാന്ധർവ്വവേദം, അർത്ഥശാസ്ത്രം എന്നിവയെപ്പററിയുള്ള ഗ്രന്ഥങ്ങളെ ഉപവേദങ്ങളെന്ന് പറഞ്ഞുവരുന്നു. ഇവ ആര്യന്മാരുടെ നേട്ടങ്ങളുടെ മാഹാത്മ്യത്തിനു തെളിവാണ്.

അദ്ധ്യായം 4

# ബുദ്ധമതവും ജൈനമതവും

1. പുതിയ മതങ്ങളുടെ ആവിർഭാവത്തിനുള്ള കാരണങ്ങൾ.

ഹൈന്ദവ മതത്തിലെ പല പ്രധാനതത്വങ്ങളോടും യോജിക്കുവാൻ നിവൃത്തിയില്ലാതെ ആത്മനിർവൃതിക്കായി മററു മാർഗ്ഗങ്ങളാരാഞ്ഞുതുടങ്ങിയ തത്വചിന്തകന്മാരുടെ ഒരു കാലമായിരുന്നു, ബി. സി. ആറാംശതകം. യാഗങ്ങൾക്കും മററും നൽകിയിരുന്ന അമിതമായ പ്രാധാന്യവും തന്മൂലം ബ്രാഹ്മണർ ഭാവിച്ചിരുന്ന അനർഹമായ മേധാവിത്വവും വളരെപ്പേർക്കിഷ്ടപ്പെട്ടിരുന്നില്ല. ഇതിൽ ഏറിയ കൂട്ടരും ക്ഷത്രിയരായിരുന്നു. ഹൈന്ദവ മതത്തിലെ ന്യൂനതകളെ പരിഹരിച്ച് അതിനെ ശുദ്ധീകരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവർ പ്രവർത്തനമാരംഭിച്ചു. ഇങ്ങനെയുണ്ടായ മതപരിഷ്കരണശ്രമങ്ങളിൽ പ്രധാനമായവയാണ് ബുദ്ധമതവും, ജൈനമതവും.

## 2. ഗൌതമബുദ്ധനും ബുദ്ധമത സിദ്ധാന്തങ്ങളും.

കപിലവസ്തുവിലെ ശാക്യരാജാവായ ശുദ്ധോദനന്റെയും അദ്ദേഹത്തിന്റെ പട്ടമഹിഷിയായ മായാദേവിയുടെയും പുത്രനായി ബി. സി. 567-ൽ ജനിച്ച സിദ്ധാർത്ഥനെന്ന രാജകുമാരനാണു് ബുദ്ധമതസ്ഥാപകൻ. ജനനം



ശ്രീബുദ്ധൻ

കഴിഞ്ഞു ഏഴു ദിവസമായപ്പോൾത്തന്നെ മാതാവു് മരിച്ചു വെങ്കിലും, സുഖഭോഗങ്ങൾക്കൊന്നും കുറവില്ലാതെ വളൎന്നു വന്ന ആ ശാക്യസിംഹം, തൻെറ ഇരുപത്തിഒൻപതാമത്തെ വയസ്സിൽ ഭാൎയ്യയായ യശോധരയേയും പുത്രനായ രാഹുലനേയും ഉപേക്ഷിച്ചിട്ടു്, നാട്ടിലിറങ്ങി, സന്യാസിവേഷത്തിൽ അലഞ്ഞുതിരിയുവാൻ തുടങ്ങി. ചെറുപ്രായത്തിലേ ഗൌതമൻ ചിന്താശീലനും ഇഹലോക സുഖങ്ങളിൽ ആസക്തിയില്ലാത്തവനുമായിരുന്നു. വാൎദ്ധക്യം, സുഖക്കേടു്, മരണം മുതലായവയുടെ കാഴ്ച, അദ്ദേഹത്തിൻെറ മനസ്സിനെ ഇളക്കുന്നതിനു പൎയ്യാപ്തമായി. മനുഷ്യരുടെ കഷ്ടപ്പാടുകളെ നിവാരണം ചെയ്യുവാൻ എന്തെങ്കിലുമൊരു മാൎഗ്ഗം കണ്ടുപിടിക്കണമെന്നുള്ള ആഗ്രഹമാണു് അദ്ദേഹത്തെ ഒരു ത്യാഗിയാക്കിത്തീൎത്തതു്. കുറെ നാളത്തെ ശാസ്ത്രാഭ്യസനവും, അതിനുശേഷം അല്പകാലത്തെ ഘോരമായ തപസ്സും കഴിഞ്ഞു്, ഒരു ദിവസം, 'ഗയ' എന്ന സ്ഥലത്തുള്ള ഒരു വടവൃക്ഷത്തിൻെറ ചുവട്ടിൽ, ചിന്തയിൽ മുഴുകിയിരിക്കവേ, പെട്ടെന്നു ദൈവീകമായ ഒരു വെളിച്ചം കിട്ടിയതായി അദ്ദേഹത്തിനു ബോധ്യപ്പെട്ടു. അന്നുമുതൽ ശാക്യമുനി, 'ബുദ്ധ'നായിത്തീൎന്നു. സാരാനാഥത്തു നിന്നാരംഭിച്ചു്, മഗധയിലും അതിനടുത്തുള്ള പ്രദേശങ്ങളിലും നാല്പത്തിഅഞ്ചുകൊല്ലം അദ്ദേഹം മതപ്രചരണം നടത്തി. ബി.സി. 487-ൽ 80-ാമത്തെവയസ്സിൽ നീപ്പാളത്തുള്ള കുശിനഗരമെന്ന ഗ്രാമത്തിൽ വെച്ചു് അദ്ദേഹം നിൎവൃതിയടഞ്ഞു.

മററുള്ള മതപ്രവാചകന്മാരെപ്പോലെ ഈശ്വരൻ, ആത്മാവു്, എന്നിത്യാദി ഗഹനങ്ങളായ വിഷയങ്ങളെക്കുറിച്ചു് പുതിയ വ്യാഖ്യാനങ്ങൾ നൽകുവാനല്ലായിരുന്നു ബുദ്ധൻെറ ഉദ്യമം. ലോകത്തിനെ സങ്കടങ്ങളിൽ നിന്നു വിമുക്തമാക്കുവാനുള്ള ഒരു പന്ഥാവു ചൂണ്ടിക്കാണിക്കുക

യാണദ്ദേഹം ചെയ്തതു്. ജീവിതത്തിലുള്ള മോഹമാണു് സകലസങ്കടങ്ങളുടേയും കാരണമെന്നും, അതിനാൽ ജനിക്കാതിരിക്കുക മാത്രമാണു് അതിൽനിന്നു വിമുക്തനാകുവാനുള്ള ഏകമാൎഗ്ഗമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ ജനനം തീൎന്ന അവസ്ഥയെ അദ്ദേഹം 'നിർവ്വാണം' എന്നു നിൎവ്വചിച്ചു. സത്യം, ഗുരുത്വം, അഹിംസ, എന്നീ സത്ഗുണങ്ങളെ മുറുകെപ്പിടിച്ചുനിന്നു്, മനസാവാചാകൎമ്മണാ, സദ്‌വൃത്തരായി ജീവിക്കുന്ന പക്ഷം അതു പരിശുദ്ധമായ ഒരു ജീവിതമായിരിക്കുമെന്നും, അങ്ങനെയായാൽ നിർവ്വാണം പ്രാപിക്കുവാൻ സാധിക്കുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ സിദ്ധാന്തം.

## 3. മഹാവീരനും ജൈനമതവും

ബുദ്ധന്റെ സമകാലീനനായിരുന്ന മഹാവീരനായിരുന്നു ജൈനമതപ്രവാചകൻ. വർദ്ധമാനനെന്നായിരുന്നു അദ്ദേഹത്തിന്റെ പേരു്. വൈശാലിയിലെ ലിക്ഷാവിവൎഗ്ഗക്കാരുടെ തലവനായ സിദ്ധാൎത്ഥൻ എന്ന രാജകുമാരന്റെ പുത്രനായി ബി. സി. 539-ൽ ഇദ്ദേഹം ജാതനായി. മാതാവായ ത്രിശില മഗധയിലേയും വിദേഹത്തിലേയും അംഗദേശത്തിലേയും രാജാക്കന്മാരുടെ ഒരു ബന്ധുവായിരുന്നു. മാതാപിതാക്കന്മാരുടെ മരണശേഷം, ഭാൎയ്യയായ യശോദയേയും പുത്രിയേയും ഉപേക്ഷിച്ചു്, ഇദ്ദേഹം സന്ന്യാസം സ്വീകരിച്ചു. അന്നു 30 വയസ്സു് മാത്രം പ്രായമുണ്ടായിരുന്ന രാജകുമാരൻ വസ്ത്രങ്ങൾപോലും ത്യജിച്ചു്, പലപ്രകാരമുള്ള പീഡനങ്ങൾക്കു് ദേഹത്തെ വശംവദനാക്കി 12 കൊല്ലക്കാലം ഘോരതപം ചെയ്തു്, ഒടുവിൽ വിജ്ഞാനിയായി ഭവിച്ചു. ലൌകികബന്ധങ്ങളെ വിജയിച്ചവൻ എന്ന അൎത്ഥത്തിൽ അദ്ദേഹത്തെ അന്നുമുതൽ 'ജിനൻ' എന്നും, മഹാവീരനെന്നും ജനങ്ങൾ വാഴ്ത്തി. മഗധ, വിദേഹം, അംഗം എന്നീ സ്ഥലങ്ങളിലെല്ലാം

ചുററിനടന്നു്, 30 കൊല്ലത്തോളം മതപ്രവചനം നടത്തിയശേഷം, ബി. സി. 467-ൽ, പാവാ എന്ന സ്ഥലത്തുവെച്ചു്, 72-ാമത്തെ വയസ്സിൽ അദ്ദേഹം നിര്യാതനായി. അദ്ദേഹത്തിൻെറ അനുയായികളെ ലോകസുഖങ്ങളെ ത്യജിച്ചവരെന്ന അത്ഥത്തിൽ 'നിർഗ്രന്ഥന്മാർ' എന്നു് ആദ്യകാലത്തു് പറഞ്ഞിരുന്നുവെങ്കിലും, ഒടുവിൽ അവരെ 'ജൈനന്മാ'രെന്നു വിളിച്ചുതുടങ്ങി. മഗധയിലെ രാജാക്കന്മാരായ ബിംബിസാരനും അജാതശത്രുവും ജൈനമതം സ്വീകരിച്ചതായി പറയുന്നുണ്ടു്.

ബി. സി. 8-ാംശതകത്തിൽ, ഇക്ഷ്വാകുവംശജനായ വൃഷഭൻ എന്ന രാജാവു് മതപരമായി ചില നൂതനാദർശങ്ങൾ നിർദ്ദേശിക്കയുണ്ടായി. ക്ഷത്രിയരുടെയിടയിൽ ഈ ആദർശങ്ങൾക്കു പ്രചാരം സിദ്ധിക്കയും, പരമ്പരയായി അവയെ പുലത്തി ജീവിച്ച 23 സന്യാസിപ്രവരന്മാരുണ്ടാവുകയും ചെയ്തു. ഇവരെ 'തീത്ഥങ്കര'ന്മാരെന്നാണു് അറിഞ്ഞിരുന്നതു്. 24-ാമത്തെ തീത്ഥങ്കരൻ പാർശ്വനാഥൻ എന്നൊരാളായിരുന്നു. അദ്ദേഹത്തിൻെറ അനുയായികളായിരുന്ന ഒരു സംഘം സന്യാസികളുടെ കൂട്ടത്തിലാണു് വർദ്ധമാനൻ ആദ്യം ചെന്നുചേന്നതു്. തന്നിമിത്തം, ജിനനെ ഇരുപത്തിനാലാമത്തെ തീത്ഥങ്കരനെന്നും, ജൈനമതത്തെ ഈ പുരാതനാദർശങ്ങളുടെ ഒരു വികസിതസമാഹാരമാണെന്നും ജനങ്ങൾ കരുതുന്നുണ്ടു്. ജൈനമതം ബുദ്ധമതത്തെക്കാൾ പഴക്കം ചെന്നതാണെന്നും ഇതുമൂലം അവർ വിശ്വസിക്കുന്നു.

ബുദ്ധമതത്തെപ്പോലെ, സദാചാരപരമായ ഒരു ജീവിതം നയിക്കുവാനാണു് പ്രധാനമായി ജൈനമതവും ആവശ്യപ്പെടുന്നതു്. എന്നാൽ, സകല ചരാചരങ്ങൾക്കും ആത്മാവുണ്ടെന്നുള്ള ഒരു വിശ്വാസം നിമിത്തം ജൈനന്മാർ അഹിംസാതത്വത്തിൽ ബുദ്ധമതാനുയായികളെ

ക്കാർ കൂടുതൽ നിഷ്കർഷ കാണിക്കുന്നുണ്ടു്. ഈ അഹിംസാതത്വമാണു് ജൈനമതത്തിന്റെ അടിക്കല്ലു്. സൃഷ്ടികർത്താവായ ഒരു ഈശ്വരന്റെ സത്തയിൽ അവർ വിശ്വസിക്കുന്നില്ല എന്നതാണു് ഹിന്ദുമതത്തിൽനിന്നു് അതിനുള്ള പ്രാധാന വ്യത്യാസം.

ജൈനമതക്കാരിൽ ദിഗംബരരെന്നും ശ്വേതാംബരരെന്നും രണ്ടുവിഭാഗക്കാരുണ്ടായി. ദിഗംബരർ നഗ്നരായി നടക്കുന്നവരും ശ്വേതാംബരർ ശുഭ്രവസ്ത്രധാരികളുമായിരുന്നു. പട്ടിണികൊണ്ടു് ജീവത്യാഗം ചെയ്യുന്നതു് നല്ലതാണെന്നു് രണ്ടു വിഭാഗക്കാരും വിശ്വസിച്ചിരുന്നു.

4. ഇൻഡ്യയിലെ ജീവിതരീതിയിൽ, പുതിയ മതങ്ങളുടെ ആവിർഭാവത്താലുണ്ടായ പ്രധാനമാററങ്ങൾ.

ബ്രാഹ്മണമതത്തിലെ ന്യൂനതകളെ ചോദ്യം ചെയ്തുകൊണ്ടുള്ള നൂതനമതങ്ങൾ രണ്ടും ആര്യസംസ്കാരം പൂർണ്ണമായും സ്ഥാപിതമായിട്ടില്ലായിരുന്ന ആര്യാവർത്തത്തിന്റെ കിഴക്കേ അററമായ മഗധയിലും അതിനടുത്ത പ്രദേശങ്ങളിലുമാണു് ആവിർഭവിച്ചതു്. ഈ രണ്ടു മതങ്ങളുടേയും പ്രവാചകന്മാർ ക്ഷത്രിയരായിരുന്നു എന്നതും ഇവയ്ക്കു് അതിവേഗത്തിൽ പ്രചാരം സിദ്ധിക്കുവാനുള്ള ഒരു പ്രധാന കാരണമായിരുന്നു. രണ്ടുമതങ്ങളും ജാതിവ്യത്യാസത്തെ തിരസ്കരിച്ചുകൊണ്ടു് സാധാരണജനങ്ങൾ അവയെ വളരെ ഇഷ്ടപ്പെട്ടു. ബി. സി. 3—ാം ശതകമായപ്പോൾ ഇവിടത്തെ ആളുകൾ മിക്കവാറും ബുദ്ധമതാനുയായികളോ ജൈനമതാനുയായികളോ ആയിത്തീർന്നു. നിണംചേർന്ന യാഗങ്ങളുടേയും അവയുടെ നടത്തിപ്പുകാരായ ബ്രാഹ്മണരുടേയും പ്രാധാന്യം തീരെ കുറഞ്ഞു. അതിവേഗത്തിൽ ബുദ്ധമതം ഇൻഡ്യയിലും ഇൻഡ്യയ്ക്കു വെളിയിലും പരന്നു. ബുദ്ധദേവനും ബുദ്ധമതസിദ്ധാന്തമായ

അഹിംസയും, കാലക്രമത്തിൽ ഹിന്ദുമതത്തിലെ അംശങ്ങളായിത്തീരുകയും അതോടുകൂടി ഇൻഡ്യയിൽ ബുദ്ധമതം നശിക്കുകയും ചെയ്തു. ജൈനമതാനുയായികൾ ഇപ്പോഴും ഇൻഡ്യയിൽ ധാരാളമുണ്ടു്.


അദ്ധ്യായം 5

# സിന്ധുതീരത്തിലുണ്ടായ രണ്ടു വിദേശീയാക്രമണങ്ങൾ

## 1. ബി. സി. 7-ാം ശതകത്തിനും ബി. സി. 4-ാം ശതകത്തിനുമിടയ്ക്കു് ഉത്തരഇൻഡ്യയിലെ സ്ഥിതി.

1. സിന്ധുതീരം. ബി. സി. 7-ാം ശതകത്തിൽ ഇൻഡ്യയുടെ വടക്കു പടിഞ്ഞാറു മൂലയ്ക്കു് ഗാന്ധാരം എന്നൊരു രാജ്യമുണ്ടായിരുന്നു. തക്ഷശിലയായിരുന്നു അതിന്റെ തലസ്ഥാനം. വേദങ്ങളും ശാസ്ത്രങ്ങളും അഭ്യസിക്കുന്നതിനുള്ള ഒരു വിദ്യാകേന്ദ്രമെന്ന നിലയിൽ ആ പട്ടണം അത്യധികം പ്രശസ്തി ആർജ്ജിച്ചു.

ബി. സി. 4-ാം ശതാബ്ദത്തിന്റെ അന്ത്യത്തിൽ തക്ഷശിലയെ അംഭി എന്നൊരു രാജാവു് ഭരിച്ചിരുന്നു. സിന്ധുവിനും ജലം നദിക്കുമിടയ്ക്കുള്ള സ്ഥലങ്ങളായിരുന്നു അദ്ദേഹത്തിന്റെ രാജ്യം. ജലത്തിനും ചിനാബിനുമിടയ്ക്കുള്ള സ്ഥലങ്ങൾ അന്നു് പോറസ് (പൗരവൻ) എന്നൊരു രാജാവിന്റെ ഭരണത്തിലായിരുന്നു. അഭിസാരം എന്നു് മറ്റൊരു രാജ്യവും രാജകീയ ഭരണത്തിലുണ്ടായിരുന്നു. മാളവർ, ക്ഷുദ്രകർ, മുതലായി രണപ്രണയികളായ ചില വർഗ്ഗക്കാരാണു് സിന്ധുതീരത്തിൽ പിന്നെയുണ്ടായിരുന്നതു്. ഇവർ ജനകീയഭരണത്തിൽ കഴിഞ്ഞിരുന്ന ഗണ


പുരാതന ഭാരതം
ബി. സി. 700-300
→ അലക്സാണ്ടരുടെ ആക്രമണപാത.
ഗാന്ധാരം
ജിലം
തക്ഷശില
ചിനാബ്
ബിയാസ്
സിന്ധു
രവി
സട്ലെജ്
കുരു
പാഞ്ചാലം
ശ്രാവസ്തി
കപിലവസ്തു
ശാക്യന്മാർ
വിദേഹം
ലിച്ഛവികൾ
കോസലം
സാരാനാഥ്
വൈശാലി
അംഗം
മാത്സ്യം
മധുര
സിന്ധു
കൌശാംബി
അയോദ്ധ്യ
കാശി
മഗധം
ഗയ
പാടലീപുത്രം
വംഗം
അവന്തി
ഉജ്ജയിനി
ചേദി
വത്സം
വിദിശം
സൌരാഷ്ട്രം

ഇൻഡ്യ

ങ്ങളായിരുന്നു. സിന്ധുതീരത്തിലെ ജനങ്ങളെല്ലാം ആയോധനപടുക്കളും സ്വാതന്ത്ര്യേച്ഛുക്കളുമായിരുന്നു. അന്യോന്യം യോജിപ്പില്ലാതെ, ഇവർ യുദ്ധത്തിലേർപ്പെട്ടു കഴിഞ്ഞിരുന്നില്ലെങ്കിൽ വിദേശീയാക്രമണകാരികൾക്കൊക്കും ഇവരെ തോല്പിക്കുവാൻ സാധിക്കുകയില്ലായിരുന്നു.

2. ആൎയ്യാവൎത്തം. ബി. സി. 7-ാം ശതകത്തിൽ ആൎയ്യാവൎത്തത്തിലും അനവധി ചെറുരാജ്യങ്ങളുണ്ടായിരുന്നു. പതിനാറോളമുള്ള ഈ രാജ്യങ്ങളിൽ, ശാക്യന്മാർ, ലിച്ഛാവികൾ തുടങ്ങി, ഗണമുഖ്യന്മാരുടെ ഭരണത്തിൽ കഴിഞ്ഞിരുന്ന ചില വൎഗ്ഗക്കാരുടെ സംസ്ഥാനങ്ങളൊഴിച്ചു് ബാക്കിയുള്ളവ രാജകീയ ഭരണത്തിനധീനമായിരുന്നു. അവന്തി, കോസലം, വത്സ, മഗധ എന്നിവയായിരുന്നു ഇവയിൽ പ്രധാനമായവ. 7-ാം ശതാബ്ദത്തിൽ അവന്തിയും, 6-ാം ശതാബ്ദത്തിൽ കോസലവും പ്രാധാന്യത്തിലെത്തി. ബി. സി. 4-ാം ശതാബ്ദമായപ്പോൾ ആൎയ്യാവൎത്തത്തിലെ ഏററവും പ്രധാനമായ രാജ്യം മഗധയായിത്തീൎന്നു.

3. മഗധയുടെ വളൎച്ച.

(a) ശിശുനാഗവംശം. ബി. സി. 642-ൽ ശിശുനാഗൻ എന്നൊരു ഇടപ്രഭു ഗിരിവ്രജം തലസ്ഥാനമാക്കിക്കൊണ്ടു് മഗധയിലെ രാജാവായി. ഈ വംശത്തിലെ ആദ്യത്തെ പ്രശസ്തനായ രാജാവു് ബിംബിസാരൻ ആയിരുന്നു. അംഗരാജ്യം പിടിച്ചടക്കിയും കോസലവുമായി വിവാഹബന്ധത്തിലേർപ്പെട്ടും അദ്ദേഹം ശക്തി വൎദ്ധിപ്പിച്ചു. രാജഗൃഹം എന്നൊരു പുതിയ പട്ടണം നിൎമ്മിച്ചു്, തലസ്ഥാനം അങ്ങോട്ടു മാററുകയും ചെയ്തു. ബിംബിസാരനുശേഷം അദ്ദേഹത്തിന്റെ പുത്രനായ അജാതശത്രു രാജാവായി. കോസലവും വൈ

ശാലിയും പിടിച്ചടക്കി അദ്ദേഹം മഗധയോടുചേർത്തു. ഇപ്രകാരം മഗധയുടെ വിസ്തൃതി, ഗംഗാതീരം മുതൽ ഹിമാലയം വരെ എത്തി. വൈശാലിയിലെ ലിക്ഷാവികളെ അമർത്തിഭരിക്കുന്നതിനുവേണ്ടി അദ്ദേഹം 'പാടലി' ഗ്രാമത്തിൽ ഒരു ദുർഗ്ഗം നിർമ്മിച്ചു. ഇതാണ് ഉദയൻ എന്ന രാജാവിൻെറ കാലത്തു് 'പാടലീപുത്രം' എന്നപേരിൽ മഗധയുടെ പ്രശസ്തമായ തലസ്ഥാനനഗരമായിത്തീൎന്ന സ്ഥലം. അജാതശത്രു ജൈനമതാനുയായി ആയിരുന്നു. അദ്ദേഹത്തിനുശേഷം അദ്ദേഹത്തിൻെറ പുത്രനായ ദർശകനും ദർശകൻെറ പുത്രനായ ഉദയനും ക്രമപ്രകാരം രാജ്യം ഭരിച്ചു. ദർശകൻെറ കാലത്താണ് പെർഷ്യക്കാർ സിന്ധുതീരമാക്രമിച്ചതു്.

(b) നന്ദവംശം.

ശിശുനാഗവംശത്തിലെ ഒടുവിലത്തെ രാജാവായിരുന്ന മഹാനന്ദന്നു് ഒരു ശൂദ്രസ്ത്രീയിൽ ജാതനായ മഹാപത്മനന്ദൻ, ബി. സി. 413-ൽ, പിതാവിന്റെ രാജ്യം കൈവശപ്പെടുത്തി. അദ്ദേഹത്തിന്റെയും എട്ടു പുത്രന്മാരുടേയും ഭരണം ബി. സി. 322 വരെ നിലനിന്നു. ഇവരെ 'നവനന്ദന്മാർ' എന്നാണ് പറഞ്ഞുവരുന്നതു്. അലക്സാണ്ഡർ സിന്ധുതീരമാക്രമിച്ച കാലത്തു് മഗധയെ ഒരു നന്ദരാജാവാണ് ഭരിച്ചിരുന്നതു്. നന്ദന്മാർ ജൈനമതക്കാരായിരുന്നു.

2. സിന്ധുതീരത്തിലെ പെർഷ്യൻ ആക്രമണം.

ബി. സി. 6-ാം ശതകത്തിൽ സൈറസ്സ് എന്ന പെർഷ്യൻ ചക്രവർത്തി സ്ഥാപിച്ച സാമ്രാജ്യത്തിൽ ഗാന്ധാരവുമുൾപ്പെട്ടിരുന്നു. സിന്ധു നദീമുഖത്തുനിന്നു് കടൽ വഴി പെർഷ്യയിലെത്തുവാനൊരു മാർഗ്ഗം കണ്ടുപിടിക്കണമെന്നു് ബി. സി. 5-ാം ശതകത്തിൽ പെർഷ്യ ഭരിച്ചിരുന്ന

ദാരിയൂസ് നിശ്ചയിച്ചു. സ്കൈലാക്സ് എന്നൊരു നാവിക സേനാനിയാണ് ഇതിലേയ്ക്കു നിയുക്തനായതു്. കുറെ പടവുകളുമായി അദ്ദേഹം ഗാന്ധാരത്തു നിന്ന് സിന്ധു നദിയിൽക്കൂടി നദീമുഖത്തേയ്ക്കു് തിരിച്ചു. ഫലഭൂയിഷ്ഠ മായ സിന്ധുതീരപ്രദേശം ഇങ്ങനെ പെർഷ്യാക്കാരുടെ കണ്ണിൽ പെട്ടു. ഇതിൻെറ ഫലമായി സാൽട്ടുറേഞ്ചു മുതൽ കടൽവരെ പഞ്ചാബിലും സിൻഡിലും വിസ്താരമേ റിയ ഒരു മേഖല ദാരിയൂസ് കൈവശപ്പെടുത്തി. പെർഷ്യൻ സാമ്രാജ്യത്തിലെ ഇരുപതാമത്തെ 'സാത്രപ്പി' യാക്കിത്തീർത്ത ഈ പ്രദേശത്തുനിന്ന് പത്തു ലക്ഷത്തില്പരം പവൻ വിലവരുന്ന ഒരുതുക ആണ്ടുതോറും കപ്പമായി പിരിച്ചെടുത്തിരുന്നു. ദാരിയൂസ്സിന്റെ പുത്രനായ ക്സെർക്സസ് ഗ്രീക്കുകാരോടു ചെയ്ത യുദ്ധത്തിൽ ഇൻഡ്യയിൽനിന്നുള്ള ഒരു സംഘം യോദ്ധാക്കളെ ഉപയോഗിച്ചിരുന്നു. ക്സെർ ക്സസ്സിനു ശേഷം സിന്ധു തീരത്തിൽ പെർഷ്യൻ ആധി പത്യം അധികനാൾ നിലനിന്നില്ലെങ്കിലും അലക്സാണ്ഡർ ഇൻഡ്യയെ ആക്രമിച്ച കാലത്തും സിന്ധുനദിയെയാണ് പെർഷ്യൻ സാമ്രാജ്യത്തിൻെറ കിഴക്കെ അതിരായി കണ ക്കാക്കിയിരുന്നതു്.

സിന്ധുതീരത്തിലെ പെർഷ്യൻ ആധിപത്യകാലത്തു് രണ്ടുസ്ഥലങ്ങളും തമ്മിൽ ധാരാളം കച്ചവടം നടന്നി രിക്കുവാൻ ഇടയുണ്ടു്. വലതുവശത്തു നിന്ന് ഇടത്തോട്ടെ ഴുതുന്ന 'ഖരോഷ്ടി' ലിപിയും പെർഷ്യൻ നാണയങ്ങളും ഇതുകൊണ്ടായിരിക്കണം അവിടെ പ്രചരിച്ചതു്. ഇത്ര യുമല്ലാതെ, നൂറു കൊല്ലത്തിൽപ്പരം നീണ്ടുനിന്ന ഈ വിദേശീയാധിപത്യത്തിൽനിന്ന് ഇൻഡ്യയ്ക്കു് ഒരു ഗുണ വും സിദ്ധിച്ചില്ല. ഒരു പക്ഷേ അലക്സാണ്ഡറുടെ ഇൻ ഡ്യാനാക്രമണംപോലും പെർഷ്യയുമായുള്ള ഈ ബന്ധം മൂലമുണ്ടായതാണെന്നു പറയാം.

## 3. അലക്സാണ്ഡറുടെ ഇൻഡ്യനാക്രമണം.

അലക്സാണ്ഡർ മാസിഡോണിയായിലെ രാജാവായിരുന്ന ഫിലിപ്പ്രണ്ടാമന്റെ പുത്രനായി ബി. സി. 356-ൽ ജനിച്ചു. വിശ്വവിഖ്യാതനായ അരിസ്റ്റോട്ടിലിന്റെ ശിഷ്യ



അലക്സാണ്ഡർ

നായി കുറെക്കാലം വിദ്യാഭ്യാസം ചെയ്തതു നിമിത്തം അദ്ദേഹം കലാവല്ലഭനായ ഒരു യോദ്ധാവായി വളൎന്നു. ഇരുപതാമത്തെ വയസ്സിൽ അദ്ദേഹം രാജാവായി. ഗ്രീസ്സിനെ മുഴുവൻ ഫിലിപ്പ് മാസിഡോണിയയ്ക്കധീനമാക്കിയിരുന്നു. പേർഷ്യൻ ചക്രവൎത്തിയായിരുന്ന ദാരിയുസ് മൂന്നാമനെ തോല്പിച്ചു പേർഷ്യൻ സാമ്രാജ്യത്തെ കീഴടക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. പക്ഷെ ആ ആഗ്രഹം

സാധിക്കുന്നതിനുമുമ്പ് അദ്ദേഹം അപ്രതീക്ഷിതമായി കാലധർമ്മം പ്രാപിച്ചു. രാജാവായ ഉടനെ അലക്സാണ്ടർ ഈ കൃത്യം ഏറെറടുത്തു. ബി. സി. 431-ൽ പെർഷ്യ അദ്ദേഹത്തിനു കീഴടങ്ങി. പെർഷ്യൻ സാത്രപ്പിയായ ഇൻഡ്യയിലേയ്ക്കു് അദ്ദേഹം യാത്രതുടർന്നു. ബി. സി. 328-ൽ അലക്സാണ്ടർ കാബൂളിലെത്തി. അവിടത്തെ മലവർഗ്ഗക്കാരെ തോല്പിച്ചശേഷം, ബി. സി. 326-ൽ ഓഹിൻഡ് എന്ന സ്ഥലത്തുവെച്ചു് സിന്ധുനദി കടന്നു് അദ്ദേഹം തക്ഷശിലയിൽ പ്രവേശിച്ചു. തക്ഷശിലയിലെ രാജാവായ അംഭി യുദ്ധത്തിനൊരുമ്പെടാതെ അദ്ദേഹത്തെ ഹാർദ്ദമായി സ്വീകരിക്കുകയാണു് ചെയ്തതു്. അംഭി അഭിസാരത്തിലെ രാജാവിനോടും പോറസ്സിനോടും വിരോധത്തിലായിരുന്നതിനാൽ അവരോടു യുദ്ധം ചെയ്യുവാൻ അലക്സാണ്ടരുടെ സഹായം നേടാമെന്നുള്ള വിചാരത്തിലാണു് ഇപ്രകാരം പ്രവർത്തിച്ചതു്. അതിനെത്തുടർന്നു് അഭിസാരത്തിലെ രാജാവും അലക്സാണ്ടർക്കു് കീഴ്‌വണങ്ങി. പോറസ്സ് മാത്രം യുദ്ധത്തിനു വേണ്ട സന്നാഹങ്ങൾ ചെയ്തു് അലക്സാണ്ടരെ കാത്തുനില്പായി.

അംഭി നൽകിയ സൈന്യങ്ങളെക്കൂടി സ്വീകരിച്ചുകൊണ്ടു്, അലക്സാണ്ടർ തക്ഷശിലയിൽനിന്നു പുറപ്പെട്ടു് ജിലം നദീതീരത്തെത്തി. അപ്പുറത്തു് പോറസ്സിന്റെ സൈന്യത്തിലെ ഗജവീരന്മാരെ കാണാമായിരുന്നു. അലക്സാണ്ടർ ഈ സമയത്തു് ഒരു കൗശലം പ്രയോഗിച്ചു. തന്റെ സൈന്യങ്ങളിലേറിയ ഭാഗവുംകൊണ്ടു്, നദീതീരത്തിൽക്കൂടി പതിനാറു നാഴിക മുകളിൽച്ചെന്നു്, ഒരു രാത്രികൊണ്ടു് അദ്ദേഹം അവരെ മുഴുവൻ അക്കരെയിറക്കി. ഇതറിഞ്ഞ മാത്രയിൽ പോറസ്സ് സൈന്യങ്ങളുമായി ആ സ്ഥലത്തു് പാഞ്ഞെത്തി. ഘോരമായ ഒരു

യുദ്ധമാണു് അവിടെയുണ്ടായതു്. വീറോടു പൊരുതിയ പോറസ്സു്, ഒടുവിൽ തോററു. മുറിവുകളോടുകൂടി തടവുകാരനായി പിടിച്ചു്, അലക്സാണ്ടരുടെ മുമ്പിൽ നീതനായ പോറസ്സിൻെറ രാജോചിതമായ നിലയും പെരുമാററവും കണ്ടു്, അലക്സാണ്ടർ അദ്ദേഹത്തെ അഭിനന്ദിച്ചാദരിക്കുകയും, വീണ്ടും അവിടത്തെ രാജാവായി വാഴിക്കയും ചെയ്തു.

ജലം നദീതീരത്തുവെച്ചുണ്ടായ ഈ യുദ്ധത്തിൻെറ ഓർമ്മയ്ക്കായി യുദ്ധക്കളത്തിനു സമീപം നിക്കേയ എന്നും, കറച്ചുമാറി മരിച്ചുപോയ തൻെറ കുതിരയുടെ ഓർമ്മയ്ക്കായി ബുസെഫാലസു് എന്നും രണ്ടു പട്ടണങ്ങൾ നിർമ്മിച്ചശേഷം അലക്സാണ്ഡർ കിഴക്കോട്ടേക്കുള്ള തൻെറ ജൈത്രയാത്രതുടന്നു. ചീനാബിന്റെ തീരത്തു്, അവിടവിടെവെച്ചു് അദ്ദേഹത്തെ എതിർത്ത വർഗ്ഗക്കാരെയെല്ലാം പോറസ്സിൻെറ സഹായത്തോടുകൂടി അദ്ദേഹത്തിനു തോല്പിക്കുവാൻ സാധിച്ചു എങ്കിലും, ബിയാസ്സു് നദിയുടെ തീരത്തെത്തിയപ്പോൾ അദ്ദേഹത്തിൻെറ സൈന്യങ്ങൾ അതിനപ്പുറം പോകുന്നതിനു വൈമുഖ്യം പ്രകടിപ്പിച്ചു. ഒരുപക്ഷെ മഗധയിലെ നന്ദരാജാവിൻെറ പ്രതാപത്തെപ്പററി കേഴ്വിപ്പെട്ടിരുന്നതുകൊണ്ടു് പഞ്ചാബിനപ്പുറം കടക്കുന്നതു ബുദ്ധിപൂർവ്വകമല്ലെന്നു് അവക്കു തോന്നിയിരിക്കാം. തിരിച്ചുപോകുന്നതിനു വളരെ വൈമനസ്യമുണ്ടായിരുന്നുവെങ്കിലും, ഗത്യന്തരമില്ലാതെ ബി. സി 326–ൽ അലക്സാണ്ഡർ പിൻതിരിഞ്ഞുള്ള യാത്ര ആരംഭിച്ചു. ജലം നദിക്കിപ്പുറമുള്ള ഭാഗങ്ങളെ ഭരിക്കുവാൻ പ്രതിപുരുഷനെന്ന നിലയിൽ പോറസ്സിനെഏല്പിച്ചിട്ടു് അദ്ദേഹം സിന്ധുനദീമുഖത്തെത്തി, പട്ടാളത്തെ മൂന്നു വിഭാഗങ്ങളായി തിരിച്ചു പെർഷ്യയിലേക്കയച്ചു. ഏതി

ലൊരു വിഭാഗത്തെ അദ്ദേഹംതന്നെയാണ് നയിച്ചത്. ബി. സി. 334-ൽ അലക്സാണ്ഡർ ബാബിലോണിയായി ലെത്തി. അതിനടുത്തകൊല്ലം അവിടെവച്ചുതന്നെ അദ്ദേഹം നിര്യാതനാവുകയും ചെയ്തു.

4. യവനന്മാരുമായുള്ള സമ്പർക്കത്തിൻെറ ഫലങ്ങൾ.

അലക്സാണ്ഡർക്ക് ഇൻഡ്യയെ സ്ഥിരമായി ഭരിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. പുതിയ പട്ടണങ്ങൾ പണിതതും ഗതാഗതമാർഗ്ഗങ്ങൾ ആരാഞ്ഞതും ഇക്കാരണത്താലാണ്. ഇൻഡ്യയിലെ ഗവർണ്ണരായി ഒരു ഗ്രീക്കസേനാനിയെ നിയമിച്ചിട്ടാണ് അദ്ദേഹം ഇൻഡ്യ വിട്ടത്. പോറസ്സും അംഭിയും, അലക്സാണ്ഡരുടെ മരണശേഷവും പഞ്ചാബ് ഭരിച്ചത് ഗ്രീക്കുകാരുടെ മേൽക്കോയ്മ സ്വീകരിച്ചായിരുന്നു. ബി. സി. 317-ൽ ചന്ദ്രഗുപ്തൻ പഞ്ചാബ് കീഴടക്കിയതോടുകൂടിയാണ് പഞ്ചാബിലെ ഗ്രീക്കമേധാവിത്വം പൂർണ്ണമായി നിലച്ചത്. എന്നാൽ അത്രയും കാലത്തെ ഗ്രീക്കുകാരുമായുണ്ടായിരുന്ന ബന്ധം അവിടത്തെ ജനങ്ങളുടെ ജീവിതരീതിയെ തീരെ സ്പർശിച്ചിട്ടില്ലായിരുന്നു. എന്തായാലും കേവലം ഫലശൂന്യമായ ഒരു കഥയാണ് അലക്സാണ്ഡരുടെ ആക്രമണമെന്ന് പറയുവാൻ നിവൃത്തിയില്ല.

1. അലക്സാണ്ഡരുടെ ആക്രമണം മൂലം യൂറോപ്പും ഇൻഡ്യയും തമ്മിൽ കൂടുതൽ അടുത്തു. ഇൻഡ്യയിലെ സ്ഥിതി യൂറോപ്പുകാർക്ക് കൂടുതൽ മനസ്സിലാക്കുവാൻ ഈ ആക്രമണം ഉതകിയിട്ടുണ്ട്.

2. ബാക്ട്രിയായിൽ ഗ്രീക്കസാമ്രാജ്യങ്ങൾ സ്ഥാപിതമായി. ഇവരുമായി ഇൻഡ്യാക്കാർ സമ്പർക്കം പുലർത്തുകയും, അങ്ങനെ യവനസംസ്കാരത്തിൻെറ ചില കിരണങ്ങൾ ഹൈന്ദവജീവിതത്തെ സ്പർശിക്കുകയും ചെയ്തു.

ഉദാഹരണമായി, ഗ്രീക്ക് ആശയങ്ങളുടേയും ഹൈന്ദവാശയങ്ങളുടേയും ഒരു സങ്കലനമാണു് ഗാന്ധാരരീതിയിലുള്ള ശില്പകല.

3. വിദേശീയാക്രമണങ്ങളെ തടയുന്നതിനുവേണ്ടി ബലവത്തായ ഒരു രാഷ്ട്രം ഇൻഡ്യയിൽ ഉണ്ടാകേണ്ടതിന്റെ ആവശ്യം അലക്സാണ്ഡറുടെ ആക്രമണംമൂലം ബോദ്ധ്യപ്പെടുകയും, അങ്ങനെ ഇൻഡ്യയുടെ ഏകീകരണത്തിനു വേണ്ടിയുള്ള ഒരു ശ്രമത്തിനു അതു പ്രേരണ നൽകുകയുംചെയ്തു. അലക്സാണ്ഡരുടെ ആക്രമണം നിമിത്തം പഞ്ചാബ് ഛിന്നഭിന്നമായതുകൊണ്ടായിരുന്നു ചന്ദ്രഗുപ്തനു് അതിനെ എളുപ്പത്തിൽ കീഴ്പ്പെടുത്തി സാമ്രാജ്യം സ്ഥാപിക്കുന്നതിനു സാധിച്ചതു്.

4. ജ്യോതിശാസ്ത്രവും വൈദ്യശാസ്ത്രവും ഗ്രീക്കുകാരുമായുള്ള ബന്ധംകൊണ്ടു കൂടുതൽ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്.

രാജ്യഭരണസമ്പ്രദായം, സൈനികപരിശീലനക്രമം, യുദ്ധസമ്പ്രദായം, സമുദായാചാരങ്ങൾ, എന്നിവയിൽ ഗ്രീക്കുകാരുമായുള്ള ബന്ധംകൊണ്ടു് യാതൊരു മാററവുംഉണ്ടായിട്ടില്ലെന്നുള്ളതു് പ്രസ്താവ്യയോഗ്യമാണു്.

അദ്ധ്യായം 6

# മൌര്യസാമ്രാജ്യം

## 1. ചന്ദ്രഗുപ്തമൌര്യൻ

(ബി. സി. 322 മുതൽ ബി. സി. 298 വരെ)

### 1. ജീവചരിത്ര സംക്ഷേപം

1. മഗധയിലെ വിപ്ളവം 'മുര' എന്നു പേരായ ശൂദ്രസ്ത്രീയുടെ പുത്രനായതുകൊണ്ടാണോ, 'മൊരിയ' എന്ന

ക്ഷത്രിയവർഗ്ഗത്തിൽപെട്ടവനായതുകൊണ്ടാണോ ചന്ദ്രഗുപ്തൻ "മൌര്യ"നായതെന്നു തീർത്തു പറയാൻ നിവൃത്തിയില്ല. പിതൃവഴിയിൽ നന്ദവംശവുമായി അദ്ദേഹത്തിനു ബന്ധമുണ്ടായിരുന്നു. രാജകോപം നിമിത്തം ചെറുപ്പത്തിൽ തന്നെ മഗധയിൽനിന്നു് അദ്ദേഹം നിഷ്ക്രമിച്ചു. പഞ്ചാബിൽ ചെന്നു് മഗധയെ ആക്രമിക്കുവാൻ അദ്ദേഹം അലക്സാണ്ഡരെ പ്രേരിപ്പിച്ചുവെങ്കിലും അതിനു ഫലമുണ്ടായില്ല. ഇക്കാലത്താണു് കൌടില്യനെന്നും ചാണക്യനെന്നും വിളിച്ചിരുന്ന തക്ഷശിലയിലെ ഒരു ബ്രാഹ്മണനെ അദ്ദേഹം ദൈവഗത്യാ കണ്ടുമുട്ടിയതു്. തന്റെ ഉദ്ദേശനിർവ്വഹണത്തിനുവേണ്ട ഉപദേശം നൽകി സഹായിക്കുവാനുള്ള സാമർത്ഥ്യം കൌടില്യനുണ്ടായിരുന്നു എന്നു മനസ്സിലാക്കി, ചന്ദ്രഗുപ്തൻ അദ്ദേഹത്തെ ഉപദേഷ്ടാവായി സ്വീകരിച്ചു. അധികകാലം കഴിയുന്നതിനുമുമ്പ്, പഞ്ചാബിലെ രണശൂരന്മാരായ കാട്ടുജാതിക്കാരെ ചേർത്തു് ഒരു വലിയ സൈന്യം സജ്ജീകരിച്ചുകൊണ്ടു് ചന്ദ്രഗുപ്തനും കൌടില്യനും മഗധയിൽ പ്രവേശിച്ചു. നന്ദരാജാവിന്റെ എതിർപ്പുകളെ തകർത്തു്, അദ്ദേഹത്തെ സിംഹാസനഭ്രഷ്ടനാക്കിയ ശേഷം, ബി. സി. 322-ൽ മഗധാധിപനായി ചന്ദ്രഗുപ്തൻ സ്ഥാനാരോഹണം ചെയ്തു.

**2.** <u>മൌര്യസാമ്രാജ്യ സ്ഥാപനം.</u> ചന്ദ്രഗുപ്തൻ മഗധയെ വിസ്തൃതവും ശക്തവുമായ ഒരു സാമ്രാജ്യമാക്കിത്തീർക്കണമെന്നാഗ്രഹിച്ചതു് ഒരു പക്ഷെ പെർഷ്യനും ഗ്രീക്കും സാമ്രാജ്യങ്ങളെക്കുറിച്ചു് അദ്ദേഹത്തിനുണ്ടായിരുന്ന അറിവുകൊണ്ടായിരിക്കാം. ഇതിനുവേണ്ടി, സിന്ധുതീരത്തു ശേഷിച്ചിരുന്ന ഗ്രീക്കുകാരെ തുരത്തി, അവിടം വീണ്ടെടുക്കുകയാണു് ആദ്യമായി ചെ

ണമെന്നു് അദ്ദേഹം നിശ്ചയിച്ചു. ബി. സി. 317-ൽ പഞ്ചാബു മുഴുവൻ അദ്ദേഹത്തിനധീനമായി. ഗുജറാത്തും കാത്തിയവാറും കൂടി പിടിച്ചതോടുകൂടി, മഗധസാമ്രാജ്യം ഉത്തരഇൻഡ്യ മുഴുവൻ ഉൾക്കൊണ്ടതായിത്തീൻ്റു.

അലക്സാണ്ഡരുടെ നിർഗ്ഗമനത്തിനുശേഷം അദ്ദേഹത്തിൻെറ ഒരു സേനാനായകനായ സെല്യൂക്കസ് നിക്കേററർ സിറിയയിൽ ഒരു രാജവംശം സ്ഥാപിച്ചുകൊണ്ടു് ഗ്രീക്കസാമ്രാജ്യത്തിൻെറ കിഴക്കുഭാഗങ്ങളെ ഭരിച്ചുതുടങ്ങിയിരുന്നു. ഇൻഡ്യൻ സാത്രപ്പിയെ വീണ്ടെടുക്കണമെന്നു കരുതി, ബി. സി. 305-ൽ അദ്ദേഹം സിന്ധുനദി കടന്നു. ചന്ദ്രഗുപ്തൻ സെല്യൂക്കസ്സിനെ തോല്പിച്ചു് അദ്ദേഹത്തെ ലജ്ജാവഹമായ ഒരു സന്ധിയിലുൾപ്പെടുത്തിയതായിരുന്നു അതിൻെറ ഫലം. ഈ സന്ധിപ്രകാരം കാബൂൾ, കണ്ടഹാർ, ഹീരറ്റ്, ബലൂച്ചിസ്ഥാൻ എന്നീ സ്ഥലങ്ങൾ സെല്യൂക്കസ് ചന്ദ്രഗുപ്തനു് വിട്ടുകൊടുത്തു. ചന്ദ്രഗുപ്തൻ അഞ്ഞൂറു ആനകളെ സെല്യൂക്കസ്സിനു സമ്മാനിക്കുകയും അദ്ദേഹത്തിൻെറ ഒരു പുത്രിയെ വിവാഹം കഴിക്കുകയും ചെയ്തു. ഇങ്ങനെയുണ്ടായ സൗഹാർദ്ദത്തെ നിലനിറുത്തുവാനായി സിറിയയും മഗധയുംതമ്മിൽ നയതന്ത്രബന്ധം സ്ഥാപിച്ചു. ഇതനുസരിച്ചു് മെഗസ്തനീസ് എന്നൊരാൾ സെല്യൂക്കസ്സിന്റെ പ്രതിപുരുഷനായി പാടലീപുത്രത്തിൽ താമസമായി.

3. അവസാനകാലം. ബി. സി. 298-ൽ ചന്ദ്രഗുപ്തൻ മരിച്ചു. ജൈനമതാനുയായി ആയിരുന്ന ചന്ദ്രഗുപ്തൻ മഗധയിൽ ഒരുക്ഷാമമുണ്ടായ കാലത്തു് മൈസൂറിൽ ചെന്നു പട്ടിണികിടന്നു മരിച്ചതായിട്ടാണു് ഐതിഹ്യം. അദ്ദേഹത്തിൻെറ സാമ്രാജ്യം കിഴക്കു് ബംഗാൾമുതൽ പടിഞ്ഞാറു് അഫ്ഘാനിസ്ഥാൻ, ബലൂച്ചിസ്ഥാൻ എന്നീ പ്രദേശങ്ങൾ

വരെയും, വടക്ക് ഹിമാലയം മുതൽ തെക്ക് നർമ്മദാ തീരംവരെയും വ്യാപിച്ചിരുന്നു. കേവലം നിസ്സഹായനായി ജീവിതമാരംഭിച്ച്, ഹിന്ദുസ്ഥാനത്തിലെ ഒന്നാമത്തെ ചക്രവത്തിയായിത്തീന്ന ചന്ദ്രഗുപ്തന്റെ ആയോധനപാടവവും ഭരണസാമത്ഥ്യവും എത്രമാത്രമായിരുന്നുവെന്നു ഊഹിക്കാമല്ലൊ.

2. ഭരണസമ്പ്രദായവും സാമുദായികസ്ഥിതിയും,

1. ഭരണരീതി. ചന്ദ്രഗുപ്തന്റെ ഭരണരീതിയെക്കുറിച്ചു മെഗസ്തനീസ് എഴുതിയിട്ടുള്ള വിവരണങ്ങളിൽനിന്നും, കൌടില്യന്റെ അത്ഥശാസ്ത്രമെന്ന ഗ്രന്ഥത്തിൽനിന്നും നമുക്കു ധാരാളം അറിവു ലഭിക്കുന്നുണ്ട്.

ഏകാധിപതിയായ ചക്രവത്തിയിൽ ഭരണം മുഴുവൻ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു രീതിയാണു് നടപ്പിലിരുന്നതു്. ഭരണകായ്യങ്ങളിൽ ചക്രവത്തിയെ ഉപദേശിക്കുവാൻ 'അമാത്യ'ന്മാരും, മന്ത്രിമാർ, സേനാപതി, പുരോഹിതൻ, യുവരാജാവു് എന്നിവരെല്ലാംകൂടിയ ഒരു 'മന്ത്രിപരിഷത്തു'മുണ്ടായിരുന്നു. ഭരണകൂടത്തെ പലവകുപ്പുകളായി വിഭജിച്ച്, ഓരോ വകുപ്പിനും ഓരോ 'അദ്ധ്യക്ഷ'നെ നിയമിച്ചിരുന്നു. സാമ്രാജ്യം പല പ്രവിശ്യകളായും, ഓരോ പ്രവിശ്യയും പ്രദേശങ്ങളായും, പ്രദേശങ്ങൾ ഗ്രാമങ്ങളായും വിഭജിച്ചു് അതാതിനുവേണ്ടഉദ്യോഗസ്ഥന്മാരുടെ കീഴിലാക്കിയിരുന്നു. ചില പ്രവിശ്യകളിൽ 'ഉപരാജാ'ക്കന്മാരായി രാജകുമാരന്മാരെയാണു് നിയമിച്ചിരുന്നതു്. പട്ടണങ്ങളിൽ 'നാഗരിക'ന്മാരും ഗ്രാമങ്ങളിൽ 'ഗ്രാമണി'കളും ഉദ്യോഗസ്ഥന്മാരെ സഹായിക്കുവാൻ ഉണ്ടായിരുന്നു. പ്രധാന ഉദ്യോഗസ്ഥന്മാരെ 'മഹാ

മാത്രന്മാർ' എന്നാണ് വിവക്ഷിച്ചിരുന്നതു്. ചാരന്മാർ മുഖാന്തിരം ദൂരസ്ഥലങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികൾ മനസ്സിലാക്കി, ചക്രവർത്തി അവരെ നിയന്ത്രിച്ചിരുന്നു.

ചന്ദ്രഗുപ്തൻ ഏഴുലക്ഷത്തിൽപരം യോദ്ധാക്കളടങ്ങിയ ഒരു സൈന്യം സജ്ജമാക്കി നിറുത്തിയിരുന്നു. ആന, കുതിര, രഥം, കാലാൾ എന്നു നാലു വിഭാഗങ്ങളുണ്ടായിരുന്ന ഈ 'ചതുരംഗസേന'യുടെ ചെലവിനുള്ള ദ്രവ്യം മുഴുവൻ ഖജനാവിൽനിന്നു കൊടുത്തിരുന്നു. സൈന്യസംബന്ധമായ ചുമതലകൾ മുപ്പതുപേരടങ്ങിയ ഒരു സഭയിലേല്പിച്ചിരുന്നു. അഞ്ചുപേർ വീതമുള്ള ആറു ഉപസഭകളായി തിരിഞ്ഞു് നിർദ്ദിഷ്ടജോലികളെ അവർ നടത്തിവന്നു.

പാടലീപുത്രം ഒൻപതുനാഴിക നീളവും രണ്ടു നാഴിക വീതിയുമുള്ള ഒരു പട്ടണമായിരുന്നു. അതിനു ചുററും 64 വാതലുകളും 570 ഗോപുരങ്ങളുമുള്ള ഒരു വലിയ മരക്കോട്ടയുണ്ടായിരുന്നു. മുപ്പതുപേരുള്ള ഒരു സഭയാണു് ഇവിടത്തെ ഭരണം നടത്തിയിരുന്നതു്. ഈ സഭ ആറു 'പഞ്ചായത്തു'കളായി പിരിഞ്ഞു് ജനനമരണം, ക്രയവിക്രയം, തൊഴിലുകൾ, വിദേശീയർ, ചുങ്കപ്പിരിവു് മുതലായവയെ സംബന്ധിച്ച ജോലികൾ ചെയ്തിരുന്നു.

2. <u>സാമൂഹ്യജീവിതം.</u> ചക്രവർത്തിയുടെ കൊട്ടാരം മരംകൊണ്ടു നിർമ്മിച്ചതായിരുന്നു. സ്വർണ്ണത്തിലുണ്ടാക്കിയ അനവധിസാമാനങ്ങൾ അവിടെയുണ്ടായിരുന്നു. സുഖലോലുപനായാണു് അദ്ദേഹം ജീവിച്ചിരുന്നതു്. മല്ലയുദ്ധങ്ങളും കുതിരപ്പന്തയങ്ങളും സാധാരണ അദ്ദേഹത്തിനിഷ്ടമുള്ള നേരമ്പോക്കുകളായിരുന്നു. ഒരുദിവസം കിടന്നു് ഉറങ്ങിയമുറിയിൽ പിറേറ ദിവസം അദ്ദേഹം കിടന്നിരുന്നില്ല. കൊ

ട്ടാരത്തിലും വെളിയിൽ പോകുമ്പോഴും അദ്ദേഹത്തിന്ന് അംഗരക്ഷകരായി സ്ത്രീകളുണ്ടായിരുന്നു.

പ്രജകളുടെ ജീവിതവും സമ്പന്നമായിരുന്നു. വസ്തുകരം, വെള്ളക്കരം, കച്ചവടനികുതി, മററുതരത്തിലുള്ള ചുങ്കങ്ങൾ എന്നീ രീതിയിൽ ഈടാക്കിവന്ന പണം ഗവൺമെണ്ട് ജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി ചെലവാക്കിയിരുന്നു. പ്രജകളുടെ സുഖജീവിതത്തിനുവേണ്ടി എല്ലാ കാൎയ്യങ്ങളും ചെയ്യേണ്ടതു് ഗവൺമെണ്ടിന്റെ ചുമതലയാണെന്നു ചന്ദ്രഗുപ്തൻ കരുതിയിരുന്നു. റോഡുകളും, തോടുകളും വെട്ടുക, കപ്പൽ ഗതാഗതത്തിനുള്ള സൌകൎയ്യങ്ങളേൎപ്പെടുത്തുക, കൃഷിയും കച്ചവടവും പ്രോത്സാഹിപ്പിക്കുക ഇത്യാദികളെല്ലാം ഗവൺമെണ്ടു ചെയ്തിരുന്നു. കൃഷിയും കച്ചവടവും അഭിവൃദ്ധിപ്പെട്ടിരുന്നതിനാൽ ജനങ്ങൾക്കു സമ്പത്തു വർദ്ധിച്ചു. മസ്ലിൻവസ്ത്രങ്ങളിൽ സ്വർണ്ണവും രത്നവും പിടിപ്പിച്ചു അവർ ധരിച്ചിരുന്നു. കലകളിൽ അവർ ഉത്സാഹം പ്രകടിപ്പിച്ചു. 'ശ്രേണികൾ' എന്നറിഞ്ഞിരുന്ന തൊഴിൽസംഘങ്ങൾ അവയുടെ അംഗങ്ങൾക്കുവേണ്ട സഹായസഹകരണങ്ങൾചെയ്തുവന്നു കഠിനശിക്ഷകളാണു് ചന്ദ്രഗുപ്തൻ നൽകിയിരുന്നതു്. നേരിട്ടു സങ്കടമുണർത്തിക്കുവാനും അദ്ദേഹം പ്രജകളെഅനുവദിച്ചിരുന്നു. മോഷണം കുറവായിരുന്നുവെന്നും, ജനങ്ങൾ പൊതുവെ സത്യസന്ധന്മാരായിരുന്നുവെന്നും രേഖപ്പെടുത്തിക്കാണുന്നു.

## II ബിന്ദുസാരൻ

(ബി. സി. 298 മുതൽ ബി. സി. 273 വരെ)

ചന്ദ്രഗുപ്തന്റെ പുത്രനായ ബിന്ദുസാരൻ 'അമിത്രഘാതകൻ' എന്ന ബിരുദം സ്വീകരിച്ചിരുന്നു. ഡക്കാനിലെ രാജ്യങ്ങളെ പിടിച്ചടക്കി അദ്ദേഹം മൌൎയ്യസാമ്രാജ്യം വിസ്തൃതമാക്കി. സിറിയയും ഈജിപ്തുമായി നയത

ന്ധുബന്ധം പുലർത്തിയുമിരുന്നു. ഇത്രയുമല്ലാതെ അദ്ദേഹത്തെക്കുറിച്ചു വലിയ അറിവൊന്നും നമുക്കു ലഭിച്ചിട്ടില്ല.


## III അശോകൻ

(ബി. സി. 273 മുതൽ ബി. സി. 234 വരെ)

### 1. കലിംഗയുദ്ധം

ബി. സി. 273-ൽ ബിന്ദുസാരൻെറ മരണാനന്തരം അദ്ദേഹത്തിൻെറ ദ്വിതീയപുത്രനായ അശോകൻ രാജാവായി. രക്തച്ചൊരിച്ചിലിനിടയാക്കിയ ചില അവകാശവഴക്കുകൾ ഹേതുവായി ബി. സി. 269 വരെ അദ്ദേഹത്തിൻെറ സ്ഥാനാരോഹണം നടന്നില്ല. മാംസളുക്കായ ഒരു ഹിന്ദുവായിരുന്നു യുവാവായ അശോകൻ. നായാട്ടും മൃഗങ്ങളെക്കൊണ്ടുള്ള വിനോദങ്ങളും അദ്ദേഹത്തിനു വളരെ ഇഷ്ടമായിരുന്നു. പിതാവിൻെറ വിസ്തൃതമായ സാമ്രാജ്യത്തിലുൾപ്പെടാതെ, മഗധയെ തൊട്ടുകിടന്നിരുന്ന കലിംഗരാജ്യത്തെ ഉടൻ പിടിച്ചടക്കണമെന്നു നിശ്ചയിച്ചുകൊണ്ടു് അദ്ദേഹം ഒരു വലിയ സൈന്യത്തെ ബി. സി. 261-ൽ അങ്ങോട്ടയച്ചു. യുദ്ധത്തിൽ ജയം സിദ്ധിച്ചപ്പോൾ സന്തോഷത്തിനുപകരം അശോകനു് അതിയായ സന്താപമാണുണ്ടായതു്. യുദ്ധക്കളത്തിലെ നിണവും, ജനങ്ങളുടെ കഷ്ടപ്പാടുകളും കണ്ടു് അദ്ദേഹത്തിനു വലുതായ 'മനോമാറ്റമുണ്ടായി'. ദിഗ്വിജയമല്ല, മനുഷ്യരുടെ ഹൃദയവിജയമാണു് കാര്യമായിട്ടുള്ളതെന്നും, ബലപ്രയോഗംകൊണ്ടല്ല, സ്നേഹംകൊണ്ടാണു് അതു സാധിക്കേണ്ടതെന്നും അദ്ദേഹത്തിൻെറ മനസ്സിൽ തോന്നി. മേലാൽ യുദ്ധം ചെയ്യുന്നതല്ലെന്നു അദ്ദേഹം ശപഥംചെയ്തു. ആയുധവീരന്മാർക്കു പകരം

ധർമ്മസന്ദേശവാഹകന്മാരെക്കൊണ്ടുവേണം സാമ്രാജ്യത്തിന്റെ മേന്മപുലർത്തുവാൻ എന്ന് അദ്ദേഹം നിശ്ചയിച്ചു. യുദ്ധമെന്നതു മറന്ന് സമാധാനമെന്നതിനെക്കുറിച്ചായി, അദ്ദേഹത്തിന്റെ ചിന്തമുഴുവൻ.




അശോകന്റെ സാമ്രാജ്യം ബി. സി. 250

## 2. ബുദ്ധമതപ്രചരണം.

അശോകന്റെ മാനസികപ്രവത്തനങ്ങൾ അദ്ദേഹത്തെ ബുദ്ധമത തത്വങ്ങളിലേക്കാകർഷിച്ചു. ഈ

സന്ദർഭത്തിൽ, മഗധയിലെ ബുദ്ധസന്യാസിവര്യനായ ഉപഗുപ്തൻ അദ്ദേഹത്തെ ഒരു 'ശാക്യോപാസക'നായി സ്വീകരിച്ചു. അന്നുമുതൽ ബുദ്ധമതതത്വങ്ങളനുസരിച്ചു ജീവിക്കുന്നതിലും, ബുദ്ധമതം ലോകമൊട്ടുക്കു പ്രചരിപ്പിക്കുന്നതിലുമായിരുന്നു അശോകൻെറ ശ്രദ്ധ.

1. സാമ്രാജ്യത്തിലെ ബുദ്ധമതപ്രചരണം. ബുദ്ധൻെറ ജീവിതവുമായി ബന്ധപ്പെട്ടു പരിശുദ്ധമായിത്തീന്നിട്ടുള്ള പുണ്യസ്ഥലങ്ങളിലേക്കു ആദ്യമായി അശോകൻ ഒരു തീത്ഥയാത്ര പുറപ്പെട്ടു. കപിലവസ്തു, സാരാനാഥം, ബുദ്ധഗയാ, കുശിനഗരം എന്നീ സ്ഥലങ്ങളിലെല്ലാംചെന്നു് അദ്ദേഹം ബുദ്ധനോടുള്ള ബഹുമാനം പ്രകടിപ്പിച്ചു. കൊട്ടാരത്തിലുള്ളവക്കു് മാംസാഹാരം നിരോധിച്ചു. പാടലീപുത്രത്തിൽ ബുദ്ധസന്യാസിമാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി, ബുദ്ധമതതത്വങ്ങളെ സംബന്ധിച്ചു വളന്നുവന്നിരുന്ന സംശയങ്ങൾക്കു നിവൃത്തിവരുത്തുകയും, അവയിൽ പ്രധാനമായവയെ ക്രോഡീകരിച്ചു് ചില രാജശാസനങ്ങൾ പുറപ്പെടുവിക്കയും ചെയ്തു ബുദ്ധസന്യാസിമാരുടെ സംഘങ്ങൾക്കു വേണ്ട സഹായം നൽകി. കുറച്ചുകാലം ബുദ്ധസന്യാസിയുടെ വേഷം ധരിച്ചു് ഒരു രാജർഷിയായി അദ്ദേഹം ജീവിക്കയും ചെയ്തു. ബുദ്ധമതത്തെ രാജ്യത്തിലെ സ്ഥാപിതമതമായി സ്വീകരിച്ചുകൊണ്ടു് ജനങ്ങളുടെ ഇടയിൽ അതു് പ്രചരിപ്പിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന പ്രവത്തനങ്ങൾ അദ്ദേഹം നടപ്പിൽ വരുത്തി.

a. ബൌദ്ധധർമ്മത്തെ ക്രോഡീകരിച്ചു് രാജശാസനങ്ങൾ പുറപ്പെടുവിക്കയും അവയെ ജനങ്ങളുടെ അറിവിനായി പാറകളിലും കൽത്തൂണുകളിലും കൊത്തിക്കുകയും ചെയ്തു. ഇങ്ങനെയുള്ള മുപ്പതിൽപ്പരം രാജശാസ

നങ്ങൾ ഇതുവരെ കണ്ടുകിട്ടിയിട്ടുണ്ട്. പഞ്ചാബിന്റെ വടക്കെ അററം മുതൽ കിഴക്ക് ഒറീസ്സാവരെയും തെക്ക് മൈസൂർവരെയും ഉള്ള സ്ഥലത്താണ് ഇവയെല്ലാം കാണുന്നത്. കണ്ണാടിപോലെ മിനുക്കിയ പാറപ്പുറങ്ങളിലും അതിമനോഹരമായി നിർമ്മിച്ച ശിലാസ്തംഭങ്ങളിലും സുന്ദരമായ രീതിയിൽ കൊത്തിച്ചിട്ടുള്ള ബൗദ്ധധർമ്മത്തിലെ പ്രധാന നിയമങ്ങൾ ഗുരുത്വം, സത്യം, അഹിംസ എന്നിവയെപ്പററിയുള്ളവയാകുന്നു. സത്കർമ്മം, ഭൂതദയ, വിശാലമനസ്കത, പരിശുദ്ധത എന്നിവയും അദ്ദേഹം നിഷ്കർഷിച്ചിട്ടുള്ള സംഗതികളാണ്.

b. സദാചാരനിയമങ്ങൾ പാലിക്കുന്നതിൽ ആളുകളെ പ്രേരിപ്പിക്കുന്നതിനും, അതിൽനിന്നു വ്യതിചലിക്കുന്നവരെ ശിക്ഷാർഹരാക്കുന്നതിനും ചുമതലപ്പെടുത്തി. "ധർമ്മമഹാമാത്രന്മാർ" എന്നു് ഒരുകൂട്ടം ഉദ്യോഗസ്ഥന്മാരെ അദ്ദേഹം നിയമിച്ചു. ജന്തുഹിംസാനിരോധനം അവരുടെ ഏററവും പ്രധാനമായ ജോലിയായിട്ടാണ് കരുതിയിരുന്നത്.

c. രാജ്യത്തിലെ സകല ഉദ്യോഗസ്ഥന്മാരും പരിശോധനാർത്ഥം സഞ്ചരിക്കുന്ന അവസരങ്ങളിൽ ധർമ്മപ്രചരണം നടത്തണമെന്നു അശോകൻ നിഷ്കർഷിച്ചിരുന്നു. ആണ്ടിൽ ഒന്നോ രണ്ടോ ദിവസം ഇതിലേയ്ക്കുമാത്രമായി നിശ്ചയിക്കുകയും ചെയ്തു.

2. <u>വിദേശങ്ങളിലെ ബുദ്ധമതപ്രചരണം</u> വിദേശങ്ങളിൽ ബുദ്ധമതതത്വങ്ങൾ പ്രചരിപ്പിക്കുന്നതിനു് അശോകൻ ധർമ്മസന്ദേശവാഹകന്മാരെ നിയോഗിച്ചു. തമിഴ്നാട്, സിലോൺ, ഈജിപ്ത്, ഗ്രീസ് എന്നീ സ്ഥലങ്ങൾ ഇതിലുൾപ്പെടുന്നു. അശോകന്റെ അടുത്ത ബന്ധുക്കളായ മഹേന്ദ്രനും സംഘമിത്രയു

മായിരുന്നു സിലോണിൽ ചെന്നതു്. അവിടത്തെ രാജാവു് അവർക്കു വേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുകയാൽ അതിവേഗത്തിൽ ബുദ്ധമതം സിലോണിൽ പ്രചരിച്ചു. അശോകന്റെ ധർമ്മസന്ദേശവാഹകന്മാർ വെറും മതപ്രാസംഗികന്മാരല്ലായിരുന്നു. സാധുജന സേവനവും പരിശുദ്ധമായ ജീവിതവും കൊണ്ടു് അവർ ബുദ്ധമതത്തിലേയ്ക്കു് ആളുകളെ ആകർഷിക്കുകയാണു് ചെയ്തതു്. വിദേശങ്ങളിലെ മതപ്രചരണത്തിൽ അശോകനു് വിജയമുണ്ടാകുവാനുള്ള കാരണം ഇതായിരുന്നു. മഗധയിലും പരിസരങ്ങളിലും മാത്രം പ്രചാരത്തിലിരുന്ന ബുദ്ധമതത്തെ അശോകൻ ഏഷ്യ, യൂറോപ്പു്, ആഫ്രിക്കാ എന്നീ മൂന്നു ഖണ്ഡങ്ങളിൽ പ്രചരിപ്പിച്ചു് ഒരു ലോകമതമാക്കിത്തീർത്തു.

## 3. അശോകന്റെ മാഹാത്മ്യം.

അതിശക്തവും വിപുലവുമായ ഒരു സാമ്രാജ്യത്തിന്റെ ഏകഛത്രാധിപതിയായിരുന്ന അശോകൻ, രാജപദവിയെ പൊതുജനസേവനത്തിനുള്ള ഒരു അവസരമായിട്ടാണു് കരുതിയതു്. അദ്ദേഹത്തിന്റെ രാജശാസനങ്ങളിൽ ഒന്നിൽ 'ജനങ്ങളെല്ലാം എന്റെ പുത്രന്മാരാണു്' എന്നും, മറെറാന്നിൽ 'പൊതുജന നന്മയ്ക്കുവേണ്ടി ഞാൻ പണിയേണ്ടതാണു്' എന്നും പറഞ്ഞുകാണുന്നു. പുത്രനിർവ്വിശേഷം പ്രജകളെ സ്നേഹിച്ചതുമൂലം, രാപ്പകൽ വിശ്രമം കൂടാതെ അദ്ദേഹം ജോലി ചെയ്തിരുന്നു. ഇതു അദ്ദേഹത്തിന്റെ വെറും കടമയാണെന്നാണു് അദ്ദേഹം പറയുമായിരുന്നതു്. ഇൻഡ്യയിൽ മാത്രമല്ല ലോകമാസകലമുള്ള ജനങ്ങളുടെ നന്മയായിരുന്നു അദ്ദേഹത്തിന്റെ ആദർശം. ഇൻഡ്യയിലെങ്ങും ചോലമരങ്ങൾ നട്ടുപിടിപ്പിക്കയും, കുളങ്ങൾ കുഴിപ്പിക്കുകയും, വഴിയമ്പലങ്ങളും ആശുപത്രികളും

സ്ഥാപിക്കുകയും ചെയ്തതു പോലെ, വിദേശങ്ങളിലും ആതുരക്ക് മരുന്നും സാധുക്കൾക്ക ആഹാരവും അദ്ദേഹമയച്ചു കൊടുത്തിരുന്നു. മനുഷ്യരെ മാത്രമല്ല, മൃഗങ്ങളേയും മററു ജീവജാലങ്ങളേയുംകൂടി അദ്ദേഹം ഒരുപോലെ സ്നേഹിച്ചിരുന്നു. അഹിംസാസിദ്ധാന്തം ധർമ്മമഹാമാത്രന്മാർ മുഖേന നാടൊട്ടുക്ക പരത്തിയും, മൃഗാശുപത്രികൾ നാനാദിക്കുകളിലും സ്ഥാപിച്ചും അദ്ദേഹം മനുഷ്യനു മററുജീവജാലങ്ങളോടുള്ള കടമ നിർവ്വഹിച്ചു. 'ബലമേവ ജയതി' എന്നു രാജാക്കന്മാർവിശ്വസിച്ചിരുന്ന ഒരു കാലത്തു്, "സൈന്യങ്ങളെകൊണ്ടു് രാജ്യം പിടിച്ചടക്കുകയല്ല, സ്നേഹംകൊണ്ടു് ജനങ്ങളുടെ ഹൃദയംകവരുകയാണു് വേണ്ടതു്." എന്നു് അദ്ദേഹംഉദ്ഘോഷിക്കുകയും അതനുസരിച്ചു പ്രവത്തിക്കുകയും ചെയ്തു. അക്രമരാഹിത്യത്തിലും ലോകസമാധാനത്തിലും മാത്രമല്ല, മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും മൃഗവും തമ്മിലുമുള്ള സൌഹാർദ്ദത്തിലുംകൂടി അദ്ദേഹം വിശ്വസിച്ചിരുന്നു. ബുദ്ധമതപ്രചരണത്തിലദ്ദേഹത്തിനുണ്ടായിരുന്ന ഔൽസുക്യം അദ്ദേഹത്തെ ഒരു മതഭ്രാന്തനാക്കിയിട്ടില്ലായിരുന്നു. 'ഒരുവൻെറ മതത്തിലുള്ള വിശ്വാസംമൂലം മററു മതങ്ങളെ പുച്ഛിക്കുന്നവൻ, അവൻെറ മതത്തിനു വലിയ ദോഷമാണു് ചെയ്യുന്നതു്'' എന്നാണു് അദ്ദേഹം ഒരു രാജശാസനത്തിൽ പറഞ്ഞിട്ടുള്ളതു്. "ലോകസമാധാനവും സന്മാർഗ്ഗജീവിതവും" ആദർശങ്ങളായി പുലത്തി അവയ്ക്കുവേണ്ടി ജീവിച്ച ആദ്യത്തെ രാജാവാണു് അശോക ചക്രവത്തി.

## 4. കലാപ്രോത്സാഹനം.

അശോകൻെറ കാലത്താണു് കല്ലുകൊണ്ടുള്ള കെട്ടിടങ്ങൾ ഉത്തരഇൻഡ്യയിൽ സാധാരണയായിത്തീർന്നതു്.

അദ്ദേഹം നിർമ്മിച്ച സ്തംഭങ്ങളും സ്തൂപങ്ങളും അതി
മനോഹരങ്ങളാണ്. സാഞ്ചിയിലെ സ്തൂപവും സാരാനാഥ



സിംഹസ്തംഭാഗ്രം

ത്തിലെ 'സിംഹസ്തംഭവും അതിലുൾപ്പെടുന്നു. സാരാനാഥത്തിലെ സ്തംഭത്തിന്റെ അഗ്രഭാഗം ഒരു വിടർത്തിയ താമരപ്പൂവിൽ നാലു സിംഹങ്ങളൊന്നുചേർന്നു നില്ക്കുന്ന രൂപത്തിലാണ് ചെയ്തിട്ടുള്ളതു്. ഇതിനെ അതിവിശിഷ്ടമായ ഒരു കലാസമ്പത്തായിട്ട് നാം കരുതിയിരിക്കുന്നു. ഇതിൽ കാണുന്ന 'അശോകചക്ര'മാണ് സ്വതന്ത്ര ഇൻഡ്യയുടെ കൊടിയടയാളമായി ഇന്ന് പരിലസിക്കുന്നതു്.

## IV മൌര്യസാമ്രാജ്യത്തിന്റെ അധഃപതനം

അശോകന്റെ മരണശേഷം മൌര്യസാമ്രാജ്യം തകർന്നു. അതിവിസ്തൃതമായ ഒരു സാമ്രാജ്യം ഭരിക്കുന്നതിനുവേണ്ട സൈന്യബലമോ സാമർത്ഥ്യമോ അദ്ദേഹത്തിന്റെ പിൻഗാമികൾക്കുണ്ടായിരുന്നില്ല. ദശരഥൻ എന്നൊരു പൌത്രൻ സാമ്രാജ്യത്തിന്റെ പൂർവഭാഗവും സ്വ

മ്പ്രതി എന്ന മറെറാരു പൌത്രൻ പശ്ചിമഭാഗവും കുറെക്കാലം ഭരിച്ചു. അവരുടെ കാലത്തിനുശേഷം ദൂരസ്ഥലങ്ങളായ പ്രവിശ്യകളിൽ ഒന്നും തന്നെ സാമ്രാജ്യത്തിലുണ്ടായിരുന്നില്ല. ബി. സി. 185-ൽ മഗധയെ ഭരിച്ചിരുന്ന ബൃഹദ്രഥനെ അദ്ദേഹത്തിൻെറ സേനാനായകനായ പുഷ്യമിത്രൻ വധിച്ചതോടുകൂടി, മൌര്യവംശമവസാനിച്ചു.

## അദ്ധ്യായം 7

# പശ്ചിമോത്തരഭാഗങ്ങളിലെ വിദേശിയാധിപത്യകാലം

(ബി. സി. 2-ാം ശതാബ്ദം മുതൽ
എ. ഡി. 2-ാം ശതാബ്ദം വരെ)

### 1. മഗധയിലെ ഹൈന്ദവപുനരുത്ഥാനം.

1. സംഗവംശം. (ബി. സി. 185 മുതൽ ബി. സി. 73 വരെ) ബൃഹദ്രഥനെ വധിച്ച പുഷ്യമിത്രസംഗൻ ഒരു ബ്രാഹ്മണനായിരുന്നതുകൊണ്ടു് അദ്ദേഹത്തിൻെറ സ്ഥാനാരോഹണം മഗധയിൽ വീണ്ടും ഹിന്ദുമതത്തിൻെറ വളർച്ചയ്ക്കു് കാരണമായി. കാബൂളിൽനിന്നു് പാടലീപുത്രത്തിലേയ്ക്കു പാഞ്ഞുകയറിയ മിനാണ്ഡർ എന്ന യവനരാജാവിനെ ആട്ടിപ്പായിക്കയും, തെക്കുനിന്നുണ്ടായ കലിംഗരാജാവിൻെറ ആക്രമണങ്ങളെ തടുത്തു നിറുത്തുകയും ചെയ്തതു നിമിത്തം സുശക്തനെന്നു് വിഖ്യാതനായ പുഷ്യമിത്രൻ ഹൈന്ദവാചാരമനുസരിച്ചു് അശ്വമേധയാഗം കഴിച്ചാണു് അദ്ദേഹത്തിൻെറ പ്രാമാണികത്വം പ്രഖ്യാപിച്ചതു്. അദ്ദേഹത്തെ തുടർന്നു് ഒൻപതു് രാജാക്കന്മാർ ക്ര

ടി സംഗവംശത്തിലുണ്ടായി. ബി. സി. 73-ൽ അവരുടെ ഭരണമവസാനിച്ചു.

2. കണ്വവംശം. (ബി. സി. 73 മുതൽ ബി. സി. 28 വരെ) സംഗവംശത്തിലെ പത്താമത്തെ രാജാവായ ദേവഭൂതിയെ കൊലപ്പെടുത്തി മഗധയിലെ സിംഹാസനം കവന്നെടുത്ത അദ്ദേഹത്തിൻെറ മന്ത്രിയാണ കണ്വവംശം സ്ഥാപിച്ചതു്. ഇതും ഒരു ബ്രാഹ്മണരാജവംശമായിരുന്നു. ആകെ നാലു രാജാക്കന്മാരുണ്ടായിരുന്ന ഈ വംശം ബി. സി. 28 വരെ നിലനിന്നു.

## II. വടക്കപടിഞ്ഞാറുഭാഗത്തിലെ വിദേശീയാക്രമണങ്ങൾ

1. ഏഷ്യയിലെ യവനരാജാക്കന്മാർ. സെല്യൂക്കസ് ഭരിച്ചിരുന്ന ഗ്രീക്കുകാരുടെ ഏഷ്യൻ സാമ്രാജ്യം ബി. സി. മൂന്നാം ശതകത്തിൽ ശിഥിലമായി. ബാക്ട്രിയയിലെയും പാർത്തിയയിലെയും ഗ്രീക്കുഗവർണ്ണർമാർ സ്വാതന്ത്ര്യം പ്രഖ്യാപിച്ചുകൊണ്ട് സ്വന്തം രാജ്യങ്ങൾ സൃഷ്ടിച്ചു. സെലൂക്കസ്സിൻെറ പിൻഗാമികളുടെ അധികാരസീമ അതോടുകൂടി സിറിയമാത്രമായിത്തീരുകയും ചെയ്തു.

ഇക്കാലത്താണു് മൌര്യന്മാരുടെ അധഃപതനമുണ്ടായതു്. ഉടൻതന്നെ ഇൻഡ്യയെ ആക്രമിക്കുവാൻ ഏഷ്യയിലെ യവനരാജാക്കന്മാർ ആത്തികാണിച്ചു. സിറിയയിലെ രാജാവായിരുന്ന ആൻറിയോക്കസ് ഇൻഡ്യയെ ആക്രമിച്ച് സംതൃപ്തനായി. ബാക്ട്രിയയിലെ രാജാവായ ഡെമിട്രിയസ് അതുകഴിഞ്ഞു് ഇൻഡ്യയിലേയ്ക്കു തിരിച്ചു. അഫ്ഘാനിസ്ഥാനം, പഞ്ചാബും പിടിച്ചടക്കി, അദ്ദേഹം ഇൻഡ്യയിൽ ഒരു പുതിയ ഗ്രീക്കുസംസ്ഥാനം സ്ഥാപിച്ചു. അദ്ദേഹത്തിൻെറ കാലശേഷം

ഈ സ്ഥലത്തും അതിനടുത്തുമായി പല ചെറിയ യവന രാജ്യങ്ങൾ ഉദയംചെയ്തു.

ഇവയിൽ പ്രധാനമായ ഒരു രാജ്യമായിരുന്നു കാബൂൾ. ബി. സി. 160-നും 140-നമിടയ്ക്കു് കാബൂൾ ഭരിച്ചതു് മിനാണ്ഡർ എന്ന പ്രസിദ്ധനായ ഒരു രാജാവായിരുന്നു. ആയോധനപടുവായിരുന്ന മിനാണ്ഡർ തലസ്ഥാനമായ ശാകാലത്തു (സിയൽകാട്ട്) നിന്നു പുറപ്പെട്ട് സിൻഡും സൗരാഷ്ട്രവും പിടിച്ചടക്കിക്കൊണ്ടു് മഥുരയിലും സാകേതത്തിലുംകൂടി മഗധയുടെ അതിർത്തിയിലെത്തി (ബി. സി. 155) മഗധയെ ഭരിച്ചിരുന്ന പുഷ്യമിത്രസംഗനു് അദ്ദേഹത്തെ തോല്പിച്ചു പിൻതിരിപ്പിക്കുവാൻ കഴിഞ്ഞില്ലായിരുന്നുവെങ്കിൽ ഉത്തരഇൻഡ്യയിലെ ചരിത്രം വ്യത്യസ്തമായിത്തീരുമായിരുന്നു. മിനാണ്ഡർ ബുദ്ധമതം സ്വീകരിച്ചിരുന്നു. 'മിളിന്ദന്റെ ചോദ്യങ്ങൾ' ('മിളിന്ദപൻഹ') എന്നൊരു ബുദ്ധമതഗ്രന്ഥം അദ്ദേഹത്തെ ചിരപ്രസിദ്ധനാക്കിത്തീർത്തിട്ടുണ്ടു്.

ഏ. ഡി. ഒന്നാംശതകത്തിൽ ഹെർമേയോസ് എന്നൊരു ഗ്രീക്കരാജാവു് കാബൂൾ ഭരിച്ചിരുന്നു. കുശാനന്മാരുടെ വരവോടുകൂടി അദ്ദേഹത്തിന്റെ ഭരണമവസാനിക്കയും, അങ്ങനെ ഇൻഡ്യയിലെ യവനവംശങ്ങൾ നാമാവശേഷമാകയും ചെയ്തു.

2. പാത്തിയന്മാർ.

ബി. സി. 138-ാമാണ്ടു് മിത്രിഡേററസ് എന്നൊരു പാത്തിയൻ രാജാവു് തക്ഷശിലയെ ആക്രമിച്ചു. ഇതിനെത്തുടന്നു് ഇൻഡ്യയുടെ വടക്കുപടിഞ്ഞാറു ഭാഗത്തു് ചില പാത്തിയൻ രാജകുമാരന്മാരുടെ ഭരണമുണ്ടായി. ഇവരിൽ ഏററവും പ്രസിദ്ധനായ രാജാവാണു് ഗൊണ്ടോഫർനിസ്. എ. ഡി. 20-നും 48-നമിടയ്ക്കു് അദ്ദേഹം ഭരിച്ചു. കാബൂളും കണ്ടഹാറും, തക്ഷശിലയും അദ്ദേഹത്തിന്റെ അധീനത്തിലായിരുന്നു. ക്രിസ്തു

ദേവൻെറ അപ്പോസ്തലന്മാരിൽ ഒരാളായ സെയിൻറ് തോമസ് അദ്ദേഹത്തിൻെറ രാജ്യത്ത് കുറെക്കാലം വസിച്ചിരുന്നതായി പറയുന്നുണ്ട്. എ. ഡി. ഒന്നാംശതകത്തിൻെറ മദ്ധ്യത്തിൽ പാത്തിയന്മാരുടെ രാജ്യങ്ങൾ കശാനസാമ്രാജ്യത്തിൽ ലയിച്ചു.

3. ശകന്മാരുംകശാനന്മാരും

ബി. സി. രണ്ടാംശതാബ്ദത്തിൽ ഇൻഡ്യയിൽ പ്രവേശിച്ച ഒരു സിത്തിയൻവർഗ്ഗമാണ് ശകന്മാർ 'യുവേച്ചകൾ, എന്നറിഞ്ഞിരുന്ന മറെറാരു സിത്തിയൻവർഗ്ഗത്തിൻെറ ഞെരുക്കംകൊണ്ട് മദ്ധ്യഏഷ്യയിൽനിന്ന് പുതുനാട്ടുകളിലേയ്ക്കു പ്രയാണമാരംഭിച്ച ശകന്മാർ ബാക്ട്രിയയിലും പാത്തിയയിലും ഇൻഡ്യയിലും പ്രവേശിച്ചു. ബാക്ട്രിയയിലേയും ഇൻഡ്യൻ അതിർത്തിയിലേയും ഗ്രീക്കരാജ്യങ്ങളെ നശിപ്പിച്ചിട്ട്, ബി. സി. ഒന്നാം ശതകത്തിൽ, ഇൻഡ്യയുടെ പശ്ചിമോത്തരഭാഗങ്ങളധികവുമുൾപ്പെട്ട ഒരു സാമ്രാജ്യം ശകരാജാവായ മോഗ നിർമ്മിച്ചു. പാത്തിയന്മാരുടെ മേൽക്കോയ്മ സ്വീകരിച്ചുകൊണ്ടാണ് അദ്ദേഹം ഭരിച്ചത്. തക്ഷശിലയിലും മഥുരയിലും സൗരാഷ്ട്രത്തിലും ശകന്മാർ സത്രപ്പികൾ സ്ഥാപിച്ചു. എ. ഡി. രണ്ടാംശതകത്തിൽ മാളവത്തിലും ഒരു ശകസത്രപ്പി സ്ഥാപിതമായി. മാളവത്തിലെ രാജാക്കന്മാരെ മഹാക്ഷത്രപന്മാർ എന്നാണ് പറഞ്ഞിരുന്നത്. രുദ്രദാമൻ എന്നൊരു മഹാക്ഷത്രപൻ, സൌരാഷ്ട്രം, സിൻഡ്, മാളവം, കൊങ്കണം എന്നീ സ്ഥലങ്ങളെല്ലാം അധീനപ്പെടുത്തി പശ്ചിമഇൻഡ്യ മുഴുവൻ ഭരിച്ചിരുന്നു.

ബി. സി. 150-ാമാണ്ടോടുകൂടി യുവേച്ചികളും ഇൻഡ്യയുടെ വടക്കരുകിലെത്തി. അവരുടെ ഒരു അവാന്തരവിഭാഗമാണ് കശാനന്മാർ.

## III. കശാനവംശം

### 1. ആദ്യത്തെ കശാനരാജാക്കന്മാർ

1. കാഡ്ഫീസസ്. (എ. ഡി. 40 മുതൽ എ. ഡി. 78 വരെ)


എ. ഡി. 40 –ൽ കാഡ്ഫീസസ് എന്ന കശാന പ്രധാനൻെറ നേതൃത്വത്തിൽ യുവേച്ചികളെല്ലാം കൂടി യോജിച്ച് ഹിന്ദുകുഷ്പർവ്വതനിര തരണംചെയ്തു. ഹെർമേയോസ്സിനെ തോല്പിച്ച് കാബൂളിലെ ഗ്രീക്കുഭരണമവസാനിപ്പിച്ചശേഷം, കാബൂളും ഗാന്ധാരവും കൂട്ടിച്ചേർത്ത് കാഡ്ഫീസസ് ഒരു കശാനരാജ്യം സൃഷ്ടിച്ചു.

2. വീമാകാഡ്ഫീസസ് (എ. ഡി. 78 മുതൽ എ. ഡി. 120 വരെ) എ. ഡി. 78-ൽ കാഡ്ഫീസസ്സിൻെറ പുത്രനായ വീമാ രാജാവായി. പ്രസിദ്ധമായ ശകവർഷം അദ്ദേഹത്തിൻെറ സ്ഥാനാരോഹണം മുതലാരംഭിച്ചിട്ടുള്ളതാണെന്നു വിശ്വസിച്ചിരിക്കുന്നു. ആദ്യമായി പഞ്ചാബ് പിടിച്ചടക്കി, അദ്ദേഹം രാജ്യവിസ്തൃതിയാരംഭിച്ചു. കിഴക്കു കാശിവരെയും തെക്കു നർമ്മദവരെയുമുള്ള ഒരു സാമ്രാജ്യം സൃഷ്ടിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അതിശക്തിമാനെന്നുള്ള വിചാരത്തിൽ വീമ, ചൈനയിലെ ചില പ്രദേശങ്ങൾ പിടിച്ചെടുക്കുവാനായി കുറെ സൈന്യങ്ങളെ അങ്ങോട്ടയച്ചു. അവയുടെ പരാജയം നിമിത്തം, ഒടുവിൽ ചൈനയ്ക്കു് കപ്പംകൊടുക്കേണ്ടതായി അദ്ദേഹത്തിനു വന്നുകൂടി.

### 2. കനിഷ്കൻ (എ. ഡി. 120 മുതൽ എ. ഡി. 162 വരെ)

1. സാമ്രാജ്യവിസ്തൃതി. കശാനരാജാക്കന്മാരിൽ ഏററവും ശ്രേഷ്ഠൻ കനിഷ്കനാണു്. ഭരണമേററു് അധികനാൾ കഴിയുന്നതിനു മുമ്പു് അദ്ദേഹം കാശ്മീര

ത്തിലെ താഴ്വരപ്രദേശങ്ങൾ പിടിച്ചടക്കി, സാമ്രാജ്യത്തെ വടക്കോട്ടു വ്യാപിപ്പിക്കുവാൻ തുടങ്ങി. കാശ്മീരത്തിനപ്പുറത്തുണ്ടായിരുന്ന കാഷ്ഗർ, ഖോട്ടാൻ, യാർകാണ്ഡ് എന്നീ സംസ്ഥാനങ്ങളേയും പിടിച്ചടക്കി, കുശാനസാമ്രാജ്യത്തിലുൾപ്പെടുത്തിയതോടുകൂടി അദ്ദേഹത്തിന്റെ പ്രശസ്തി വർദ്ധിച്ചു. ചീനസാമ്രാജ്യത്തിലുൾപ്പെട്ടിരുന്ന സാമന്തരാജ്യങ്ങളാണു് ഇവ മൂന്നും. അതുകൊണ്ടു്, ചീനയ്ക്കുമേൽ വിജയം സിദ്ധിച്ചതായി കരുതി, അതുവരെ ചീനചക്രവർത്തിക്കു കൊടുത്തിരുന്ന കപ്പവും കനിഷ്കൻ നിറുത്തലാക്കി.




2. <u>ബുദ്ധമതപുനരുദ്ധാരണം.</u> കനിഷ്കൻ ചിലപ്പോഴെല്ലാം പെർഷ്യക്കാരുടേയും ഹിന്ദുക്കളുടേയും ദേവതക

ളെ ആരാധിച്ചിരുന്നുവെങ്കിലും, ഒരു ബുദ്ധമതക്കാരനായി രുന്നു. ശ്രീബുദ്ധനെ ഒരു ദൈവമായിട്ടാരാധിച്ചുവന്ന



കനിഷ്കന്റെ ഒരു ശിലാരൂപം

മഹായാന ബുദ്ധമതമായിരുന്നു അദ്ദേഹം സ്വീകരിച്ചിരുന്നത്.

ബുദ്ധൻ പ്രവചിച്ച മതത്തിൽ ദേവതയില്ലായിരുന്നു. തന്മൂലം പ്രാർത്ഥനയ്ക്കും സ്ഥാനമില്ലായിരുന്നു. പരി

ശുദ്ധമായ ജീവിതം നയിച്ച് ആർക്കും നിർവ്വാണം പ്രാപിക്കാമെന്നായിരുന്നു അദ്ദേഹത്തിൻെറ സിദ്ധാന്തം. അശോകൻ ലോകത്തെങ്ങും പ്രചരിപ്പിച്ച മതം ഇതായിരുന്നു. കാലക്രമത്തിൽ ബുദ്ധമതതത്വങ്ങൾക്ക് വിപരീതമായ പല വിശ്വാസങ്ങളും പ്രവൃത്തികളും ബുദ്ധമതം സ്വീകരിച്ചവരുടെയിടയിൽ കടന്നുകൂടി. കനിഷ്കൻെറ കാലമായപ്പോൾ ബുദ്ധനെ അവർ ഒരു ഈശ്വരനായിക്കരുതി പൂജിക്കുവാൻ തുടങ്ങി. പരിശുദ്ധജീവിതത്തെപ്പോലെ പ്രാർത്ഥനയ്ക്കും അവർ തുല്യമായ വില കല്പിച്ചു. പരിശുദ്ധജീവിതംകൊണ്ടു ഒരാൾക്ക് പുണ്യവാനായിത്തീരുവാൻ മാത്രമെ സാധിക്കു എന്നും, നിർവ്വാണം അതിനുമെപരിയായ ഒരു പടിയാണെന്നും അവർ വിശ്വസിച്ചു. തന്നിമിത്തം, പുണ്യവാന്മാരായ 'ബോധിസത്വന്മാ'രേയും ബുദ്ധനോടൊപ്പം ഈശ്വരാംശങ്ങളായി സങ്കല്പിച്ച് അവർ പൂജിച്ചുതുടങ്ങി. ഇങ്ങനെ കനിഷ്കൻെറ കാലത്ത് നടപ്പിലിരുന്ന ബുദ്ധമതം അശോകൻെറ കാലത്തുണ്ടായിരുന്ന മതത്തിൽനിന്നു വളരെ വ്യത്യസ്തമായിരുന്നു. പുരാതന രീതിയിലുള്ള മതത്തെ 'ഹീനയാനം' എന്നും പുതിയ രീതിയിലുള്ള മതത്തെ 'മഹായാന'മെന്നും ഇക്കാലത്ത് വ്യവഹരിക്കപ്പെട്ടു.

അശോകനെപ്പോലെ, കനിഷ്കനും ബുദ്ധമതപ്രചരണത്തിൽ ശ്രദ്ധപതിപ്പിച്ചു. പാടലീപുത്രത്തിൽ അശോകൻ വിളിച്ചുകൂട്ടിയിരുന്നതുപോലെയുള്ള ബുദ്ധമതസന്ന്യാസിമാരുടെ ഒരു മഹാസമ്മേളനം കനിഷ്കൻ അദ്ദേഹത്തിൻെറ തലസ്ഥാനമായ പുരുഷപുരത്തിനടുത്തുവെച്ചു നടത്തി. ബുദ്ധമതതത്വങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ഈ സഭ ഔദ്യോഗികമായ വ്യാഖ്യാനങ്ങൾ നൽകി. 'മഹാവിഭാഷ' എന്നറിയപ്പെട്ട ഈ വ്യാഖ്യാനങ്ങളെ കനിഷ്കൻ ചെമ്പുപട്ടയങ്ങളിൽ കൊത്തിച്ച് സൂക്ഷിച്ചു.

ബുദ്ധദേവൻെറ അവശിഷ്ടങ്ങൾ പുരുഷപുരത്തു സ്ഥാപിച്ചുകൊണ്ടു്, അവിടെ നാനൂറടി പൊക്കത്തിലുള്ള ഒരു ഗോപുരവും അദ്ദേഹം നിർമ്മിച്ചു. മദ്ധ്യാഏഷ്യയിലും ചൈനയിലും മതപ്രചാരകന്മാരെ അയച്ചു. മഹായാന ബുദ്ധമതം പ്രചരിപ്പിക്കുന്നതിലും കനിഷ്കൻ വളരെ ഔത്സുക്യം കാണിച്ചതായി പറയുന്നുണ്ടു്.

നാഗാർജ്ജുനൻ, അശ്വഘോഷൻ, വസുമിത്രൻ, ചരകൻ എന്ന നാലു ബൌദ്ധപണ്ഡിതന്മാരെ കനിഷ്കൻ പ്രോത്സാഹിപ്പിച്ചിരുന്നു. നാഗാർജ്ജുനൻ മഹായാന ബുദ്ധമതത്തിനുവേണ്ടി വാദിച്ചിരുന്നവരുടെ കൂട്ടത്തിൽ പ്രഥമഗണനീയനായിരുന്നു. അദ്ദേഹം രചിച്ചിട്ടുള്ള അനവധി ബുദ്ധമതഗ്രന്ഥങ്ങൾ മഹായാനതത്വത്തിൻെറ ഗുണങ്ങളെ ഉദ്ഘോഷിക്കുന്നവയാണു്. അശ്വഘോഷൻ ബുദ്ധമതത്തെക്കുറിച്ചു സുമധുരമായ ഗാനങ്ങളുണ്ടാക്കുകയും, ആലപിക്കുകയും ചെയ്തു ഒരു ഗായകകവിയായിരുന്നു. വസുമിത്രനാണു് കനിഷ്കൻെറ ബൌദ്ധസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചതു്. കൊട്ടാരം വൈദ്യനായിരുന്ന ചരകൻ, വൈദ്യശാസ്ത്രത്തെ പുരസ്കരിച്ചുള്ള ഒരു മഹാഗ്രന്ഥത്തിൻെറ കർത്താവെന്ന നിലയിലാണു് പ്രസിദ്ധനായിത്തീർന്നിട്ടുള്ളതു്.

അതിമനോഹരങ്ങളായ ബുദ്ധവിഗ്രഹങ്ങളുണ്ടാക്കുന്നതിൽ കനിഷ്കൻ പ്രത്യേകം നിഷ്കർഷിച്ചിരുന്നു. ഗ്രീക്കു പ്രതിമകളുടെ മാതൃകയിൽ ബുദ്ധവിഗ്രഹങ്ങൾ നിർമ്മിക്കുന്ന ഒരു പുതിയ നയമാണു് അദ്ദേഹം സ്വീകരിച്ചതു്. 'ഗാന്ധാരരീതിയിലെ ശില്പകല' എന്നാണു് ഇപ്പോൾ ഇതിനെ പറഞ്ഞുവരുന്നതു്.

3. <u>കുശാനവംശത്തിൻെറ അന്ത്യകാലം.</u>

കനിഷ്കൻെറ മരണത്തിനുശേഷം അദ്ദേഹത്തിന്റെ പുത്രനായ ഹുവിഷ്കൻ രാജാവായി. എ. ഡി. 162 മുതൽ

എ. ഡി. 185 വരെ അദ്ദേഹം ഭരിച്ചു. സാമ്രാജ്യവിസ്തൃതിയിൽ ഒട്ടും കുറവുവരാതെ സൂക്ഷിക്കുന്നതിനുള്ള കെൽപ്പ് അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പുത്രനായ വാസുദേവൻ അടുത്ത 24 കൊല്ലം രാജ്യഭാരം ചെയ്തു. വാസുദേവൻ ഒരു ഹിന്ദുവായിരുന്നു. അദ്ദേഹത്തിന്റെ നാണയങ്ങളിൽ നന്ദികേശ്വരന്റെ രൂപമാണ് കൊത്തിയിട്ടുള്ളത്. കുശാനസാമ്രാജ്യം അദ്ദേഹത്തിന്റെ കാലംമുതൽ അധഃപതിച്ചുതുടങ്ങി, എങ്കിലും കാബൂളിൽ എ. ഡി. 5-ാംശതാബ്ദംവരെ കുശാനവംശം നിലനിന്നിരുന്നു. ഹൂണന്മാരുടെ ആക്രമണകാലത്ത് അതുമവസാനിച്ചു.

## IV. വൈദേശികമേധാവിത്വവും ഭാരതീയസംസ്കാരവും.

ഡാരിയസ്സിന്റെയും അലക്സാണ്ഡറുടേയും ആക്രമണങ്ങൾ എന്നപോലെ, അതിനുശേഷം ബി. സി. രണ്ടാം ശതകംമുതൽ എ. ഡി. രണ്ടാംശതകംവരെ നിലനിന്നിരുന്ന വിദേശീയമേധാവിത്വവും ഭാരതീയസംസ്കാരത്തെ തീരെ സ്പർശിച്ചിട്ടില്ലായിരുന്നു. ഗ്രീക്കുകാരുമായുള്ള ബന്ധം ഗാന്ധാരരീതിയിലുള്ള ശില്പകലയ്ക്കു് പ്രേരകമായിത്തീർന്നു. കുശാനന്മാരുടെ നാണയങ്ങൾ റോമൻനാണയങ്ങളുടെ മാതൃകയിൽ നിർമ്മിച്ചവയായിരുന്നു. മഹായാനബുദ്ധമതത്തിന്റെ വളർച്ചയ്ക്കു് ഗ്രീക്കുകാരുമായുള്ള സമ്പർക്കം കുറെയൊക്കെ സഹായിച്ചിട്ടുണ്ട്. ഇതിൽക്കൂടുതലായി ഭാരതീയർക്ക് വിദേശീയരിൽനിന്ന് ഒന്നും ലഭിച്ചില്ല. എന്നാൽ വിദേശീയർ ഭാരതീയ സംസ്കാരത്തിനു പൂർണ്ണമായി വഴിപ്പെട്ടുവെന്നു കാണാവുന്നതാണു്. ഗ്രീക്കുകാരനായ മിനാണ്ഡർ ബുദ്ധമതം സ്വീകരിച്ചതും കുശാനനായ വാസുദേവൻ ഹിന്ദുമതം സ്വീകരിച്ചതും ഇതിനുദാഹരണങ്ങളാണു്. കാലക്രമത്തിൽ ഇൻഡ്യയിലെ വിദേശീയരെല്ലാംതന്നെ ഭാരതീയരായിത്തീരുകയാണു് ചെയ്തതു്.

അദ്ധ്യായം 8

# ഗുപ്തസാമ്രാജ്യം

## 1. ഗുപ്തരാജാക്കന്മാർ

1. ചന്ദ്രഗുപ്തൻ (എ. ഡി. 320മുതൽ എ. ഡി. 330 വരെ) കുശാനസാമ്രാജ്യത്തിന്റെ അധഃപതനത്തെത്തുടൻ ഒരു നൂറുകൊല്ലത്തെ ചരിത്രത്തെക്കുറിച്ചു് നമുക്ക് ശരിക്കറിവില്ല. പാടലീപുത്രം ഇക്കാലത്തു് ലിക്ഷാവിവർഗ്ഗക്കാർക്കധീനമായി എന്നും, ശ്രീഗുപ്തനെന്നൊരു രാജാവു് അതിനടുത്തു് ഒരു രാജവംശം സ്ഥാപിച്ചുവെന്നും മാത്രമാണു് മഗധയെക്കുറിച്ചു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളതു്. എ. ഡി. നാലാംശതാബ്ദത്തിന്റെ ഉദയത്തിൽ ശ്രീഗുപ്തന്റെ ഒരനന്തരഗാമിയായ ചന്ദ്രഗുപ്തൻ ലിക്ഷാവിവംശത്തിലെ കുമാരദേവി എന്ന ഒരു രാജകുമാരിയെ വിവാഹം ചെയ്തു് പാടലീപുത്രത്തിന്റെ അധിപനായിത്തീൎന്നു. രാജ്ഞിയുടെ പേരുംകൂടി ചന്ദ്രഗുപ്തന്റെ നാണയങ്ങളിൽ കുറിച്ചിരുന്നു എന്നതിൽ നിന്നു് ആ ബന്ധത്തിനു വലിയ പ്രാധാന്യമുണ്ടായിരുന്നു എന്നു കാണാം. ചന്ദ്രഗുപ്തൻ ഒരു ഹിന്ദുവായിരുന്നു. മഗധയും അയോദ്ധ്യയും അദ്ദേഹത്തിന്റെ രാജ്യത്തിലുൾപ്പെട്ടിരുന്നു. എ. ഡി. 320-ൽ തുടങ്ങുന്ന ഗുപ്തസംവത്സരം അദ്ദേഹമാരംഭിച്ചതാണു്.

2. സമുദ്രഗുപ്തൻ. (എ. ഡി. 330 മുതൽ എ. ഡി. 380 വരെ)

എ. ഡി. 330-ൽ ചന്ദ്രഗുപ്തന്റെ പുത്രനായ സമുദ്രഗുപ്തൻ രാജാവായി. അസാധാരണമായ ആയോധനവൈഭവവും കലാവൈദഗ്ദ്ധ്യവും തികഞ്ഞ ഒരു രാജാവായിരുന്നു അദ്ദേഹം. വീണാപാണിയായ സമുദ്രഗുപ്തനെ

നാണയങ്ങളിൽ ചിത്രണം ചെയ്തിട്ടുള്ളതിൽനിന്നു് അദ്ദേഹം തികഞ്ഞ ഒരു സംഗീതജ്ഞനായിരുന്നുവെന്നു തെളിയുന്നു. ഒരു പണ്ഡിതനും കവിയും കൂടി ആയിരുന്നു അദ്ദേഹമെന്നു നമുക്കറിവു ലഭിച്ചിട്ടുണ്ടു്.

പിതാവിൽനിന്നു കിട്ടിയ രാജ്യം വിസ്തൃതമാക്കുന്നതിലാണു് സമുദ്രഗുപ്തന്റെ ശ്രദ്ധ ആദ്യമായി പതിഞ്ഞതു്. കോസലം, മഹാകാന്താരം മുതലായി മഗധയ്ക്കടുത്തുള്ള സ്ഥലങ്ങൾ പിടിച്ചടക്കിക്കൊണ്ടു് സമുദ്രഗുപ്തൻ ദക്ഷിണഇൻഡ്യയിലേയ്ക്കു് ഒരു ജൈത്രയാത്രയാരംഭിച്ചു. പൂർവ്വതീരത്തുകൂടി കാഞ്ചീപുരം വരെ എത്തിയശേഷം അദ്ദേഹം മദ്ധ്യഇൻഡ്യയിൽക്കൂടി മഗധയിൽ തിരിച്ചെത്തി. ഏകദേശം മൂന്നുകൊല്ലംകൊണ്ടു് പൂർത്തിയാക്കിയ ഈ ദിഗ്‌വിജയം എ. ഡി. 350-ാമാണ്ടിനടുത്തു നടന്നിരിക്കണം. പല രാജാക്കന്മാരുമായി യുദ്ധം ചെയ്യേണ്ടിവന്നുവെങ്കിലും, അവരെ കീഴടക്കി, ഒരു വലിയഭാരം സ്വർണ്ണവുമായാണു് അദ്ദേഹം തിരിച്ചുമടങ്ങിയതു്. ഈ രാജ്യങ്ങളെ സാമ്രാജ്യത്തിൽ ലയിപ്പിച്ചു ഭരിക്കുന്നതിനദ്ദേഹം മുതിർന്നില്ല. കിഴക്കെ ബംഗാൾ, ആസ്സാം, നീപ്പാളം എന്നിവിടങ്ങളിലെ രാജാക്കന്മാർ അദ്ദേഹത്തിനു കപ്പം നൽകി. പഞ്ചാബു്, രാജപുട്ടാണ, മാളവം, മദ്ധ്യഭാരതം മുതലായ സ്ഥലങ്ങളിലെ ഭരണാധികാരികൾ അദ്ദേഹത്തിന്റെ മേൽക്കോയ്മ സ്വീകരിച്ചു. വടക്കുപടിഞ്ഞാറുണ്ടായിരുന്ന കുശാനന്മാരും ശകന്മാരുമെല്ലാം കീഴ്‌വണങ്ങി. ഹിമാലയം മുതൽ നർമ്മദവരെയും, ബ്രഹ്മപുത്ര മുതൽ യമുനവരെയുമുള്ള ഒരു സാമ്രാജ്യംകെട്ടിപ്പടുത്തശേഷം, ഇൻഡ്യയിലെ ഏകച്ഛത്രാധിപതിയായി അദ്ദേഹം അഭിഷിക്തനായി. ഹൈന്ദവാചാരമനുസരിച്ചു് അശ്വമേധയാഗം കഴിച്ചും, അനവധി സ്വർണ്ണകീർത്തിമുദ്രകളടിച്ചു പ്രചരി


പ്പിച്ചും, അദ്ദേഹം ആ സമുദ്രഗുപ്തംകൊണ്ടാടി. ഇൻഡ്യയിലെ അലക്സാണ്ഡരെന്നും, നെപ്പോളിയനെന്നുമെല്ലാം സമുദ്രഗുപ്തനെ ഇന്നത്തെ ചരിത്രകാരന്മാർ വാഴ്ത്തുന്നുണ്ട്.

സമുദ്രഗുപ്തൻെറ ഹിന്ദുമതപ്രേമം, അദ്ദേഹത്തെ അന്യമതദ്വേഷിയാക്കിത്തീർത്തില്ല. വസുബന്ധു എന്ന ബൗദ്ധകവിയെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. സിലോണിലെ രാജാവായിരുന്ന മേഘവർമ്മൻ അപേക്ഷിച്ചതനുസരിച്ച് സിലോണിൽ നിന്നുള്ള ബൌദ്ധതീർത്ഥാടനക്കാർക്കുവേണ്ടി ബുദ്ധഗയയിൽ ഒരു മഠം നിർമ്മിക്കുന്നതിനും അദ്ദേഹം സമ്മതിച്ചു.

3. <u>ചന്ദ്രഗുപ്തവിക്രമാദിത്യൻ</u> (എ.ഡി. 380 മുതൽ 413 വരെ)

സമുദ്രഗുപ്തൻെറ പുത്രനായ ചന്ദ്രഗുപ്തൻ ദ്വിതീയൻ എ. ഡി. 380-ൽ സിംഹാസനാരൂഢനായി. പിതാവിനെപ്പോലെ തന്നെ അദ്ദേഹം പരാക്രമിയായ ഒരു യോദ്ധാവും ശ്രേഷ്ഠനായ ഒരു കലാപ്രണയിയുമായിരുന്നു. പ്രൌഢമായ ബിരുദങ്ങളിൽ ഇഷ്ടമുണ്ടായിരുന്നതുകൊണ്ട് അദ്ദേഹം "വിക്രമാദിത്യൻ" എന്ന ബിരുദം സ്വീകരിച്ചു. മാളവത്തിലേയുംസൗരാഷ്ട്രത്തിലേയും മഹാക്ഷത്രപന്മാരെ തോല്പിച്ച് ആ പ്രദേശങ്ങൾ സാമ്രാജ്യത്തിൽ ലയിപ്പിച്ചതാണ് അദ്ദേഹത്തിന്റെ പ്രധാന നേട്ടം. രുദ്രസിംഹനായിരുന്നു മാളവത്തിലെ ഒടുവിലത്തെ ശകക്ഷത്രപൻ. അദ്ദേഹത്തെ വധിച്ച്, മാളവത്തിൻെറ തലസ്ഥാനമായ ഉജ്ജയിനിയിൽ ചന്ദ്രഗുപ്തൻപ്രവേശിച്ചതുമുതൽ അവിടം അദ്ദേഹത്തിൻെറ ഒരു പ്രധാന ആസ്ഥാനമായിത്തീർന്നു. അതുകൊണ്ടാണ് ചന്ദ്രഗുപ്തനെ'ഉജ്ജയിനിയിലെവിക്രമാദിത്യൻ' എന്നു പറഞ്ഞുവരുന്നത്. ഇദ്ദേഹത്തെയും കൂടെയുണ്ടായിരുന്ന കവികളെയും പററി പല രസകരമായ കഥകൾ ഇൻഡ്യയിൽ പ്രചരിച്ചിട്ടുണ്ട്. ചൈനയിൽ

നിന്നു ഫാഹിയാൻ എന്ന ലോകസഞ്ചാരി ഇദ്ദേഹത്തിൻെറ കാലത്താണു് ഇൻഡ്യയിൽ വന്നതു്. ഫാഹിയാ




ൻെറ വിവരണങ്ങളിൽ നിന്നു് ഇത്രയും ഭംഗിയായി മുമ്പെങ്ങും ആരും രാജ്യഭാരംചെയ്തിട്ടില്ലെന്നുമനസ്സിലാക്കാം.

## 4. അധഃപതനകാലം

എ. ഡി. 413 മുതൽ 455 വരെ ഗുപ്തസാമ്രാജ്യം ഭരിച്ച കുമാരഗുപ്തനു് രാജ്യവിസ്തൃതി കുറയാതെ സൂക്ഷിക്കുന്നതിനു വളരെ ബുദ്ധിമുട്ടേണ്ടതായിവന്നു. ഹൂണന്മാർ എന്നൊരു കൂട്ടം അപരിഷ്കൃതവർഗ്ഗക്കാർ സാമ്രാജ്യത്തിലേയ്ക്കു തള്ളിക്കയറുവാനൊരുമ്പെട്ടതാണു് ഇതിനു കാരണം. അദ്ദേഹത്തിൻെറ പുത്രനായ സ്കന്ദഗുപ്തൻ (455 മുതൽ 467 വരെ) ഹൂണന്മാരെ തോല്പിച്ചോടി

ച്ച് കറച്ചുകാലത്തേയ്ക്കു സമാധാനം പുനഃസ്ഥാപിച്ചു, എങ്കിലും അദ്ദേഹത്തിൻെറ മരണകാലത്തു് ഹൂണന്മാർ ഗുപ്തസാമ്രാജ്യത്തെ ശിഥിലമാക്കിക്കഴിഞ്ഞിരുന്നു. സ്കന്ദ ഗുപ്തൻെറ പിൻഗാമിയായ പുരഗുപ്തൻ ഭരിച്ചതു് മഗ ധയും പരിസരങ്ങളും മാത്രമാണു്. നരസിംഹഗുപ്തബാ ലാദിത്യൻ, കുമാരഗുപ്തൻ, ബുദ്ധഗുപ്തൻ എന്നു മൂന്നുപേർ കൂടി ഈ വംശത്തിലുണ്ടായിരുന്നു. എ. ഡി. 500-ാമാ ണ്ടിടയ്ക്കു്, ബുദ്ധഗുപ്തൻെറ മരണത്തോടുകൂടി ഗുപ്തവംശ മവസാനിച്ചു.

## II. ഫാഹിയാൻെറ വിവരണങ്ങൾ

### 1. യാത്രോദ്ദേശവും യാത്രാകാലവും

ബുദ്ധമതത്തിൻെറ ജന്മദേശമെന്ന നിലയ്ക്കു് പുണ്യ ഭൂമിയായിത്തീൎന്ന ഇൻഡ്യ സന്ദർശിക്കുന്നതിനു് എ. ഡി. 5-ാം ശതകംമുതൽ ചൈനയിൽനിന്നു ബൌദ്ധഭിക്ഷു ക്കൾ വന്നുകൊണ്ടിരുന്നു. ഇവരിൽ ആദ്യത്തെയാളായിരു ന്നു ഫാഹിയാൻ. ബൌദ്ധസംഘങ്ങളിലെയും മഠങ്ങളിലേ യും ശിക്ഷണക്രമത്തെപ്പററി പ്രതിപാദിക്കുന്ന 'വിനയ പിടകം' എന്ന ഗ്രന്ഥത്തിൻെറ അസൽപ്രതികൾ സമ്പാ ദിക്കുക എന്നതായിരുന്നു അദ്ദേഹത്തിൻെറ പ്രധാന യാ ത്രോദ്ദേശം. ഖോട്ടാൻ, കാഷ്ഗാർ, ഗാന്ധാരം എന്നീസ്ഥ ലങ്ങൾ തരണംചെയ്തു് അദ്ദേഹം ഇൻഡ്യയുടെ വടക്കുപ ടിഞ്ഞാറുവന്നുചേൎന്നു. അദ്ദേഹത്തിൻെറ കൂടെ തിരിച്ചിരു ന്ന അഞ്ചുപേരിൽ മൂന്നുപേർ യാത്രാവൈഷമ്യം സഹി ക്കാൻ നിവൃത്തിയില്ലാതെ തിരിച്ചുപോകുകയും, രണ്ടുപേർ മരിക്കുകയും ചെയ്തതായി പറയുന്നു. തക്ഷശിലയിലും പുരു ഷപുരത്തും മഥുരയിലും കറച്ചുനാൾകഴിച്ചശേഷംകന്യാകു ബ്ജം, ശ്രാവസ്തി, കപിലവസ്തു, കശിനഗരം എന്നീ സ്ഥ ലങ്ങളിൽകൂടി ഫാഹിയാൻ പാടലീപുത്രത്തെത്തി. മൂന്നു കൊല്ലം പാടലീപുത്രത്തിലും രണ്ടുകൊല്ലം കിഴക്കെ ബം

ഗാളിൽ താമ്റലിപ്തി എന്ന സ്ഥലത്തും താമസിച്ച് ബുദ്ധമതഗ്രന്ഥങ്ങൾ പരിശോധിച്ചശേഷം, കടൽവഴി അദ്ദേഹം തിരിച്ചുപോയി. മാർഗ്ഗമദ്ധ്യേ സിലോണിൽ ചെന്നു അവിടെ സൂക്ഷിച്ചിരുന്ന ബുദ്ധന്റെ അവശിഷ്ടമായ പരിശുദ്ധദന്തവും അദ്ദേഹം സന്ദർശിച്ചു. പതിനാലുകൊല്ലം നീണ്ടുനിന്ന ഈ യാത്രയിൽ എ. ഡി. 405 മുതൽ 411 വരെയുള്ള ആറുകൊല്ലം അദ്ദേഹം ചന്ദ്രഗുപ്ത വിക്രമാദിത്യന്റെ സാമ്രാജ്യത്തിലായിരുന്നു. ഈ സഞ്ചാരത്തിനിടയിൽ കണ്ട പലതും അദ്ദേഹം കുറിച്ചിട്ടിട്ടുണ്ട്. ഇതിൽനിന്നു ഗുപ്തസാമ്രാജ്യത്തിന്റെ സ്ഥിതിയെപ്പററി നമുക്കു വലിയേറിയ അറിവു ലഭിക്കുന്നു.

## 2. ബുദ്ധമതത്തിന്റെ സ്ഥിതി.

സിന്ധുതീരംതൊട്ടു മഥുരവരെയുള്ള യാത്രയിൽ ഫാഹിയാൻ അനവധി ബൌദ്ധമഠങ്ങൾ കണ്ടു. ഇവയിലോരോന്നിലും സഹസ്രക്കണക്കിനുള്ള ഭിക്ഷുക്കൾ താമസമുണ്ടായിരുന്നു. രാജകീയ ദാനങ്ങളായി കിട്ടിയിരുന്ന സ്വത്തുകൾ കൊണ്ടാണു് ഈ മഠങ്ങളെല്ലാംകഴിഞ്ഞിരുന്നതു്. യമുനാതീരത്തു് ബുദ്ധമതത്തിനു നല്ല പ്രചാരമുണ്ടായിരുന്നു. എന്നാൽ, ആര്യാവർത്തത്തെ 'ബ്രാഹ്മണദേശ'മെന്നാണു് അദ്ദേഹം നിർദ്ദേശിക്കുന്നതു്. ഇവിടത്തെ ബുദ്ധമഠങ്ങളിൽ പലതുംജീർണ്ണിച്ചനിലയിലായിരുന്നു. ബുദ്ധഗയാ, കപിലവസ്തു, കുശിനഗരം എന്നീ ബൌദ്ധപുണ്യസ്ഥലങ്ങളെല്ലാം നിർജ്ജീവ സ്ഥലങ്ങളായാണു് അദ്ദേഹം കണ്ടതു്. കുറെ ഭിക്ഷുക്കളെല്ലാതെ അവിടങ്ങളിൽ ആരുമുണ്ടായിരുന്നില്ലെന്നും, അവ തീരെ അവഗണിക്കപ്പെട്ട നിലയിലായിരുന്നുവെന്നും അദ്ദേഹം കുറിച്ചിട്ടുണ്ടു്. ബുദ്ധമതം ഗുപ്തരാജാക്കന്മാരുടെ വരവോടുകൂടി ക്ഷയിച്ചു തുടങ്ങിയതിന്റെ ലക്ഷണങ്ങളായിരുന്നു ഇവ എങ്കിലും ബുദ്ധമതതത്വങ്ങൾക്കു ജനങ്ങളുടെ ഇടയിൽ ഉണ്ടായിരുന്ന പ്രചാ

രത്തിന്ന് ഒട്ടും കുറവുവന്നിരുന്നില്ല. ജനങ്ങൾ പൊതുവെ ലളിതവും ശുദ്ധവുമായ ജീവിതം നയിച്ചിരുന്നു. അഹിംസാസിദ്ധാന്തമനുസരിക്കാതെ ജീവിച്ചിരുന്നതു് ചണ്ഡാലന്മാർ മാത്രമായിരുന്നു. അവർ മററു ജനങ്ങളിൽനിന്നു് അകന്നാണു് കഴിഞ്ഞിരുന്നതും. പാടലീപുത്രം അതിസമൃദ്ധമായ ഒരു പട്ടണമായിരുന്നു. പാന്ഥന്മാൎക്കുവേണ്ടിയുള്ള ധാരാളം വഴിയമ്പലങ്ങളും രോഗികളെ സൌജന്യമായി ചികിത്സിച്ചിരുന്ന ഒരാശുപത്രിയും ജനങ്ങളുടെ വകയായി അവിടെയുണ്ടായിരുന്നു. ഹീനയാനമതക്കാൎക്കും മഹായാന മതക്കാൎക്കും പ്രത്യേകമായി ഓരോ മഠവും പാടലീപുത്രത്തിലുണ്ടായിരുന്നു. ബുദ്ധവിഗ്രഹങ്ങൾ നിറച്ച രഥങ്ങൾ വലിച്ചുകൊണ്ടുള്ള ഒരു ഘോഷയാത്ര അദ്ദേഹം അവിടെ വെച്ചു കാണുകയുണ്ടായി. അശോകൻെറ കൊട്ടാരത്തിലെ കൽപണികൾ കണ്ടു് അത്ഭുതപരതന്ത്രനായി, വാനവന്മാർ നിൎമ്മിച്ചതായിരിക്കണം ആ മഹത്തായ കെട്ടിടമെന്നു് അദ്ദേഹം സംശയിച്ചു.

3. ഗുപ്തഭരണരീതി.

ഭരണരീതിയിൽ കണ്ട സൌമ്യതയെപ്പററി ഫാഹിയാൻ പ്രത്യേകം പറയുന്നുണ്ടു്. യാതൊരു കാരണവശാലും മരണശിക്ഷ നൾകിയിരുന്നില്ല. രാജാവിനെതിരായികലാപമുണ്ടാക്കുന്നകുററത്തിനുപോലും ഒരു കൈയ്യുമുറിക്കുവാൻ മാത്രമെ വിധിച്ചിരുന്നുള്ളൂ. കഠിന ശിക്ഷകൾക്കു പകരം, സാധാരണകുററങ്ങൾക്കു് പിഴനിശ്ചയിക്കുകയാണു് ചെയ്തിരുന്നതു്. കുററം തെളിയിക്കുന്നതിനും ഉപദ്രവകരങ്ങളായ രീതികളൊന്നും ഉപയോഗിച്ചിരുന്നില്ല. ജനങ്ങൾക്കു പൂൎണ്ണമായ സഞ്ചാരസ്വാതന്ത്ര്യം അനുവദിച്ചിരുന്നു. ലൈസൻസ്, രജിസ്ട്രേഷൻ, കരങ്ങൾ എന്നു തുടങ്ങി മൌൎയ്യസാമ്രാജ്യത്തിൽ പൌരസ്വാതന്ത്ര്യത്തിനു വിഘാതമുണ്ടാക്കിയിരുന്ന തരത്തിലുള്ള ഒരു നിയന്ത്രണ

യും ഇക്കാലത്തുണ്ടായിരുന്നില്ല. സാധാരണ പൗരജീവിതത്തിൽ ഉദ്യോഗസ്ഥന്മാർ ഒരു തരത്തിലും ഇടപെട്ടിരുന്നില്ലെന്നുതന്നെ പറയാം. എന്നിട്ടും, അഴിമതികളും അക്രമങ്ങളുമൊന്നും രാജ്യത്തില്ലായിരുന്നു. രാജ്യമൊട്ടുക്കുള്ള സഞ്ചാരത്തിനിടയ്ക്കു ഫാഹിയാന് ഒരു തരത്തിലുമുള്ള ഉപദ്രവം നേരിട്ടില്ലെന്നു കാണുന്നതു് ഗുപ്തഭരണത്തിന്റെ മേന്മയ്ക്കു് ഉത്തമമായ ഒരു തെളിവാണു്.

## III ഗുപ്തസുവർണ്ണകാലം

### 1. സമാധാനവും സംതൃപ്തിയും തികഞ്ഞ ഭരണം.

ഗുപ്തരാജാക്കന്മാരുടെ ഭരണകാലം ഇൻഡ്യാചരിത്രത്തിലെ ഒരു സുവർണ്ണകാലമായിരുന്നു. മൗര്യന്മാരുടെ കാലത്തിനുശേഷം, ഇൻഡ്യയെ വീണ്ടും സുശക്തമായ ഒരു കേന്ദ്രഭരണത്തിനധീനമാക്കിയതു് ഗുപ്തരാജാക്കന്മാരാണു്. കുശാനന്മാരുടെ അധഃപതനത്തെത്തുടർന്നു ഉത്തരഇൻഡ്യയിൽ നടമാടിയ അരാജകത്വത്തിനു അറുതിവരുത്തി, അവർ സമാധാനം പുനഃസ്ഥാപിച്ചു. ശകക്ഷത്രപന്മാരെ വംശവിച്ഛേദം ചെയ്തു്, ആര്യാവർത്തത്തിലെ അനാര്യഭരണം അവസാനിപ്പിച്ചു. വിദേശഭരണത്തിൽനിന്നു ഭാരതത്തിനു വിമോചനം നൽകി, ഒരു നവോത്ഥാനത്തിനു വഴി തെളിച്ചു. അവരുടെ ആദർശപരമായ ഭരണരീതിയിൽ വ്യക്തിസ്വാതന്ത്ര്യത്തിനു പരമമായ സ്ഥാനം കല്പിച്ചിരുന്നതുകാരണം നാട്ടിലെങ്ങും സ്ഫുരിച്ച നവജീവൻ സർവതോമുഖമായ പുരോഗമനത്തിനു വഴി തെളിച്ചു. പ്രഗത്ഭരായ രാജാക്കന്മാർ, സംതൃപ്തരായ പ്രജകൾ, പ്രശാന്തമായ അന്തരീക്ഷം, എന്നിവ ഗുപ്തസാമ്രാജ്യകാലത്തെ ഒരു സുവർണ്ണകാലമാക്കിത്തീർക്കുവാൻ പര്യാപ്തമായി.

## 2. ഹിന്ദുമത പുനരുദ്ധാരണം.

ഗുപ്തരാജാക്കന്മാർ ഹിന്ദുക്കളായിരുന്നുവെങ്കിലും അ ന്യമതവിദ്വേഷികളല്ലായിരുന്നു. അതുകൊണ്ടു് ഹിന്ദുമത ത്തിൻെറ വളർച്ച, രക്തച്ചൊരിച്ചിലൊന്നും കൂടാതെ, ക്രമപ്രവൃദ്ധമായ രീതിയിലാണുണ്ടായതു്. ഹൈന്ദവച ര്യകളനുസരിച്ചു ജീവിച്ചും ദേവഭാഷയായ സംസ്കൃത ത്തെ പോഷിപ്പിച്ചും, ഹൈന്ദവസംസ്കാരത്തിന്ന് ഒരു ഉണർവുണ്ടാക്കുക മാത്രമാണു് ഗുപ്തരാജാക്കന്മാർ ചെയ്തി രുന്നതു്. ഹിന്ദുമതം ഒരു കാലത്തും നശിച്ചിട്ടില്ലായി രുന്ന സ്ഥിതിക്കു അതിൻെറ ഈ വളർച്ച ഒരു വിശേഷ സംഭവമായി ആർക്കും തോന്നിയിരുന്നില്ല.

## 3. കലാപോഷണം.

സംസ്കൃത സാഹിത്യത്തിൻെറ ഏററവും ശോഭന മായ കാലമായിരുന്നു ഗുപ്തകാലം. ഗുപ്തരാജാക്കന്മാരുടെ ശിലാലിഖിതങ്ങൾപോലും സംസ്കൃതത്തിലായിരുന്നു. കവിശ്രേഷ്ഠനായ കാളിദാസൻ ചന്ദ്രഗുപ്തവിക്രമാദിത്യ ൻെറ കാലത്താണു് ജീവിച്ചിരുന്നതു്. 'നവരത്നങ്ങൾ' എന്നു പ്രസിദ്ധി നേടിയിട്ടുള്ള സാഹിത്യകാരന്മാരെല്ലാം വിക്രമാദിത്യൻെറ കൊട്ടാരത്തിലാണുണ്ടായിരുന്നതെന്ന കഥ വിശ്വസനീയമല്ലെങ്കിലും, അവരെല്ലാം ഗുപ്തഭരണ കാലത്തുതന്നെയാണു് ജീവിച്ചിരുന്നതെന്നു പറയാവുന്ന താണു്. കാളിദാസൻ ശാകുന്തളം, മാളവികാഗ്നിമിത്രം, വിക്രമോർവ്വശീയം എന്നീ നാടകങ്ങളുടേയും, രഘുവംശം, കുമാരസംഭവം എന്നീ മഹാകാവ്യങ്ങളുടേയും കർത്താവാ ണു്. വിശാഖദത്തൻെറ 'മുദ്രാരാക്ഷസം' നാടകം ചന്ദ്രഗുപ്ത മൌര്യനെപ്പററി നമുക്കു വലിയ അറിവു നൽകുന്നുണ്ടു്. മൃച്ഛകടികയുടെ കർത്താവായ ശൂദ്രകൻ, ചാരുദത്തൻ എന്ന നാടകമെഴുതിയ ഭാസൻ, കിരാതാർജ്ജുനീയം

കാവ്യം രചിച്ച ഭാരവി, കാവ്യാദർശ കർത്താവായ ദണ്ഡി, വാസവദത്ത എഴുതിയ സുബന്ധു എന്നിവർ സംസ്കൃത സാഹിത്യ നഭോമണ്ഡലത്തിലെ ഉജ്ജ്വല താരങ്ങളാണു്. ലോകത്തിലെ അതി വിശിഷ്ടഗ്രന്ഥങ്ങളിൽപെട്ട പഞ്ചത ന്ത്രവും അമരകോശവും ഇക്കാലത്തു് രചിക്കപ്പെട്ടവയാ ണു്. വായുപുരാണം, മത്സ്യപുരാണം, വിഷ്ണുപുരാണം മുത ലായി പല പുരാണങ്ങളും ഇക്കാലത്താണു് അവയുടെ ഇന്നത്തെ രൂപം പ്രാപിച്ചതു്. വാത്സ്യായനൻെറ ന്യായ ഭാഷ്യവും വ്യാസൻെറ യോഗഭാഷ്യവും ഗുപ്തകാലത്തു രചിച്ചവയാകുന്നു. ശാസ്ത്രലോകത്തിൽ ഗണിതശാസ്ത്ര പടുക്കളായ ആര്യഭടനും വരാഹമിഹിരനും ഇക്കാലത്തു് ജീവിച്ചിരുന്നു. വരാഹമിഹിരൻെറ 'ഹോരാശാസ്ത്രം' ജ്യോ ത്സ്യന്മാർക്കു പരിചിതമാണല്ലൊ.

കലകളിൽ, ഹൈന്ദവ വിഷയങ്ങൾ മാത്രമല്ല പ്രദർ ശിപ്പിക്കപ്പെട്ടിരുന്നതു്. അജാന്താഗുഹകളിൽ കാണു ന്ന ചിത്രങ്ങൾ ഇക്കാലത്തുണ്ടാക്കപ്പെട്ടവയെങ്കിലും, ബു ദ്ധൻെറ ജീവചരിത്രമാണു് അവയിലടങ്ങിയിട്ടുള്ളതു്. സാരാനാഥത്തു നിന്നു കണ്ടെടുത്ത ചെമ്പിലുള്ള വലിയ ബുദ്ധവിഗ്രഹവും, ഡൽഹിയിൽ കാണുന്ന ആയസ്തംഭവും ലോഹവിദ്യയിൽ ഗുപ്തകലാകാരന്മാരുടെ യശസ്സിനു മതി യായ തെളിവുകളാണു്. ഗുപ്തരാജാക്കന്മാരുടെ നാണയ ങ്ങൾ വളരെ മനോഹരങ്ങളായിരുന്നു. അലഹബാദിനടു ത്തു് കാണുന്ന അത്യധികം കൊത്തുപണികളുള്ള ക്ഷേത്രം ഗുപ്തകാലത്തെ ശില്പവിദ്യയ്ക്കു് മകുടോദാഹരണമത്രെ.

ഏതൻസിൽ പെരിക്ലിസ്സിൻെറ കാലത്തോടും, ഇം ഗ്ലണ്ടിലെ എലിസബത്തു രാജ്ഞിയുടെ കാലത്തോടും ഗുപ്തസുവർണ്ണകാലത്തെ സാദൃശ്യപ്പെടുത്താറുണ്ട്. എന്നാൽ

ഇത്രയും വിപുലമായ സംസ്കാരപുരോഗതി വാസ്തവത്തിൽ അവിടങ്ങളിൽ ഉണ്ടായിട്ടില്ലായിരുന്നുവെന്നു പറയാം.

## IV. ഹൂണന്മാർ

### 1. ഇൻഡ്യയിലേയ്ക്കുള്ള പ്രവാഹം.

മദ്ധ്യഏഷ്യയിലെ ഒരു അപരിഷ്കൃതവർഗ്ഗമായിരുന്നു ഹൂണന്മാർ. എ. ഡി. 4-ാം ശതാബ്ദത്തിൽ ഇവരിലൊരു ശാഖക്കാർ യൂറോപ്പിലെത്തി വലുതായ നാശമുണ്ടാക്കി. എ. ഡി. 5-ാം ശതാബ്ദത്തിൽ വേറൊരു വിഭാഗക്കാർ പെർഷ്യയേയും ഇൻഡ്യയേയും ലാക്കാക്കി ആക്സസ് നദീതീരത്തുനിന്നു രണ്ടായി പിരിഞ്ഞു യാത്രയായി. ശ്വേതഹൂണന്മാർ എന്നാണ് ഇവരെ പറഞ്ഞുവരുന്നതു്. കാബൂളിലെ കുശാനരാജ്യത്തെ നശിപ്പിച്ചിട്ട്, ഇൻഡ്യയിലേയ്ക്കു കടന്ന ഹൂണന്മാർ, ഗുപ്തസാമ്രാജ്യപ്രാന്തങ്ങളെ ആക്രമിച്ചു. എ. ഡി. 455-ൽ കുമാരഗുപ്തൻെറ പുത്രനായ സ്കന്ദഗുപ്തൻ അവരെ തിരിച്ചോടിച്ചെങ്കിലും, വീണ്ടും എ. ഡി. 465-ൽ അവരുടെ ഒരാക്രമണമുണ്ടായി. ഗാന്ധാരം കീഴടക്കിയശേഷം, അവിടെനിന്നു ഗംഗാതീരത്തിലേയ്ക്കു പ്രവഹിച്ച ഈ ഹൂണതതിയെ തടുക്കുവാൻ ആൎക്കും കഴിഞ്ഞില്ല. അതോടുകൂടി ഗുപ്തസാമ്രാജ്യം ശിഥിലമായി.

### 2. തോരമാനനും മിഹിരഗുലനും.

ഹൂണനേതാവായതോരമാനൻ എ ഡി. 500-ാമാണ്ടിടയ്ക്കു മാൾവയിൽ ഒരു രാജവംശം സ്ഥാപിച്ച്, 'മഹാരാജാധിരാജൻ' എന്ന സ്ഥാനം സ്വീകരിച്ചു. മദ്ധ്യഇൻഡ്യയും അതിനു വടക്കും പടിഞ്ഞാറുമുള്ള കുറെ ഭാഗങ്ങളും അദ്ദേഹത്തിൻെറ രാജ്യത്തിലുൾപ്പെട്ടു.

എ. ഡി. 502-ൽ തോരമാനന്റെ പുത്രനായ മിഹിരഗുലൻ രാജാവായി. അദ്ദേഹത്തിൻെറ തലസ്ഥാനം

ന്താകാലമായിരുന്നു. രാക്ഷസസ്വഭാവിയായമിഹിരഗുലൻ മൃഗീയമായ ക്രൂരകൃത്യങ്ങളിൽ വ്യാപൃതനാവുകയാൽ ജനങ്ങൾ ഇളകി കലാപമുണ്ടാകുവാൻ തുടങ്ങി. അന്നു് മാളവത്തിൽ യശോധർമ്മനെന്ന പേരോടുകൂടി വിക്രമിയായ ഒരു രാജാവുണ്ടായിരുന്നു. മഗധയിലെ രാജാവായിരുന്ന ബാലാദിത്യൻമായി കൂട്ടുചേന്നു്, യശോധർമ്മൻ ഒരു ശക്തമായ സൈന്യം സജ്ജമാക്കി മഹിരഗുലനെ എതിത്തു. എ. ഡി. 528-ൽ മഹിരഗുലനെ തോല്പിച്ചു തടവുകാരനാക്കുവാൻ അവക്ക കഴിഞ്ഞുവെങ്കിലും, ഒടുവിൽ അവർ അയാളെ വിട്ടയച്ചു. കാശ്മീരത്തു ചെന്നു് അഭയം പ്രാപിച്ച മഹിരഗുലൻ, കുറച്ചുകാലത്തിനുള്ളിൽ അവിടത്തെ രാജാവിനെ വധിച്ചു്, രാജ്യം കൈയ്യിലാക്കി. ബൌദ്ധമഠങ്ങളും സ്തൂപങ്ങളും നശിപ്പിച്ചും, ജനങ്ങളെ പലതരത്തിലുപദ്രവിച്ചും എ. ഡി. 540 വരെ അയാൾ അവിടെ ഭരണം നടത്തി. അയാളുടെ മരണത്തോടുകൂടി ഇൻഡ്യയിലെ ഹൂണവംശമവസാനിച്ചു.

3. <u>ഹൂണന്മാരുടെ ആക്രമണത്തിൻെറ ഫലങ്ങൾ.</u>

ഹൂണന്മാരുടെ ആക്രമണം ഗുപ്തസാമ്രാജ്യത്തെ നശിപ്പിച്ചു്, വീണ്ടും ഉത്തരഇൻഡ്യയെ പല ചെറിയ രാജവംശങ്ങൾക്കധീനപ്പെടുത്തി. മഗധയിൽ ഗുപ്തരാജാക്കന്മാരുടെ പാർശ്വക്കാരും, അയോദ്ധ്യയിൽ മുഖാരികളും, സൌരാഷ്ട്രത്തിൽ വല്ലഭിരാജാക്കന്മാരും ഇങ്ങനെ ഭരണംതുടങ്ങി. ഹൂണന്മാരെ എതിക്കുന്നതിനുവേണ്ടി അപ്പോഴപ്പോഴായി ചില സമത്ഥന്മാരായ രാജാക്കന്മാരുയർന്നുവന്നു. മാളവത്തിലെ യശോധർമ്മൻ ഇക്കൂട്ടത്തിൽ പ്രശസ്തനാണു്. ക്രമേണ ക്രൂരസ്വഭാവമുപേക്ഷിച്ച ഹൂണന്മാർ ഹിന്ദുക്കളായിത്തീന്നു ഇവരിൽ ഒരു ഭാഗം രാജപുത്രരായി മാറി ഇൻഡ്യയിൽ വീണ്ടും രാജവംശങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഇൻഡ്യയുടെ വടക്കു പടിഞ്ഞാറുഭാഗങ്ങ

ളിൽ പ്രചാരത്തിലിരുന്ന ബുദ്ധമതത്തെ നശിപ്പിച്ചതും ഇവരായിരുന്നു.

അദ്ധ്യായം 6

# ശ്രീഹർഷൻ

## I. സ്ഥാനേശ്വരത്തിലെ രാജാക്കന്മാർ

(എ. ഡി. 583 മുതൽ എ. ഡി. 647 വരെ)

### 1. പ്രഭാകരവർദ്ധനനും രാജ്യവർദ്ധനനും

എ. ഡി. 5-ാം ശതാബ്ദത്തിന്റെ അന്ത്യകാലത്തു് പ്രഭാകരവർദ്ധനൻ എന്നൊരു രാജാവ് സ്ഥാനേശ്വരം ഭരിച്ചിരുന്നു. അദ്ദേഹത്തിനു രാജ്യവർദ്ധനനെന്നും ഹർഷവർദ്ധനനെന്നും രണ്ടുപുത്രന്മാരും രാജ്യശ്രീ എന്നൊരു പുത്രിയുമുണ്ടായിരുന്നു. കന്യാകുബ്ജത്തിലെ മുഖാരിരാജാവായ ഗ്രഹവർമ്മൻ രാജ്യശ്രീയെ വിവാഹംചെയ്തു. പ്രഭാകരവർദ്ധനൻ പഞ്ചാബിന്റെ വടക്കുണ്ടായിരുന്ന ഹൂണന്മാരുമായിനിരന്തരം പോരാടി. എ. ഡി. 604-ൽ അദ്ദേഹം മരിച്ചു. പുത്രനായ രാജ്യവർദ്ധനൻ സിംഹാസനാരൂഢനായി അധികം നാൾ കഴിയുന്നതിനുമുമ്പ് മാളവത്തിലെ രാജാവ് ഗ്രഹവർമ്മനെ വധിച്ചു് രാജ്യശ്രീയെ തടവിൽ പാർപ്പിച്ചു. മാളവരാജാവിനോടു യുദ്ധംചെയ്തു് രാജ്യവർദ്ധനൻ അദ്ദേഹത്തെ വധിച്ചുവെങ്കിലും, അതിനിടയ്ക്കു അദ്ദേഹവും വധിക്കപ്പെട്ടു. രാജ്യശ്രീ തടവുചാടി വിന്ധ്യാരണ്യത്തിലഭയം പ്രാപിച്ചു.

### 2. ഹർഷവർദ്ധനൻ (എ. ഡി. 606 മുതൽ 647 വരെ)

രാജ്യവർദ്ധനനെ പിൻതുടന്നു് ഹർഷൻ സ്ഥാനേശ്വരത്തെ രാജാവായി. സഹോദരിയുടെ ഭർത്തൃസ്വ

ത്തായ കന്യാകബ്ജവും അദ്ദേഹത്തിനു ഭരിക്കേണ്ടിവന്നു. നാലുപാടുമന്വേഷിച്ചു് രാജ്യശ്രീയെ കണ്ടുപിടിച്ചു് കന്യാകബ്ജത്തു കൊണ്ടുവന്നതായിരുന്നു അദ്ദേഹം ചെയ്ത പ്രഥമകൃത്യം. പതിനാറു വയസ്സു മാത്രം പ്രായമായിരുന്ന ഹർഷൻ ഭരണം നടത്തുന്നതിൽ സഹോദരിയുടെ ഉപദേശം സ്വീകരിച്ചിരുന്നു. കന്യാകബ്ജം തല




സ്ഥാനമാക്കി, രാജ്യഭരണമാരംഭിച്ചതോടുകൂടി, ഉത്തര ഇൻഡ്യ മുഴുവൻ കീഴടക്കി ഒരു സാമ്രാജ്യം സ്ഥാപിക്കണമെന്ന മോഹം ഹർഷനുണ്ടായി. ആറു കൊല്ലത്തെ നിരന്തരമായ യുദ്ധങ്ങളുടെ ഫലമായി പഞ്ചാബും ബംഗാളവുമൊഴിച്ചുള്ള സ്ഥലങ്ങളെല്ലാം അദ്ദേഹത്തിന്റെ മേൽക്കോയ്മ സ്വീകരിച്ചു. അതിനുശേഷം ഹർഷൻ ദക്ഷി

ണാപഥമാക്രമിക്കുവാൻ തീർച്ചയാക്കി. എ. ഡി. 620-ൽ അദ്ദേഹത്തിൻെറ സൈന്യങ്ങൾ ചാലൂക്യരാജാവായ പുലികേശി ദ്വിതീയൻെറ സൈന്യങ്ങളുമായി ഏററു മുട്ടി. വിജയം സിദ്ധിക്കാതെ അവിടെ നിന്നു മടങ്ങേണ്ടി വന്നതു നിമിത്തം, നിരാശനായിത്തീൎന്ന ഹർഷൻ വീണ്ടും ഉത്തരഇൻഡ്യയിലേയ്ക്കു തിരിഞ്ഞു. എ. ഡി. 633-ൽ സൌരാഷ്ട്രത്തിലെ വല്ലഭിരാജാവിനെ തോല്പിച്ചു കീഴടക്കിയതോടുകൂടി ഹർഷൻെറ സാമ്രാജ്യത്തിൻെറ തെക്കെ അതിർത്തി നർമ്മദാതീരം ചേർന്നു് അറബിക്കടൽ മുതൽ ബംഗാളുൾക്കടൽവരെയായിത്തീൎന്നു. ചൈനയുമായി അദ്ദേഹം സൗഹാർദ്ദബന്ധം പുലൎത്തുകയും എ. ഡി. 641-ൽ അവിടത്തേയ്ക്കു ഒരു ദൂതസംഘത്തെ നിയോഗിക്കുകയും ചെയ്തിരുന്നു.

ഹർഷൻ വളരെ ഈശ്വരവിശ്വാസമുള്ള ഒരാളായിരുന്നു. ശിവനേയും വിഷ്ണുവിനേയും ഭജിച്ചിരുന്നുവെങ്കിലും അദ്ദേഹം ഒരു ബുദ്ധമതാനുയായി ആയിരുന്നു. മഹായാന ബുദ്ധമതമായിരുന്നു അദ്ദേഹം സ്വീകരിച്ചിരുന്നതു്.

പ്രാചീനഭാരതത്തിലെ ഒടുവിലത്തെ ചക്രവൎത്തിയായിരുന്ന ഹർഷൻ സമുദ്രഗുപ്തനെപ്പോലെ ശക്തനായ ഒരു യോദ്ധാവും അശോകനെപ്പോലെ മഹാനായ ഒരു ഭരണകർത്താവുമായിരുന്നു. ഹൂണന്മാരുടെ കാലത്തിനു ശേഷം തകർന്നുകിടന്നിരുന്ന ഉത്തരഇൻഡ്യയെ വീണ്ടും ഒരു കേന്ദ്രഭരണത്തിലാക്കി, സമാധാനവും സന്തുഷ്ടിയും പുനഃസ്ഥാപിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. ജനങ്ങളുടെ നന്മയ്ക്കുവേണ്ടി അദ്ദേഹം അശ്രാന്തപരിശ്രമം ചെയ്തു. സദ്ഭരണം, സാധുജനപരിത്രാണം, വിദ്യാപ്രചരണം, സാഹിത്യപ്രോത്സാഹനം, എന്നിവയ്ക്കുവേണ്ടി അദ്ദേഹം ഭഗീരഥപ്രയത്നം ചെയ്തു. ഹർഷൻ

ഒരു മികച്ച കവിയായിരുന്നു. രത്നാവലിയും നാഗാനന്ദവും അദ്ദേഹത്തിന്റെ കൃതികളാണു്. ഹർഷചരിതവും കാദംബരിയുമെഴുതിയ ബാണൻ അദ്ദേഹത്തിന്റെ ഒരു സുഹൃത്തായിരുന്നു. എ. ഡി. 637-ൽ അദ്ദേഹം നിര്യാതനായി.

## II യുവാൻ ചാങ്ങിന്റെ വിവരണങ്ങൾ

### 1. യാത്രാവിവരണം.

യുവാൻചാങ്ങ് എന്നൊരു ചീന ഭിക്ഷു ഹർഷന്റെ ഭരണകാലത്തു് ഇൻഡ്യയിലെത്തി. ബുദ്ധമതഗ്രന്ഥങ്ങളുടെ ശരിയായ രൂപം മനസ്സിലാക്കുകയായിരുന്നു അയാളുടെയും യാത്രോദ്ദേശം. എ. ഡി. 630-ൽ അയാൾ ഇൻഡ്യയിലെത്തി. ഹർഷന്റെ സുഹൃത്തായിത്തീർന്ന യുവാൻ എട്ടു കൊല്ലം അദ്ദേഹത്തിന്റെ സാമ്രാജ്യത്തിൽ താമസിച്ചു. 15 കൊല്ലം കൊണ്ടു് മിക്കവാറും ഇൻഡ്യമുഴുവൻ സഞ്ചരിച്ചു കാണുവാൻ അയാൾക്കു കഴിഞ്ഞു. അയാളുടെ വിവരണങ്ങൾ ഹർഷന്റെ ഭരണത്തേയും എ. ഡി. ഏഴാം ശതാബ്ദത്തിന്റെ പ്രഥമാർദ്ധത്തിലെ സാമുദായിക-സാമ്പത്തിക സ്ഥിതികളെയും പററി നമുക്കു വിലേറിയ അറിവു നൽകുന്നുണ്ടു്.

### 2. ഹർഷനും ബുദ്ധമതവും

അശോകനെപ്പോലെ ഹർഷനും മൃഗവധവും മാംസഭക്ഷണവും നിരോധിച്ചു; സ്തൂപങ്ങളും, മഠങ്ങളും നിർമ്മിച്ചും ഭിക്ഷുക്കളെ സഹായിച്ചും ബുദ്ധമതപ്രചരണത്തിൽ കൌതുകം പ്രകടിപ്പിച്ചു; വഴിയമ്പലങ്ങളും ധർമ്മസ്ഥാപനങ്ങളും ധാരാളം പണികഴിപ്പിച്ചും, വിശ്രമംകൂടാതെ നാടൊട്ടുക്കു സഞ്ചരിച്ചു് പ്രജകളുടെ ക്ഷേമമന്വേഷിച്ചും, ജനങ്ങൾക്കുവേണ്ടി ജീവിച്ചു. അദ്ദേഹത്തിന്റെ പ്രജകളിൽ ബുദ്ധമതക്കാർക്കു തുല്യം ഹിന്ദു

മതക്കാരുമുണ്ടായിരുന്നു. ഇവരോട് മതസഹിഷ്ണുത കാണിച്ചുവെന്നുമാത്രമല്ല, അദ്ദേഹം ബ്രാഹ്മണരെ ബൌദ്ധഭിക്ഷുക്കൾക്കൊപ്പം ബഹുമാനിക്കയും ബുദ്ധനോടൊന്നിച്ച് ശിവനേയും സൂര്യനേയും കൂടി പൂജിക്കയും ചെയ്തിരുന്നു. കന്യാകുബ്ജത്തിൽവച്ച് ഹർഷൻ നടത്തിയ ഒരു മത സമ്മേളനത്തിൽ വല്ലഭിമുതൽ ആസ്സാംവരെയുള്ള ഇരുപതിൽപ്പരം രാജാക്കന്മാർ പങ്കെടുത്തിരുന്നു. സമ്മേളനം സമാപിച്ചശേഷം ഹർഷൻ പ്രയാഗയിൽ ചെന്നു് ജാതിമതഭേദം കൂടാതെ, ഹൈന്ദവ-ബൌദ്ധ-ജൈന-സന്യാസിമാർക്കായി ഖജനാവിലെ പണവും സ്വർണ്ണവും രത്നങ്ങളുമെല്ലാം വാരി വിതരണം ചെയ്തിട്ട് ഒരു പഴയ വസ്ത്രം കടമെടുത്തുടുത്തുകൊണ്ട് ബുദ്ധനേയും ശിവനേയും സൂര്യനേയും പ്രാർത്ഥിക്കയും ആരാധിക്കയും ചെയ്തു. അഞ്ചുകൊല്ലത്തിനൊരിക്കൽ ഹർഷൻ ഖജനാവിലെ മിച്ചം മുഴുവൻ ഈ രീതിയിൽ ചെലവഴിച്ചുവന്നിരുന്നു എന്നു് യുവാൻചാങ്ങ് പ്രസ്താവിക്കുന്നുണ്ടു്.

### 3. ഹർഷൻെറ ഭരണരീതി.

രാജ്യത്തിലെ ഭരണം നടക്കുന്നതെങ്ങിനെയെന്നു് രാജ്യമൊട്ടുക്കു സഞ്ചരിച്ചു് ഹർഷൻ തന്നെത്താൻ പരിശോധിക്കുമായിരുന്നു. മഴക്കാലത്തു മാത്രമാണു് ഇങ്ങനെയുള്ള യാത്രകളിൽനിന്നു് അദ്ദേഹം വിരമിച്ചിരുന്നതു്. കഠിനശിക്ഷകൾ അന്നു് നടപ്പിലുണ്ടായിരുന്നു. ധർമ്മശാസ്ത്രവിധിപ്രകാരം ഹർഷൻ ഭൂമിയിൽനിന്നുള്ള വിളവിൻെറ ആറിലൊന്നു മാത്രമെ കരമായി ഈടാക്കിയിരുന്നുള്ളു. ഉദ്യോഗസ്ഥന്മാർക്കു്, അവരുടെ സ്ഥാനമാനങ്ങൾക്കനുരൂപമായ വരവു കിട്ടത്തക്കവണ്ണമുള്ള ഭൂമി വിട്ടുകൊടുത്തിരുന്നു. ശക്തമായ ഒരു ചതുരംഗസൈന്യം അദ്ദേഹം സജ്ജമാക്കി നിറുത്തിയിരുന്നതു് രാജ്യത്തുസമാധാനംപാലിക്കുന്നതിനു വളരെ സഹായകമായിരുന്നു. രാജ്യത്തു നടന്നിരുന്ന സംഭ

ങ്ങളുടെ രേഖകൾ സൂക്ഷിക്കുന്നതിനുവേണ്ടി പ്രത്യേക മായി ഒരു ഗ്രന്ഥപ്പുരയും ഹർഷൻ സ്ഥാപിച്ചു.

4. സാമുദായിക സാമ്പത്തികസ്ഥിതിവിവരം.

ഹർഷൻെറ കാലത്തു പാടലീപുത്രം ജീർണ്ണിച്ചു് നശി ച്ചിരുന്നു. സ്ഥാനേശ്വരം, മഥുര, കന്യാകുബ്ജം, പ്രയാഗ് എന്നിവയായിരുന്നു അക്കാലത്തുണ്ടായിരുന്ന പ്രധാന ന ഗരങ്ങൾ. തലസ്ഥാനമായിരുന്ന കന്യാകുബ്ജത്തിൽ മ നോഹരങ്ങളായ ഉദ്യാനങ്ങളും മാളികകളുമുണ്ടായിരുന്നു. കച്ചവടക്കാർ സാമാനങ്ങൾ കൊണ്ടുനടന്നു വ്യാപാരം നട ത്തി വന്നു. വൈശ്യന്മാരായിരുന്നു കച്ചവടക്കാരിലധിക വും. കൃഷിക്കാർ ശൂദ്രരായിരുന്നു. വെള്ളിനാണയങ്ങളും സ്വർണ്ണനാണയങ്ങളും അക്കാലത്തു പ്രചാരത്തിലുണ്ടായി രുന്നു. ശ്രേണികൾ കച്ചവടക്കാർക്കു വളരെ പ്രയോജനപ്പെ ട്ടിരുന്നുവെന്നു കാണാം. ജാതിവ്യത്യാസം ഹിന്ദുക്കളുടെ ഇ ടയിൽ നിലവിലിരുന്നുവെങ്കിലും സാമൂഹ്യജീവിതത്തിനു് ഒരുതരത്തിലും അതു വിഘാതമായിരുന്നില്ല. വിധവക ളെ വിവാഹം ചെയ്തുകൊടുക്കുവാൻ പാടില്ലെന്നു വ്യവസ്ഥ ചെയ്തിരുന്നു. അങ്ങിങ്ങു "സതി" നടന്നിരുന്നു. സത്യവും ധർമ്മവും മുൻനിറുത്തിയാണു് ജനങ്ങളധികവും ജീവിച്ചി രുന്നതു്. വളരെ ലളിതമായ ജീവിതമായിരുന്നു അധികം പേരുടേയും. മൃതശരീരങ്ങൾ ദഹിപ്പിക്കുകയോ, ഗംഗയി ലൊഴുക്കുകയൊ, കാട്ടിലെറിയുകയൊ ചെയ്യുയായിരുന്നു അന്നത്തെ പതിവ്. ബുദ്ധഗയയ്ക്കടുത്തുള്ള നളന്ദയിൽ മഹായാന സിദ്ധാന്തക്കാരുടെ ഒരു മഹാ വിദ്യാകേന്ദ്രവും, വല്ലഭിയിൽ ഹീനയാനക്കാരുടെ ഒരു മഹാ വിദ്യാകേന്ദ്രവു മുണ്ടായിരുന്നവ ഇക്കാലത്തു് വളരെ പ്രസിദ്ധി ആർജ്ജി ച്ചിരുന്നു. വിദ്യാഭ്യാസം സൗജന്യവും സാർവ്വത്രികവുമായി രുന്നു.

ബംഗാളിലെ രാജാവായിരുന്ന ശശാങ്കൻ ഒരു ബുദ്ധമതവിദ്വേഷിയായിരുന്നു. അദ്ദേഹം ബുദ്ധമതക്കാരെ പലതരത്തിലുപദ്രവിച്ചിരുന്നുവെന്നും, ഗയയിലെ ബോധിവൃക്ഷത്തെ മുറിച്ചു മാററുകയും ബുദ്ധൻെറ തൃപ്പാദമുദ്ര പതിഞ്ഞ പുണ്യശിലയെ തല്ലിത്തകർക്കുകയും ചെയ്തുവെന്നും, പറഞ്ഞുകാണുന്നു.

## അദ്ധ്യായം 10

# രാജപുത്രന്മാർ

### 1. ഉല്പത്തി

എ. ഡി. അഞ്ചും ആറും ശതാബ്ദങ്ങളിൽ ഇൻഡ്യയെ ആക്രമിച്ച് പഞ്ചാബിലും പശ്ചിമഇൻഡ്യയിലും താമസമാക്കിയ ഹൂണന്മാർ, ഗൂർജരന്മാർ മുതലായ സിത്തിയൻ വർഗ്ഗക്കാർ അതിവേഗത്തിൽ ഹിന്ദുമതവും ഹൈന്ദവമര്യാദകളും സ്വീകരിച്ച് ഇൻഡ്യൻ ജനതയിൽ ലയിച്ചു. ഹിന്ദുമതക്രമമനുസരിച്ച് യുദ്ധവും രാജ്യഭരണവും ക്ഷത്രിയരുടെ കർത്തവ്യമായിരുന്നതിനാൽ, ഈ വിദേശീയരിൽ യുദ്ധം തൊഴിലായി സ്വീകരിച്ചിരുന്നവർ ക്ഷത്രിയരായി ഗണിക്കപ്പെട്ടു. ആയോധനവിദ്യ അഭ്യസിക്കാതെ ഇതരജോലികളിലേർപ്പെട്ട ജീവിച്ചിരുന്ന കേവലജനങ്ങൾ 'ജാട്ടു'കളെന്നും ഗൂർജരന്മാരെന്നും മററുമുള്ള പല പുതിയ ജാതികളായും രൂപാന്തരപ്പെട്ടു. ചോഹന്മാർ, പ്രതിഹാരന്മാർ, പരമരന്മാർ, ചാലൂക്യന്മാർ എന്നീ നാലു രാജപുത്രവിഭാഗങ്ങളും ഇങ്ങനെ സിത്തിയൻ വർഗ്ഗങ്ങളിൽ നിന്നു സഞ്ജാതരായവരാണ്. 'അഗ്നികുല'ന്മാരെന്നാണ് അവർ ആഭിജാത്യം കൊണ്ടാടുന്നത്. പരശുരാമൻെറ ക്ഷത്രിയവംശവിച്ഛേദം കഴിഞ്ഞ്, രാജ്യം ഭരിക്കുവാൻ ആളില്ലാതെയായ സമ

യത്തു്, ദേവന്മാർ, ഋഷികളുടെ വാസസ്ഥലമായ രാജപുട്ടാണയിലെ ആബു പർവ്വതത്തിൽചെന്നു് ഒരു യാഗം നടത്തിയെന്നും, യാഗാഗ്നിയിൽ നിന്നു് നാലു രാജപുത്രവർഗ്ഗങ്ങൾ ജാതമായി എന്നുമാണു് ഐതിഹ്യം. ഹിന്ദുമതത്തിലേയ്ക്കുള്ള ശുദ്ധികർമ്മത്തെയാണു് ഇതു സൂചിപ്പിക്കുന്നതു്.

രണപ്രസക്തരായിരുന്ന ചില ദ്രാവിഡവർഗ്ഗങ്ങളും കാട്ടുജാതിക്കാരും കൂടി ഇതുപോലെ കാലക്രമത്തിൽ ക്ഷത്രിയരായിത്തീർന്നിട്ടുണ്ടു്. ജജാകഭുക്തി (ബുൻഡെൽഖണ്ഡ്)യിലെ ചന്ദേലന്മാരും, ഡക്കാനിലെ രാഷ്ട്രകൂടന്മാരും രാജപുട്ടാണയിലെ രാത്തോർകളും ക്ഷത്രിയരായി ഉയർത്തപ്പെട്ട ഭാരതീയരാണു്. മദ്ധ്യസംസ്ഥാനങ്ങളിലെ ഗോണ്ടുവർഗ്ഗക്കാരിൽ നിന്നത്രെ ചന്ദേലന്മാരുടെ ഉത്ഭവം. സൂര്യചന്ദ്രന്മാരുടെ പിൻതുടർച്ചയും, പുരാണപുരുഷന്മാരുമായി അടുത്ത ബന്ധവും രാജപുത്രവംശങ്ങൾ അവകാശപ്പെട്ടിരുന്നു, എങ്കിലും ഹർഷവർദ്ധനന്റെ കാലശേഷമല്ലാതെ 'രാജപുത്ര'രെന്നുള്ള ഒരു നാമംതന്നെ ആരും കേട്ടിരുന്നില്ല. രാജപുത്രന്മാർ ഒരു ജാതിയോ ഒരു വർഗ്ഗമോ അല്ല. ഉഗ്രന്മാരായ കുറെ വിദേശീയ വർഗ്ഗങ്ങളും കുറെ ദ്രാവിഡവർഗ്ഗങ്ങളും രാജപുത്രരായി പരിഗണിക്കപ്പെട്ടു എന്നതായിരിക്കണം വാസ്തവം. വേണമെങ്കിൽ അവരെ ഒരു സങ്കരവർഗ്ഗമെന്നു പറയാവുന്നതാണു്. പക്ഷെ, അവർക്കു ഒരു 'വർഗ്ഗത്വം' നൽകിയതു്, വർഗ്ഗീയ പാരമ്പര്യമല്ല, ഒരു 'തൊഴിൽ പാരമ്പര്യ'വും ചില സ്വഭാവവിശേഷങ്ങളുമാണെന്നുള്ളതു് പ്രത്യേകം ഓർക്കേണ്ട സംഗതിയാണു്.

2. സ്വഭാവവിശേഷങ്ങൾ.


ആത്മാഭിമാനം, ധൈര്യം, മഹാമനസ്കത എന്നീ ശ്രേഷ്ഠഗുണങ്ങൾ ഓരോ രാജപുത്രന്റെയും കൂടെപ്പിറപ്പാ

യിരുന്നു. മഹനീയമായ ഒരു പാരമ്പൎയ്യത്തിന്റെ അവകാ
ശി എന്നുള്ള ബോധം അയാളെ മഹത്തായ കാൎയ്യങ്ങൾ
ചെയ്യുന്നതിന്നു പ്രേരിപ്പിച്ചു. യാതൊരു ഗതിയുമില്ലാതിരു
ന്ന ഒരു രാജപുത്രപാമരൻപോലും ആഭിജാത്യത്തെവലുതാ
യ ഒരു സ്വത്തായിക്കരുതി, അതിന്നനുരൂപമല്ലാത്ത യാ
തൊന്നും ചെയ്തിരുന്നില്ല. രാജാവിന്നുവേണ്ടി യുദ്ധം ചെയ്യുക
മാത്രമായിരുന്നു ഒരു രാജപുത്രന്റെ കൎത്തവ്യം. കുതിരപ്പുറ
ത്തുനിന്നിറങ്ങി യുദ്ധം ചെയ്യുന്നതുപോലും ഒരു കുറവായി
ട്ടാണു് അയാൾ കരുതിയിരുന്നതു്. രാജാവിൽനിന്നു
കിട്ടിയിരുന്ന തറ കിളയ്ക്കുകയോ ഉഴുകയോ ചെയ്യുന്നത
നും ആത്മാഭിമാനം അയാളെ അനുവദിച്ചിരുന്നില്ല. യുദ്ധ
കാലത്തു് രണാങ്കണത്തിലും സമാധാനകാലത്തു് കുതിര
പ്പന്തായങ്ങളിലുമായിരുന്നു അയാളുടെ സന്തുഷ്ടി. വാളും
പരിചയും അയാൾക്കു് ജീവനു സമമായിരുന്നു. വാളിന്നു
മുമ്പുവച്ചാണു് അയാൾ സത്യപ്രതിജ്ഞചെയ്തിരുന്നതു്.
പരിചയിൽ ജനിച്ചു്, വാളും പരിചയും കഠാരിയുംകൊ
ണ്ടു ബാല്യകാലത്തു കളിച്ചു്, യുവത്വത്തിൽ യുദ്ധമുറകള
ഭ്യസിച്ചു്, എപ്പോഴും യുദ്ധവീരന്മാരുടെ കഥകൾ പറ
ഞ്ഞും കേട്ടും രസിച്ചു്, വളൎന്നുവന്നവനായിരുന്നു ഓരോ
രാജപുത്രനും. രാജപുത്രസ്ത്രീകളും വീരവനിതകളായിരുന്നു.
യുദ്ധവീരന്മാരെയാണു് സുന്ദരികൾ സ്വയംവരകാലത്തു്
ഇഷ്ടപ്പെട്ടിരുന്നതു്. മരണത്തെ തൃണവൽഗണിച്ചു് ധീര
കൃത്യങ്ങൾ ചെയ്തു്, വനിതാരത്നങ്ങളുടെ ഹൃദയം കവൎന്ന
വീരന്മാരുടെയും, മരണം വരിച്ചും അഭിമാനം പുലൎത്തിയ
വീരവനിതകളുടെയും കഥകളായിരുന്നു അമ്മമാർ പുത്രി
മാൎക്കു പറഞ്ഞുകൊടുത്തിരുന്നതു്. തീയിൽചാടി മരിക്കു
ന്നതിനെ 'ജെഉഹർ' എന്നു പറഞ്ഞിരുന്നു. അഭിമാനസംര
ക്ഷണത്തിന്നുവേണ്ടി പൊരുതുകയും മററു മാൎഗ്ഗങ്ങളില്ലാത്ത
പ്പോൾ ജെഉഹർ നടത്തുകയും ചെയ്യുക രാജപുത്രസ്ത്രീ

കളെ സംബന്ധിച്ചിടത്തോളം സാധാരണ സംഭവങ്ങളായിരുന്നു.

### 3. രാജപുത്ര രാജവംശങ്ങൾ

ആയോധന പടുക്കളായിരുന്ന രാജപുത്രന്മാർ എ. ഡി. 8-ാം ശതകത്തിൽ ഉത്തരഇൻഡ്യയിലും ഡക്കാനിലുമായി അനവധി ചെറിയ രാജ്യങ്ങൾ സ്ഥാപിച്ചു ഭരണം തുടങ്ങി. ഒൻപതും പത്തും ശതാബ്ദങ്ങളിൽ ഉത്തരഇൻഡ്യ




മുഴുവൻ ഭരിച്ചിരുന്നതു് രാജപുത്രവംശങ്ങളായിരുന്നു. ഒരുമിച്ചുകഴിഞ്ഞിരുന്നുവെങ്കിൽ അവക്കു് അജയ്യമായ ശക്തി

അവക്കുണ്ടായിരുന്നു. പക്ഷെ ഒരുമിക്കുക അവർക്കു സാധ്യമായിരുന്നില്ല. സ്വാതന്ത്ര്യേച്ഛയും പ്രാമാണ്യമോഹവുംകൊണ്ടു് ഓരോ രാജവംശവും മററു രാജവംശങ്ങളുമായി യുദ്ധത്തിലേപ്പെട്ടാണു കഴിഞ്ഞിരുന്നതു്. ഇങ്ങനെ ഉത്തരഇൻഡ്യയിലെ രാജപുത്രചരിത്രം കേവലം അത്ഥശൂന്യമായ അസംഖ്യം യുദ്ധങ്ങളുടെ ഒരു സംഹിതയായിത്തീൎന്നു. വിദേശീയരായ മുഹമ്മദീയൎക്കു രാജപുത്രരെ തോല്പിക്കുവാൻ സാധിച്ചതിനു കാരണമിതാണു്.

എ. ഡി. 8-ാം ശതാബ്ദത്തിൽ ഗുർജരന്മാർ രാജപുട്ടാണയിൽ ഒരു രാജ്യം സ്ഥാപിച്ചു. 'ഗുജറാത്തു്'' എന്ന സ്ഥലത്തിൻെറ പേരു് ഗുർജരന്മാരിൽനിന്നു ലഭിച്ചതത്രെ. അതിവേഗത്തിൽ രാജപുട്ടാണയും മാളവവും അവൎക്കധീനമായി. ഹർഷൻെറ തലസ്ഥാനമായിരുന്ന കന്യാകുബ്ജം പിടിച്ചെടുക്കണമെന്നു് അവൎക്കു് അതിയായ മോഹമുണ്ടായി. എ. ഡി. 9-ാം ശതാബ്ദത്തിൽ ഗുർജരന്മാരുടെ ഒരു വിഭാഗമായ പ്രതിഹാരന്മാർ കന്യാകുബ്ജം കൈവശപ്പെടുത്തി. ഈ 'ഗുർജര-പ്രതിഹാര രാജവംശ'ത്തിലെ ഏററവും പ്രശസ്തനായ രാജാവു് മിഹിരഭോജൻ ആയിരുന്നു. ഭോജൻ എ. ഡി. 840-നും 890-നും ഇടയ്ക്കാണു് ഭരിച്ചതു്. അദ്ദേഹത്തിൻെറ കാലത്തു് പ്രതിഹാരസാമ്രാജ്യം പഞ്ചാബുമുതൽ അയോദ്ധ്യവരെ നീണ്ടു്, സൌരാഷ്ട്രവും മാളവവുമുൾപ്പെടെ, നർമ്മദാതീരംവരെ വ്യാപിച്ചിരുന്നു. എ. ഡി. 10-ാം ശതാബ്ദത്തിൽ രാഷ്ട്രകൂടന്മാർ കന്യാകുബ്ജമാക്രമിച്ചു് പ്രതിഹാരന്മാരുടെ ശക്തിയെ തുലച്ചു. ഇതോടുകൂടി, ജജാകഭുക്തിയിൽ ചന്ദേലന്മാരും അജ്മീറിൽ ചൌഹാന്മാരും മാളവത്തിൽ പരമരന്മാരും പ്രാമാണ്യത്തിലെത്തി. അതിപ്രശസ്തമായ കലഞ്ജാർകോട്ട ചന്ദേലന്മാർ നിർമ്മിച്ചതാണു്. ഗസ്സിയിലെ മമ്മൂദ് ഇൻഡ്യയെ ആക്രമിച്ച

കാലത്തു് (എ. ഡി. 1019) കന്യാകുബ്ജത്തിലെ പ്രതിഹരരാജാവു് പ്രാണരക്ഷാർത്ഥം ഓടിയൊളിച്ചപ്പോൾ, ചന്ദേലരാജാവു് അദ്ദേഹത്തെ പിടിച്ചു വധിച്ചു. പ്രതിഹരവംശം അതോടുകൂടി നശിച്ചു. ചന്ദേലന്മാരുടെ ശക്തി ക്ഷയിച്ചതു് 1203-ൽ കട്ബുദ്ദീൻ എന്ന മുഹമ്മദീയ രാജാവു് കലഞ്ജാർ കോട്ട പിടിച്ചപ്പോഴാണു്. മുഞ്ജനെന്നും ഭോജനെന്നും പ്രശസ്തരായ രണ്ടു രാജാക്കന്മാർ ഉൾക്കൊണ്ടിരുന്ന മാളവത്തിലെ 'പരമരവംശ'ത്തെ പതിനൊന്നാം ശതാബ്ദത്തിൽ ഡെൽഹിലെ തൊമരന്മാർ ഇല്ലായ്മചെയ്തു.

ഡൽഹിയിലെ തൊമരവംശം പതിനൊന്നാം ശതാബ്ദത്തിലാണു് പ്രാമാണ്യത്തിലെത്തിയതു്. പന്ത്രണ്ടാംശതാബ്ദത്തിൽ ആജ്മീറിലെ ചോഹൻരാജാവായ പൃഥ്വിരാജൻ ഡെൽഹിയുംകൂടി ഭരിക്കുവാൻ തുടങ്ങി. ഇക്കാലത്തു് കന്യാകുബ്ജം തെക്കുനിന്നുവന്ന 'ഗഹർവരരാജവംശ'ത്തിനധീനമായിരുന്നു. ഗഹർവരാജാവായ ജയചന്ദ്രനും പൃഥ്വീരാജനും തമ്മിൽ വലിയ ശത്രുക്കളായിത്തീർന്നു. ജയചന്ദ്രൻെറ പുത്രിയായ സംയുക്തയെ പൃഥ്വിരാജൻ പിതൃസമ്മതം കൂടാതെ വിവാഹംചെയ്ത കഥ പ്രസിദ്ധമാണല്ലോ. പൃഥ്വിരാജനും ജയചന്ദ്രനും തമ്മിലുള്ള ഈ വിരോധം, ഗോറിലെ മുഹമ്മദുരാജാവിനു ഇവർ രണ്ടുപേരെയും വധിച്ചു് ഉത്തരഇൻഡ്യ കീഴടക്കുവാൻ സൗകര്യമുണ്ടാക്കിക്കൊടുത്തു.

ബെംഗാളിൽ എ. ഡി. 8-ാംശതാബ്ദം മുതൽ പാലന്മാർ എന്നൊരു രാജവംശം ഭരണംതുടങ്ങി. ഇവർ ബുദ്ധമതക്കാരായിരുന്നു. 12-ാം ശതാബ്ദത്തിൽ ഒരു ഹൈന്ദവരാജവംശക്കാരായ സേനന്മാർ ഇവരിൽനിന്നു് രാജ്യംപിടിച്ചടക്കി. ഒടുവിലത്തെ സേനരാജാവായ ലക്ഷ്മണസേന

നെ തോൽപ്പിച്ച് 1199-ൽ മുഹമ്മദന്മാർ ബെംഗാളിലെ ഹിന്ദുഭരണമവസാനിപ്പിച്ചു.

4. രാജപുത്രഭരണകാലത്തെ നേട്ടങ്ങൾ.

എ. ഡി. 10-ാം ശതാബ്ദംമുതൽ 12-ാം ശതാബ്ദം വരെ രാജപുത്രകാലമെന്നു പറയാം. ഇക്കാലത്തെ ചരിത്രം ധീരകൃത്യങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. സ്ത്രീകൾക്ക് രാജപുത്രർ നൽകിയിരുന്ന ബഹുമാന്യസ്ഥാനവും, സ്ത്രീകൾ കാണിച്ചിരുന്ന വിപദിധൈര്യവും അസാധാരണമാണ്. രാജപുത്രർ ഹിന്ദുമതക്കാരായിരുന്നു. ചന്ദേലന്മാർ ഖജൂറാഹൊ എന്ന സ്ഥലത്തു നിർമ്മിച്ചിട്ടുള്ള ക്ഷേത്രങ്ങൾ വളരെ ഭംഗിയേറിയവയാകുന്നു. കവികളെ പ്രോത്സാഹിപ്പിക്കുന്നതിലും അവർ പിന്നോക്കമല്ലായിരുന്നു. മാലതീമാധവകർത്താവായ ഭവഭൂതിയും, ഗീതാഗോവിന്ദം രചിച്ച ജയദേവനും, ചാന്ദ്റാസ എന്ന പൃഥ്വിരാജഗീതി നിർമ്മിച്ച ചന്ദ്ബർദായും ഇക്കാലത്തെ കവിവര്യന്മാരാണ്. മാളവത്തിലെ രാജാക്കന്മാരായിരുന്ന മുഞ്ജനും ഭോജനും മഹാപണ്ഡിതന്മാരായിരുന്നു. രണവും പ്രണയവും നിറഞ്ഞ ഒരു കാലത്ത് കവിതയും കലയും പുഷ്ടിപ്പെടാതിരിക്കാൻ തരമില്ലല്ലൊ.

അദ്ധ്യായം 11

# ഡക്കാൻ രാജ്യങ്ങൾ

## 1. ആന്ധ്റാക്കാർ.

തെലുങ്കു സംസാരിക്കുന്ന ഒരു ദ്രാവിഡവർഗ്ഗമാണ് ആന്ധ്രാക്കാർ. ബി. സി. 800-ാമാണ്ടുമുതൽ അവർ ഗോദാവരി നദിയുടെയും കൃഷ്ണാനദിയുടെയും തീരത്ത് വസിച്ചിരു

ന്നു. ശാതവാഹനന്മാരെന്നറിഞ്ഞിരുന്ന ഒരു രാജകുടുംബം, കൃഷ്ണയുടെ തീരത്തുള്ള ശ്രീകാകുളം എന്ന സ്ഥലം തലസ്ഥാനമാക്കിക്കൊണ്ടു് ബി. സി 225 മുതൽ എ. ഡി. 225 വരെ നാന്നൂറ്റിഅൻപതുകൊല്ലം രാജ്യഭാരം ചെയ്തു. ആകെ മുപ്പതു രാജാക്കന്മാരുണ്ടായിരുന്നതായി പുരാണങ്ങളിൽനിന്നു മനസ്സിലാക്കാം. അശോകന്റെ കാലത്തു മൌര്യസാമ്രാജ്യത്തിലുൾപ്പെട്ടിരുന്ന ആന്ധ്രദേശം, അദ്ദേഹത്തിന്റെ മരണത്തെ തുടൎന്നു്, സിമുകൻ എന്ന രാജാവിന്റെ നേതൃത്വത്തിൽ സ്വതന്ത്രമായിത്തീൎന്നു. ബി. സി. രണ്ടാം ശതാബ്ദത്തിനിടയ്ക്കു് ബംഗാളുൾക്കടലിനും അറബിക്കടലിനുമിടയ്ക്കുള്ള ഡക്കാൻ പ്രദേശം മുഴുവനുമവൎക്കധീനമായി. ബി. സി. 28-ൽ അവർ മഗധയെ ആക്രമിച്ചു് കണ്വവംശത്തിനറുതിവരുത്തി, ഉത്തര ഇൻഡ്യയിലും അവരുടെ ശക്തി വ്യാപിപ്പിച്ചു.

ശാതവാഹനരാജാക്കന്മാരെ ശാതകൎണ്ണി എന്ന സ്ഥാനപ്പേരുകൊണ്ടും അറിയുന്നുണ്ടു്. അവരിൽ 17-ാമത്തെ രാജാവായിരുന്ന ഹാലൻ 'സപ്തശതകം' എന്ന പ്രസിദ്ധ കവിതയുടെ കൎത്താവാണു്. ഹിന്ദുക്കളായിരുന്നിട്ടും, അവർ ബുദ്ധമതക്കാരെ വളരെ പ്രോത്സാഹിപ്പിച്ചിരുന്നു. എ. ഡി. രണ്ടാം ശതാബ്ദത്തിൽ പശ്ചിമഇൻഡ്യയിലെ ശകക്ഷത്രപന്മാരുമായി അവർ തുടരെ യുദ്ധംചെയ്തു. അതിശക്തിമാനായിരുന്ന ഗൌതമീപുത്ര ശാതകൎണ്ണി സൌരാഷ്ട്രത്തിലെ ശകക്ഷത്രപനെ തോൽപിച്ചു് അദ്ദേഹത്തിന്റെ രാജ്യം കൈയ്ക്കലാക്കി. എന്നാൽ അധികകാലം കഴിയുന്നതിനുമുമ്പു് മാളവത്തിലെ ക്ഷത്രപനായ രുദ്രദാമൻ, ഗൌതമീപുത്രന്റെ പിൻവാഴ്ചക്കാരനായ പുലുമയിയെ തോൽപിച്ചു് ശകപ്രദേശം മുഴുവൻ വീണ്ടെടു

ളു. യജ്ഞശ്രീ എന്ന ആന്ധ്ര രാജാവു് ഇതിൽ ചില തൊക്കെ വീണ്ടും പിടിച്ചടക്കി.

യജ്ഞശ്രീയുടെ കാലം കഴിഞ്ഞു് ആന്ധ്രവംശം ക്ഷയിച്ചു. എ. ഡി. 225-ൽ അതു് അവസാനിച്ചു.

## II. പല്ലവന്മാർ.

ശാതവാഹനന്മാരുടെ അധഃപതനത്തോടുകൂടി ആന്ധ്രദേശത്തിന്റെ കിഴക്കുഭാഗം പല്ലവന്മാരുടെ ആധിപത്യത്തിലായി. പല്ലവന്മാർ ആരാണെന്നുള്ളതിനെപ്പറ്റി നിശ്ചിതമായി പറയുവാൻ നിവൃത്തിയില്ല. പെർഷ്യയിൽനിന്നുവന്ന ഒരു വർഗ്ഗത്തിൽപ്പെട്ടവരാണവരെന്നു് ചിലർക്കഭിപ്രായമുണ്ടു്. എന്നാൽ നാഗന്മാരുമായോ, പുതുക്കോട്ടയ്ക്കടുത്തുള്ള കുറുമ്പന്മാർ, കള്ളന്മാർ മുതലായവരുമായോ ചാർച്ചയുണ്ടായിരുന്ന തെക്കെ ഇൻഡ്യയിലെ നാട്ടുകാർ തന്നെയായിരിക്കണം ഇവരെന്നത്രെ ഇപ്പോഴുള്ള വിശ്വാസം. ഇവരുടെ തലസ്ഥാനം കാഞ്ചീപുരമായിരുന്നു. എ. ഡി. നാലാം ശതാബ്ദത്തിൽ കാഞ്ചിയിൽവച്ചു സമുദ്രഗുപ്തനെ എതിർത്തതു് വിഷ്ണുഗോപൻ എന്ന പല്ലവരാജാവായിരുന്നു. 6-ാം ശതാബ്ദത്തിൽ സിംഹവിഷ്ണു എന്നൊരു പല്ലവരാജാവു് തെക്കെ ഇൻഡ്യയിലെ ചോളചേരപാണ്ഡ്യ രാജാക്കന്മാരെയും സിലോണിലെ രാജാവിനെയും തോല്പിച്ചു് വളരെ പ്രശസ്തനായിത്തീർന്നു. എ. ഡി. 7-ാം ശതാബ്ദത്തിൽ പല്ലവന്മാരും അയൽക്കാരായ ചാലൂക്യന്മാരും തമ്മിൽ അനവധി യുദ്ധങ്ങളുണ്ടായി. എ. ഡി. 610-ൽ ചാലൂക്യരാജാവായ പുലകേശിദ്വിതീയൻ പല്ലവരാജാവായ മഹേന്ദ്രവർമ്മനെ തോല്പിച്ചു് വെംഗി എന്ന സ്ഥലം പിടിച്ചെടുത്തു, എങ്കിലും, എ. ഡി. 632-ൽ പുലകേശിയെ വധിച്ചു് നരസിംഹവർമ്മനെന്ന പല്ലവരാജാവു് ഡക്കാനിലേയ്ക്കു് തന്റെ ശക്തി വ്യാപിപ്പിച്ചു. പക്ഷേ

ഈ പ്രാമാണ്യം ഒട്ടും നിലനിന്നില്ല. എട്ടാംശതാബ്ദത്തിൽ ചാലൂക്യന്മാർ പലതവണ പല്ലവന്മാരെ തോല്പിച്ച് കാഞ്ചീപുരത്തെത്തി അധികാരം നടത്തി ഒൻപതാം ശതാബ്ദത്തിൽ ചോളരാജാവായ ആദിത്യൻ പല്ലവരാജാവായ അപരാജിതനിൽ നിന്ന് തെക്കെ ഇൻഡ്യയിലെ പ്രാമാണ്യം കവന്നെടുത്തു. ഇതോടുകൂടി പല്ലവന്മാരുടെ ഭരണമവസാനിച്ചു എങ്കിലും, 13–ാം ശതാബ്ദം വരെ ചില പല്ലവരാജാക്കന്മാർ അവിടവിടെ അധികാരം നടത്തിവന്നിരുന്നു.

പല്ലവന്മാർ ഹിന്ദുക്കളായിരുന്നു. അവരിൽ ചലർ ശിവഭക്തന്മാരും ചിലർ വിഷ്ണുഭക്തന്മാരുമായിരുന്നു. കാഞ്ചീപുരത്തും അതിനടുത്തും അവർ പണിയിച്ച മനോഹരക്ഷേത്രങ്ങൾ അവരെ ഇൻഡ്യയിലെ ഏററവും പ്രശസ്തരായ വാസ്തുവിദ്യാവിശാരദന്മാർ എന്ന സ്ഥാനത്തിന് അഹരാക്കിത്തീർത്തിട്ടുണ്ട്. അനവധി ഗുഹാക്ഷേത്രങ്ങളും മഹേന്ദ്രവാഡി എന്നൊരു പട്ടണവും മഹേന്ദ്രവർമ്മൻ നിർമ്മിച്ചു. മഹാമല്ലനെന്നറിഞ്ഞിരുന്ന നരസിംഹവർമ്മൻ ഒന്നാമൻ പണിയിച്ചതാണ് മാമല്ലപുരം എന്ന വിശിഷ്ടനഗരം. പാറക്കല്ലുവെട്ടി ഉണ്ടാക്കിയ അതിമനോഹരമായ ഏഴു രഥങ്ങൾ അവിടെയുണ്ട്. കാഞ്ചിയിലെ കൈലാസനാഥക്ഷേത്രം മഹേന്ദ്രവർമ്മൻ രണ്ടാമൻ നിർമ്മിച്ചതാണ്. ഇവയിൽ കാണുന്ന ശില്പകലാവൈഭവം തെക്കേ ഇൻഡ്യയ്ക്ക് കലാലോകത്തിൽ മഹനീയമായ സ്ഥാനം സമ്പാദിച്ചുതന്നിരിക്കുന്നു.

## III. ഡെക്കാനിലെ രാജപുത്രവംശങ്ങൾ

### 1. വാതാപിയിലെ ചാലൂക്യന്മാർ

സൊളാങ്കികളെന്നു സാധാരണ അറിഞ്ഞിരുന്ന ചാലൂക്യന്മാർ ഹൂണ-ഗുർജരവംശജന്മാരായ രാജപുത്ര

രാണ്. ഡെക്കാനിലെ വാതാപി എന്ന സ്ഥലത്ത് അവരുടെ നേതാവായ പുലികേശി ഒന്നാമൻ എ.ഡി 550-ൽ ഒരു രാജവംശം സ്ഥാപിച്ചു. ഈ വംശത്തിലെ ഏററവും പ്രശസ്തനായ രാജാവ് പുലികേശി രണ്ടാമനായിരുന്നു. എ. ഡി. 608-ൽ അദ്ദേഹം രാജാവായി. സൌരാഷ്ട്രം, മാളവം, രാജപുട്ടാണ എന്നീ സ്ഥലങ്ങഠം പിടിച്ചടക്കി അദ്ദേഹം ഒരു സാമ്രാജ്യം സ്ഥാപിച്ചു. ഹർഷചക്രവത്തിയുടെ ആക്രമണത്തെ എതിത്തു പിൻതിരിപ്പിച്ചതോടുകൂടി (എ. ഡി.620) അദ്ദേഹത്തിൻെറ പ്രതാപം വർദ്ധിച്ചു. ഡെക്കാണിനടുത്തു ഭരിച്ചിരുന്ന പല്ലവന്മാരെ തോൽപിച്ച് വെംഗിയെന്ന സ്ഥലം പിടിച്ചടക്കിയശേഷം അദ്ദേഹം സഹോദരനായ വിഷ്ണുവർദ്ധനനെ അവിടത്തെ ഉപരാജാവായി വാഴിച്ചു. വെംഗിയിൽ സ്വതന്ത്രരാജാക്കന്മാരായി ഭരിച്ച വിഷ്ണുവർദ്ധനൻെറ പിൻഗാമികളെയാണ് "കിഴക്കൻ ചാലൂക്യന്മാർ" എന്നറിഞ്ഞിരുന്നതു്. പെർഷ്യയിൽ നിന്നൊരു ദൂതസംഘവും ഇൻഡ്യയിൽ സഞ്ചരിച്ചിരുന്ന ചീനഭിക്ഷുവായ യുവാൻചാങ്ങും വാതാപിയിലെത്തി താമസിച്ചതു് ഇദ്ദേഹത്തിൻെറ പ്രശസ്തിക്ക തെളിവാണ്. എ. ഡി. 642-ൽ പല്ലവന്മാർ പുലകേശിയെ യുദ്ധത്തിൽ വധിച്ചു. എ. ഡി.655-ൽ പുലകേശിയുടെ പുത്രനായ വിക്രമാദിത്യൻ ഒന്നാമനും, എ. ഡി. 740-ൽ വിക്രമാദിത്യൻ രണ്ടാമനും പല്ലവന്മാരെ തോല്പിച്ചു കാഞ്ചിയിൽ പ്രവേശിച്ചു് ഇതിനു പകരം വീട്ടി. കീത്തിവമ്മൻ രണ്ടാമനായിരുന്നു വാതാപിയിലെ ഒടുവിലത്തെ ചാലൂക്യരാജാവ്. എ. ഡി. 753-ൽ അദ്ദേഹത്തെ യുദ്ധത്തിൽ വധിച്ചു്, ദന്തിദുർഗ്ഗനെന്ന രാഷ്ട്രകൂട നേതാവ് ചാലൂക്യന്മാരുടെ ആധിപത്യമവസാനിപ്പിച്ചു.

2. രാഷ്ട്രകൂടന്മാർ.

ദ്രാവിഡവർഗ്ഗത്തിൽനിന്ന് രാജപുത്രരായി ഉയർത്തപ്പെട്ടവരാണ് രാഷ്ട്രകൂടന്മാർ. എ. ഡി. 753-ൽ രാജാവായി അവരോഹണം ചെയ്ത ദന്തിദുർഗ്ഗൻ മാളവത്തിലും ഗുജറാത്തിലും ചില ആക്രമണങ്ങൾ നടത്തി രാജ്യവിസ്തൃതി ആരംഭിച്ചു. അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി രാജ്യം കരസ്ഥമാക്കിയ കൃഷ്ണൻ ഒന്നാമന്റെ കാലത്തു രാഷ്ട്രകൂടർ ഡക്കാനിലെ പ്രഥമശക്തിയായുയൎന്നു. എ. ഡി. 815 മുതൽ എ. ഡി. 877 വരെ ഭരിച്ച അമോഘവൎഷനാണ് രാഷ്ട്രകൂടരാജാക്കന്മാരിൽ ഏററവുംപ്രസിദ്ധൻ. മാളവം മുതൽ കാഞ്ചിവരെയുള്ള രാജ്യങ്ങൾ അദ്ദേഹത്തിന്റെ അധികാരസീമയിലുൾപ്പെട്ടു. തലസ്ഥാനം മാന്യകേതമായിരുന്നു. ജൈനമതം അദ്ദേഹം സ്വീകരിക്കയും നാട്ടിൽ പ്രചരിപ്പിക്കയും ചെയ്തു.

ചോളന്മാരോടും ചാലൂക്യന്മാരോടും രാഷ്ട്രകൂടൎക്കു യുദ്ധം ചെയ്യേണ്ടിവന്നു. കൃഷ്ണൻ തൃതീയൻ, രാജാദിത്യചോളനെ എ. ഡി. 949-ൽ തോല്പിച്ചു കീഴടക്കി. ഒടുവിലത്തെ രാഷ്ട്രകൂടരാജാവ് കാകൻരണ്ടാമനായിരുന്നു. അദ്ദേഹത്തെ തോല്പിച്ച് തൈലപൻ എന്ന രാജാവ് വീണ്ടുമൊരു ചാലൂക്യവംശം സ്ഥാപിച്ചു.

രാഷ്ട്രകൂടന്മാരും പല്ലവന്മാരെപ്പോലെ വലിയ കെട്ടിടനിൎമ്മാതാക്കളും ശില്പകലാവിദഗ്ദ്ധന്മാരുമായിരുന്നു. കൃഷ്ണൻ ഒന്നാമൻ പാറ വെട്ടിയുണ്ടാക്കിയ 'എല്ലോറ'യിലെ കൈലാസക്ഷേത്രം ലോകത്തിലെ അതിമഹത്തായ കലാസമ്പത്തുകളിലൊന്നാണ്.

3. കല്യാണിയിലെ ചാലൂക്യന്മാർ

എ. ഡി. 973-ൽ തൈലപൻ സ്ഥാപിച്ച പുതിയ ചാലൂക്യവംശത്തിന്റെ തലസ്ഥാനം ഡെക്കാനിലെ കല്യാണി എന്ന സ്ഥലത്തായിരുന്നു. മാളവത്തിലെ

പരമരന്മാരും തെക്കെ ഇൻഡ്യയിലെ ചോളന്മാരുമായി രുന്നു ഇവൎക്കു നേരിടേണ്ടിവന്ന ശത്രുക്കൾ. രാജ രാജ ചോളന്റെ ആക്രമണങ്ങൾ അവരെ എ. ഡി. പതിനൊന്നാം ശതകത്തിന്റെ മദ്ധ്യകാലം വരെ വളരെ വിഷമിപ്പിച്ചു. ഒടുവിൽ സോമേശ്വരൻ എന്ന ചാലൂക്യരാജാവു് എ. ഡി. 1052–ൽ കൊപ്പം എന്ന സ്ഥലത്തുവെച്ചുണ്ടായ യുദ്ധത്തിൽ ചോളരാജാവിനെ തോല്പിച്ചുവധിച്ചു്, ചാലൂക്യരുടെ ചരിത്രത്തിൽ ഒരു പുതിയഅദ്ധ്യായം ആരംഭിച്ചു. എ. ഡി. 1076 മുതൽ എ. ഡി. 1126 വരെ ഭരിച്ച വിക്രമാദിത്യൻ ചോളരാജ്യത്തെ വീണ്ടും വീണ്ടും ആക്രമിച്ചു. കല്യാണിയിലെ രാജാക്കന്മാരിലഗ്രഗണ്യൻ അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ പരാക്രമങ്ങളെപ്പററി ബിൽഹണൻ എന്ന കവി വൎണ്ണിച്ചിട്ടുണ്ടു്. ബിൽഹണനെക്കൂടാതെ അദ്ദേഹത്തിന്റെ പ്രോത്സാഹനംലഭിച്ച ഒരാളാണു് 'മിതാക്ഷരം' എന്ന പ്രസിദ്ധനിയമഗ്രന്ഥത്തിന്റെ കൎത്താവായ വിജ്ഞാനേശ്വരൻ. എ. ഡി. 12–ാം ശതാബ്ദത്തിന്റെ അവസാനത്തോടുകൂടി കല്യാണിയിലെ രാജവംശം നശിച്ചു. അതിന്റെ സ്ഥാനത്തു ദേവഗിരിയിൽ യാദവന്മാരും ദ്വാരസമുദ്രത്തിൽ (മൈസൂർ) ഹോയിസളന്മാരും ആധിപത്യത്തിലെത്തി.

## അദ്ധ്യായം 12

# തമിഴകം

### 1 ചേര, പാണ്ഡ്യ, ചോളരാജവംശങ്ങൾ.

#### 1. മൂവരചന്മാരുടെ പഴമ.

കൃഷ്ണാനദിയ്ക്കു തെക്കു് കന്യാകുമാരിവരെയുള്ള ഭാഗങ്ങളെയാണു് 'തമിഴകം' എന്നു പറഞ്ഞിരുന്നതു്. പുരാ

ണകാലം മുതൽ ചേരൻ, പാണ്ഡ്യൻ, ചോളൻ എന്ന 'മൂവരചർ' ഈ പ്രദേശത്തു് കോയ്മകൊണ്ടിരുന്നു. മെഗസ്ത്ധനീസ്സിൻെറ വിവരണങ്ങളിലും അശോകൻെറ ശിലാശാസനങ്ങളിലും ഇവരെക്കുറിച്ചു ചില സൂചനകളുണ്ടു്. ആര്യന്മാർ ഉത്തരഇൻഡ്യയിൽ മഗധയും കോസലവും സൃഷ്ടിച്ച കാലത്തു്, ചേരന്മാർ പെരിയാററിൻ കരയിലും, പാണ്ഡ്യന്മാർ താമ്രവർണ്ണി തീരത്തിലും ചോളർ കാവേരീപ്രാന്തത്തിലും ഉദയംചെയ്തു. അതിവേഗത്തിൽ സുശക്തമായ രാജവംശങ്ങൾ സ്ഥാപിച്ചു്, അവർരാജ്യവിസ്തൃതിയാരംഭിച്ചു. എ. ഡി. ഒന്നാം ശതകത്തിനു മുമ്പുള്ള അവരുടെ ചരിത്രത്തെപ്പററി വലിയ അറിവുകളൊന്നും നമുക്കു ലഭിച്ചിട്ടില്ല. പുരാതന ദ്രാവിഡസംസ്കാരത്തിനു ഭാരതത്തിലുണ്ടായ അനസ്യൂതമായ പുരോഗതിക്കു് കാരണം ഈ ദ്രാവിഡ രാജവംശങ്ങളുടെ വളർച്ചയാണു്.

**2. ചേരവംശം.**

ബി. സി. ഒന്നാംശതകത്തിൻെറ അന്ത്യകാലത്തു് ചേരരാജ്യം ഭരിച്ചിരുന്നതു് ഉദിയൻ ചേരൻ ആയിരുന്നു. പെരിയാററിൻതീരത്തുള്ള കുമിളിയായിരുന്നു അദ്ദേഹത്തിൻെറ തലസ്ഥാനം. അദ്ദേഹത്തിന്റെ പുത്രനായ നെടുംചേരൻ, കദംബർ, യവനർ മുതലായവരെ കീഴടക്കി, തെക്കെ ഇൻഡ്യയിൽചേരന്മാരുടെ ശക്തി വർദ്ധിപ്പിച്ചു. എ. ഡി. 2-ാം ശതാബ്ദത്തിൽ ഭരിച്ചിരുന്ന ചെങ്കുട്ടവനാണു് ചേരവംശത്തിലെ ഏററവും പ്രശസ്തനായ രാജാവു്. ആന്ധ്രരാജാവായ ശാതകർണ്ണിയുമായി കൂട്ടുകൂടി, ചെങ്കുട്ടവൻ, ഗംഗാതീരമാക്രമിച്ചതായി 'ചിലപ്പതികാരം' എന്ന തമിഴ്ഗ്രന്ഥത്തിൽ പറയുന്നു. സിലോണിലെ രാജാവായിരുന്ന ഗജബാഹു ചേരരാജ്യത്തു വന്നു് അദ്ദേഹത്തെ സന്ദർശിച്ചതായും അതിൽ പ്രസ്താവിച്ചിട്ടുണ്ടു്. കൊടുങ്ങല്ലൂരിലെ കടൽക്കൊള്ളക്കാരെ അമർച്ച ചെയ്തു്

'കടൽ പിറകോട്ടിയോൻ' എന്ന ബിരുദത്തിനുമദ്ദേഹം അർഹനായിത്തീൻ. ചെങ്കുട്ടവന്റെ അനുജനായ ഇളംകോ അടികൾ രചിച്ച കാവ്യമാണു് ചിലപ്പതികാരം. വിദേശിയരുമായുള്ള വാണിജ്യംമൂലം കേരളം അതിസമ്പന്നമായിത്തീന്നിരുന്നുവെന്നും അവിടത്തെ ജനങ്ങൾ സ്വർണ്ണവും മുത്തും ധരിച്ചും കവിതയും കലയും ആസ്വദിച്ചും സുഖമായി ജീവിച്ചിരുന്നുവെന്നും ഇതിൽനിന്നറിവായിട്ടുണ്ടു്. ഇന്നത്തെ 'കഥകളി'യുടെ മുന്നോടിയായിരുന്ന 'കൂത്തു്' ചെങ്കുട്ടവനു പ്രിയമായ ഒരു വിനോദമായിരുന്നു. ജൈനമതവും ബുദ്ധമതവും ഹിന്ദുമതവും ഒരുപോലെ അദ്ദേഹത്തിന്റെ ആദരവിനു പാത്രമായി.

ചെങ്കുട്ടവന്റെ കാലശേഷം ചേരവംശം അധഃപതിച്ചു. അതോടുകൂടി തൊണ്ടി എന്ന സ്ഥലത്തു് അതിലൊരു ശാഖയും വഞ്ചിനാട്ടിൽ വേറൊരു ശാഖയും സ്വതന്ത്രരാജ്യങ്ങൾ സ്ഥാപിച്ചു ഭരണമാരംഭിച്ചു. ചോള പാണ്ഡ്യരാജാക്കന്മാരുടെ ആക്രമണങ്ങളിൽനിന്നു രാജ്യത്തെ രക്ഷിക്കുന്നതിനുവേണ്ടി ഇവക്കു തുടരെ യുദ്ധം ചെയ്യേണ്ടിവന്നു. എ. ഡി. 14-ാംശതാബ്ദത്തിൽ വഞ്ചിവംശജനായ രവിവർമ്മകുലശേഖരൻ, തെക്കെ ഇൻഡ്യയിലുണ്ടായ ഒരു മുഹമ്മദീയ ആക്രമണത്തെ തുടന്നു്, തലസ്ഥാനമായ കൊല്ലത്തുനിന്നുതിരിച്ചു്, സഹ്യാദ്രി തരണം ചെയ്തു്, പാണ്ഡ്യർ, ചോളർ, ഹോയ്സളർ, യാദവർ, കദംബർ എന്നിങ്ങനെയുള്ളവരെയെല്ലാം കീഴടക്കിക്കൊണ്ടു് നെല്ലൂർവരെ ജൈത്രയാത്രചെയ്തശേഷം, കാഞ്ചീപുരത്തുവച്ചു തെക്കെഇൻഡ്യയിലെ ചക്രവത്തിയായി അഭിഷിക്തനായി. 'സംഗ്രാമധീരനെന്നും' 'ത്രിക്ഷത്രചൂഡാമണി' എന്നും അദ്ദേഹം പ്രകീത്തിതനാണു്. അദ്ദേഹത്തിന്റെ കാലശേഷം വഞ്ചിവംശജർ വീണ്ടും കേരളത്തിലെ നാടുവാഴികൾമാത്രമായിത്തീൻ. കേരളത്തിലെ രാജപ്രമുഖനാ

യ ശ്രീ ചിത്തിരതിരുനാൾ രാമവർമ്മമഹാരാജാവ്, പരമ്പരാനുഗതമായി ഈ വംശത്തെ ഇന്ന് പ്രതിനിധീകരിക്കുന്നുണ്ട്.

3. പാണ്ഡ്യവംശം.

മധുരയും തിരുനെൽവേലിയും ചേർന്നതായിരുന്ന പാണ്ഡ്യദേശം. എ. ഡി. 2-ാം ശതകത്തിൽ നെടുംചേലിയൻ എന്നൊരു രാജാവ് പാണ്ഡി ഭരിച്ചിരുന്നു. കോർകായ് എന്ന തുറമുഖമായിരുന്നു അദ്ദേഹത്തിൻെറ തലസ്ഥാനം. പിൽകാലത്തു് തലസ്ഥാനം മധുരയിലേയ്ക്കു മാററി. ജൈനമതത്തിന് അവിടെ വളരെ പ്രചാരം സിദ്ധിച്ചിരുന്നു. സുന്ദരപാണ്ഡ്യൻ എന്നൊരു രാജാവിൻെറ കാലത്തു് ജൈനമതക്കാരെ അദ്ദേഹം പലതരത്തിലുപദ്രവിച്ചതുകാരണം, ഹിന്ദുമതത്തിന് അന്നുമുതൽ അവിടെ കൂടുതൽ പ്രചാരം സിദ്ധിച്ചു. ആദ്യകാലത്തു് 'കോർകായി'യും, അതിനുശേഷം 'കായ'ലും വിദേശവാണിജ്യത്തിനു പ്രസിദ്ധികേട്ട കേന്ദ്രങ്ങളായിരുന്നു.

യുവാൻചങ്ങ് ഇൻഡ്യയിൽ സഞ്ചരിച്ച സമയത്തു് പാണ്ഡ്യന്മാർ പല്ലവരാജാക്കന്മാർക്കു കീഴ്പെട്ടു കഴിയുകയായിരുന്നു. എ. ഡി. 8-ാം ശതാബ്ദത്തിൽ അരികേസരിയെന്ന പാണ്ഡ്യരാജാവ് പല്ലവരെ തോല്പിച്ചുവെങ്കിലും, പല്ലവരാജാവായ അപരാജിതൻ അധികനാൾ കഴിയുന്നതിനുമുമ്പ് പാണ്ഡ്യരാജാവായ വരഗുണനെ തോല്പിച്ചു പകരം വീട്ടി. അതിനുശേഷം, എ. ഡി. 2-ാം ശതാബ്ദത്തിൻെറ ഒടുവിൽ പാണ്ഡ്യരാജാവ് ചോളരാജാവുമായിച്ചേർന്ന് പല്ലവരോടു മല്ലിട്ട്, അവരെ കീഴടക്കി. പക്ഷേ, ഇതോടുകൂടി ചോളശക്തി പ്രബലമായി. എ. ഡി. 13-ാം ശതകംവരെ പാണ്ഡ്യർ ചോളരുടെ മേൽക്കോയ്മയ്ക്കു വിധേയമായി ഭരണം നടത്തി,

അതിനുശേഷം വീണ്ടും കുറെക്കാലത്തേക്ക് അവർക്ക് പ്രാബല്യം സിദ്ധിച്ചു. എ. ഡി. 16-ാം ശതാബ്ദത്തിൽ പാണ്ഡ്യരാജ്യം വിജയനഗരസാമ്രാജ്യത്തിൽ ലയിച്ചു.

## 4. ചോളവംശം

കിഴക്കെ കടലോരം ചേന്നു് നെല്ലൂർ മുതൽ പുതുക്കോട്ടവരെയുള്ള സ്ഥലങ്ങളായിരുന്നു ചോളദേശം. എ. ഡി. ഒന്നാംശതകത്തിൻെറ ഒടുവിൽ അവിടം കരികാലനെന്ന രാജാവു് ഭരിച്ചിരുന്നു. 3-ാംശതാബ്ദം മുതൽ 7-ാം ശതാബ്ദംവരെ ചോളർ പല്ലവർക്കു കീഴ്പ്പെട്ടുകഴിഞ്ഞു.

9-ാംശതാബ്ദത്തിൽ അവർക്കു പ്രാമാണ്യം സിദ്ധിച്ചു. ആദിത്യൻ എന്ന ചോളരാജാവു് പല്ലവരെ തോല്പിച്ചു കീഴടക്കി. പരാന്തകചോളൻ വീണ്ടും അവരെ തോല്പിച്ചു. പല്ലവരുടെ കീഴടക്കം പൂൎണ്ണമാക്കിയശേഷം പരാന്തകൻ പാണ്ഡ്യരാജാവിനെ തോല്പിച്ചു്, മധുരയിൽ പ്രവേശിച്ചു. എ. ഡി. 985-ൽ സിംഹാസനാരൂഢനായ രാജരാജൻെറ കാലത്തു് ചോളർ തെക്കെ ഇൻഡ്യയിലെ പ്രഥമശക്തിയായിത്തീന്നു. വെംഗിയും കലിംഗവും ഡക്കാനിലെ ചില ഭാഗങ്ങളും പിടിച്ചടക്കി വടക്കോട്ടും, കൂർഗ്ഗും ചേരരാജ്യത്തിലെ ചിലഭാഗങ്ങളും കീഴടക്കി പടിഞ്ഞാറോട്ടും അദ്ദേഹം രാജ്യം വിപുലമാക്കി. ചോളക്കു് അതിശക്തമായ ഒരു കപ്പൽപ്പടയുണ്ടായിരുന്നതുകൊണ്ടു് അദ്ദേഹം സിലോണും ആക്രമിച്ചു കീഴടക്കി. രാജരാജചോളൻ നിർമ്മിച്ച സാമ്രാജ്യത്തിൽ, ഇങ്ങനെ ഡെക്കാനു തെക്കു മധുരവരെയുള്ള സ്ഥലങ്ങളും സിലോണും ഉൾപ്പെട്ടു. ശൈവഭക്തനായ ഒരു ഹിന്ദുവായിരുന്നു രാജരാജനെങ്കിലും, ബുദ്ധമതക്കാരെയും അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു. എ. ഡി. 1018-ൽ അദ്ദേഹത്തിൻെറ പുത്രനായ രാജേന്ദ്രചോളദേവൻ രാജാ

വായി. പിതാവിനെപ്പോലെ പരാക്രമിയായിരുന്ന പുത്രനും. ബെംഗാൾ ഉൾക്കടലിലെ ആൻഡമാൻ, നിക്കോബാർ എന്നീ ദ്വീപസമൂഹങ്ങളും അതിനപ്പുറമുള്ള പെഗുവും അദ്ദേഹത്തിൻെറ നാവികശക്തിക്കു കീഴടങ്ങി. ബെംഗാളിലെ പാലരാജാവിനെ തോല്പിച്ച്, ഗംഗാതീരത്തും അദ്ദേഹത്തിൻെറ സൈന്യങ്ങൾ പ്രവേശിച്ചു. 'ഗംഗകൊണ്ട ചോളൻ' എന്ന് അന്നു മുതൽ അദ്ദേഹത്തെ പറഞ്ഞുവന്നു. 'ഗംഗകൊണ്ട ചോളപുരം' ഈ വിജയത്തെ പുരസ്കരിച്ച് അദ്ദേഹം നിർമ്മിച്ച ഒരു പട്ടണമാണ്. എ.ഡി. 1035-ൽ അദ്ദേഹം നിര്യാതനായി.

രാജേന്ദ്രചോളൻെറ പിൻഗാമിയായ രാജാധിരാജ ചോളൻെറ കാലത്ത് ചോളന്മാരും ചാലുക്യന്മാരും, തമ്മിൽ യുദ്ധത്തിലേർപ്പെട്ടു. എ. ഡി. 1052-ൽ കൊപ്പം എന്ന സ്ഥലത്തുവച്ചുണ്ടായ യുദ്ധത്തിൽ അദ്ദേഹം മരിച്ചു. പത്തുകൊല്ലം നീണ്ടുനിന്ന ഈ യുദ്ധമവസാനിച്ചതു് 'കൂടൽസംഗമ'ത്തു വച്ച് ചോളന്മാർ ചാലുക്യന്മാരെ തോല്പിച്ചതോടുകൂടിയാണ്.

എ. ഡി. 1074 മുതൽ എ. ഡി. 1118 വരെ ഭരിച്ചിരുന്ന കുലോത്തുംഗചോളദേവനാണ് ചോളവംശത്തിലെ ഒടുവിലത്തെ അതിപ്രശസ്തനായ രാജാവ്. എ. ഡി. 13-ാം ശതാബ്ദത്തോടുകൂടി ചോളവംശം ക്ഷയിച്ചുതുടങ്ങി.

## II. തമിഴകത്തെ ഭരണരീതിയും സാമൂഹ്യവ്യവസ്ഥിതിയും.

### 1. ഭരണരീതി.

ചോളചേരപാണ്ഡ്യരാജ്യങ്ങളിൽ രാജകീയ ഭരണമാണ് നിലവിലിരുന്നതെങ്കിലും, രാജാവിന്ന് ഏകശാസിതാവെന്ന നില ജനങ്ങൾ അനുവദിച്ചുകൊടുത്തിരു

ന്നില്ല. ജനപ്രതിനിധികൾ ചേൎന്നുള്ള മഹാസഭകളും, രാജകീയോപദേഷ്ടാക്കളായ മന്ത്രിമാരുംകൂടി രാജാധികാരത്തെ ശക്തമായി നിയന്ത്രിച്ചിരുന്നു. രാജസ്ഥാനം പിൻവാഴ്ച്ചപ്രകാരം തുടൎന്നുപോകണമെന്നായിരുന്നു വിധിയെങ്കിലും, രാജാവിനെ മന്ത്രിമാർ തെരഞ്ഞെടുത്തു് സിംഹാസനസ്ഥനാക്കുകയായിരുന്നു നടന്നുവന്നിരുന്ന പതിവു്.

രാജാവിനെ ഭരണത്തിൽ സഹായിക്കുന്നതിനും, രാജാധികാരം നാട്ടിൽ ചുറുചുറുക്കോടെ നടപ്പിലാക്കുന്നതിനും വേണ്ടി ജാഗ്രതയോടെ രൂപീകരിച്ചിരുന്ന ഒരു ഉദ്യോഗസ്ഥമണ്ഡലമുണ്ടായിരുന്നു. ഉദ്യോഗസ്ഥന്മാർക്കു ചെലവിനുവേണ്ടപണം കിട്ടത്തക്ക വസ്തുക്കൾ വിട്ടുകൊടുത്തിരുന്നു. രാജ്യരക്ഷയും സമാധാനപാലനവുമായിരുന്നു കേന്ദ്രഗവർമ്മെണ്ടിനുണ്ടായിരുന്ന പ്രധാന ജോലികൾ, വസ്തുക്കരം, തൊഴിൽക്കരം, വാഹനക്കരം, ചുങ്കങ്ങൾ മുതലായ വരവിനങ്ങളിൽനിന്നു വസൂൽചെയ്തിരുന്ന ധനം. സൈന്യസജ്ജീകരണത്തിനും പൊതുമരാമത്തുകൾക്കുമായി ചെലവഴിച്ചിരുന്നു. അതിശക്തമായ ഒരു കരസൈന്യവും അതുല്യമായ ഒരു നാവികസൈന്യവും അവൎക്കുണ്ടായിരുന്നു. ബെംഗാളുൾക്കടലിനെ 'ചോളന്മാരുടെ തടാക'മെന്നാണു് പറഞ്ഞിരുന്നതു്.

രാജരാജചോളന്റെ കാലത്തു് ചോളസാമ്രാജ്യത്തെ എട്ടു 'മണ്ഡല'ങ്ങളായി വിഭജിച്ചിരുന്നു. രാജവംശത്തിലെ അംഗങ്ങളെയാണു് ഓരോ മണ്ഡലത്തിലും ഭരണാധികാരിയായി നിയോഗിച്ചിരുന്നതു്. ഒരു മണ്ഡലത്തെ കുറെ 'നാടു'കളായും ഒരു നാട്ടിനെ കുറെ 'കൂട്ട'ങ്ങളായും വിഭജിച്ചിരുന്നു. ഒരു കൂട്ടം എന്നു പറയുന്നതു് നാലഞ്ചു ഗ്രാമങ്ങൾ കൂടിയതാണു്.

'ഗ്രാമ'മായിരുന്നു ചോളഭരണത്തിലെ പ്രധാന ഘടകം. ഓരോ ഗ്രാമവും ഒരു സ്വയംഭരണകേന്ദ്രമായിരു

ന്നു. 'ഗ്രാമസ്വരാജ്' എന്നു് നാമിന്നു വിഭാവനംചെയ്യുന്ന രീതിയിലെ ഭരണമായിരുന്നു ചോളചേരരാജ്യങ്ങളിലന്നുണ്ടായിരുന്നതു്. ഓരോ ഗ്രാമത്തിനും ഒരു സഭയുണ്ടായിരുന്നു. ഇതു് വെറുമൊരു 'ഊരുക്കൂട്ട' മായിരുന്നില്ല. സഭാംഗങ്ങളെ 'പെരുമക്കൾ' എന്നു പറഞ്ഞിരുന്നു. തെരഞ്ഞെടുപ്പും നറുക്കെടുപ്പും ചേൎന്നു് വളരെ പരിഷ്കൃതമായ ഒരു രീതിയിലാണു് ഇവരെ നിശ്ചയിച്ചിരുന്നതു്. 'വാരിയങ്ങൾ' (കമ്മററികൾ) ആയിട്ടു തിരിഞ്ഞു അവർ ജോലിചെയ്തിരുന്നു. അവരുടെ ചുമതലകൾ വളരെ വിപുലമായിരുന്നു. റോഡുകളും തോടുകളും നിർമ്മിക്കുകയും അററകുററം തീൎത്തു സൂക്ഷിക്കയും ചെയ്യുക, ക്ഷേത്രകാര്യങ്ങൾ നടത്തുക, കരം നിശ്ചയിക്കുകയും ഈടാക്കിക്കൊടുക്കുകയും ചെയ്യുക, കുററക്കാരെ പിടിച്ചു വിസ്തരിച്ചു ശിക്ഷിക്കുക, മുതലായവയെല്ലാം അവരുടെ അധികാരപരിധിയിലുൾപ്പെട്ടിരുന്നു. ഈ സഭകൾ സാധാരണ ക്ഷേത്രസന്നിധിയിലാണു കൂടിയിരുന്നതു്. സഭകളുടെ തീർച്ചകളെ നടത്തിച്ചുകൊടുക്കുന്നതിനു് വേണ്ടപ്പോഴെല്ലാം രാജകീയ- ഉദ്യോഗസ്ഥരായ 'അധികാരികൾ' പെരുമക്കളെ സഹായിച്ചിരുന്നു. ഇതൊഴിച്ചു്, ഈ സഭകളുടെ പ്രവൎത്തനത്തിൽ ഉദ്യോഗസ്ഥന്മാർ ഒരുതരത്തിലും ഇടപെട്ടിരുന്നില്ല.

2. സാമൂഹ്യജീവിതം.

പുരാതനദ്രാവിഡസംസ്കാരത്തിൻെറ കേന്ദ്രമായിരുന്നു തമിഴകം. ആൎയ്യന്മാരുടെ വരവിനു മുമ്പു് തൊഴിൽപ്പരമായ പിരിവുകളല്ലാതെ അവിടെ ജാതികളുണ്ടായിരുന്നില്ല. യുദ്ധം തൊഴിലായി സ്വീകരിച്ചിരുന്നവരാണു് സാധാരണ യുദ്ധങ്ങളിൽ പങ്കുകൊണ്ടിരുന്നതു്. അതുകൊണ്ടു്, യുദ്ധകാലത്തുപോലും കൃഷിയുംകൈയ്ത്തൊഴിലുകളും മുറയ്ക്കു പുരോഗമിച്ചിരുന്നു. ജനങ്ങൾക്കു ധാരാളം സ്വാത

ന്ത്ര്യമനുവദിച്ചിരുന്നു. വിവാഹങ്ങൾ മിക്കവാറും പ്രണയബദ്ധരായവർ തമ്മിലായിരുന്നു. ഒന്നിലധികം ഭാൎയ്യമാരെ സ്വീകരിക്കുക നിഷിദ്ധമായിരുന്നില്ല. അമ്മമാർ പുത്രന്മാരെ യുദ്ധത്തിൽ മുൻവച്ചുകാൽ പിൻവലിയ്ക്കുന്നതു ശരിയല്ലെന്നുപദേശിക്കുകയും പടക്കളത്തിലേക്കു് അവരെ അനുഗ്രഹിച്ചയയ്ക്കുകയും ചെയ്തിരുന്നു.

### 3. മതാചാരങ്ങളും മതാചാൎയ്യന്മാരും

ആദികാലങ്ങളിൽ ദ്രാവിഡന്മാർ മരങ്ങളേയും സർപ്പങ്ങളേയും ആരാധിച്ചുവന്നിരുന്നു. അതുകൊണ്ടു് ഹിന്ദുമതവും ജൈനമതവും ബുദ്ധമതവും ഇവരെ ഒരുപോലെ ആകർഷിച്ചു. പാണ്ഡ്യരാജാക്കന്മാർ പലരും ജൈനമതം സ്വീകരിച്ചിരുന്നു. കേരളത്തിലും ജൈനമതവും ബുദ്ധമതവും വ്യാപിച്ചിരുന്നതായി കാണുന്നുണ്ടു്. യുവാൻചാങ്ങിന്റെ കാലത്തു് കാഞ്ചീപുരത്തു് പതിനായിരത്തിൽപ്പരം ബൗദ്ധഭിക്ഷുക്കളുണ്ടായിരുന്നു. ഏഴാം ശതാബ്ദത്തിൽ ഹിന്ദുമതം മററു രണ്ടു മതങ്ങളേയുമപേക്ഷിച്ചു പ്രബലപ്പെട്ടുതുടങ്ങി. ഇതോടുകൂടി വൈദികരീതിയിലുള്ള ആരാധനയ്ക്കു പകരം വ്യക്തിമാഹാത്മ്യം നിറഞ്ഞ ഒരു ദൈവത്തെ ആരാധിക്കുക എന്ന 'ഭക്തിമാൎഗ്ഗം' അതിശീഘ്രം തെക്കെ ഇൻഡ്യയിൽപടൎന്നുപിടിച്ചു. ശിവഭക്തന്മാരായ 'നായനാർ' മാരും വിഷ്ണുഭക്തരായ 'ആഴ്‌വാർ' മാരും ധാരാളമുണ്ടായി. തട്ടുതട്ടായിപ്പൊക്കി ഗംഭീരങ്ങളായ ശിഖരങ്ങളും ഗോപുരങ്ങളുമുള്ള ക്ഷേത്രങ്ങൾ അങ്ങിങ്ങു പൊങ്ങിത്തുടങ്ങി. ഹിന്ദുമതസിദ്ധാന്തങ്ങളെ ക്രോഡീകരിച്ചു് ജനങ്ങൾക്കു കൂടുതൽ മതബോധമുണ്ടാക്കിക്കൊടുക്കുന്നതിൽ ബദ്ധശ്രദ്ധരായ അനവധിമതാചാൎയ്യന്മാരും ഇതോടുകൂടി ആവിർഭവിച്ചു. ഹിന്ദുമതപുനരുത്ഥാപനത്തിൽ പ്രഥമസ്ഥാനംവഹിക്കുന്നശങ്കരാചാൎയ്യരും രാമാനുജാചാൎയ്യരും തെക്കെഇൻഡ്യയിൽ ജനിച്ചവരാണു്.

1. ശങ്കരാചാര്യർ. എ. ഡി. 7-ാം ശതകത്തിൽ പെരിയാററിൻതീരത്തുള്ള കാലടിയിൽ ജനിച്ച ഒരു നമ്പൂരിബ്രാഹ്മണനായിരുന്നു ശങ്കരൻ. പന്ത്രണ്ടാമത്തെ വയസ്സിനുമുമ്പ് വേദശാസ്ത്രപാരംഗതനായിത്തീന്ന ആ ബാലസന്ന്യാസി, അന്നു രചിച്ച മഹാഗ്രന്ഥമാണ് സൂത്രഭാഷ്യം. ബ്രഹ്മസൂത്രങ്ങൾക്കം ഉപനിഷത്തുകൾക്കം ഭഗവദ്ഗീതയ്ക്കുംകൂടി അദ്ദേഹം അതിവിശിഷ്ടങ്ങളായ ഭാഷ്യങ്ങളെഴുതീട്ടുണ്ട്. സവ്വജ്ഞനെന്ന് സമ്മതിക്കപ്പെട്ട ശങ്കരാചാര്യരെ, ജനങ്ങൾ ജഗദ്ഗുരുവായി വാഴ്ത്തി. കാശി, ഉജ്ജയിനി, കാശ്മീരം, നീപ്പാളം, ആസ്സാം, എന്നിവിടങ്ങളിലെല്ലാം ചുററിസ്സഞ്ചരിച്ച് അദ്ദേഹം തന്റെ 'അദ്വൈതസിദ്ധാന്തം' പ്രവചനംചെയ്തു. ഇതു് ഹിന്ദുമതത്തിന് ഒരു നവജീവൻ നൾകി. ബദരീനാഥം, ദ്വാരക, പുരി, ശൃംഗേരി, എന്നീ സ്ഥലങ്ങളിൽ മഠങ്ങൾ സ്ഥാപിച്ച്, ഈ നൂതനസിദ്ധാന്തത്തിന്റെ പ്രചരണത്തിനുവേണ്ട ഏപ്പാടുകൾ അദ്ദേഹം പൂത്തിയാക്കി. ഇത്രയും 32-ാമത്തെ വയസ്സിനകം ചെയ്തുതീത്തശേഷം ആ സന്ന്യാസിവയ്യൻ സമാധിയായി. ശങ്കരാചാര്യരുടെ ഹിന്ദുമതോദ്ധാപനം ബുദ്ധമതത്തിന്റെ അധഃപതനത്തിനുള്ള കാരണങ്ങളിൽ വളരെ പ്രാധാന്യമേറിയ ഒന്നാകുന്നു.

2. രാമാനുജാചാര്യർ

വൈഷ്ണവമതാചാര്യരിൽ പ്രഥമഗണനീയനായ രാമാനുജൻ, എ. ഡി. 11-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്നു. തൃശ്ശിനാപ്പള്ളിക്കടുത്തുള്ള ശ്രീരംഗത്തായിരുന്നു അദ്ദേഹത്തിന്റെ ആസ്ഥാനം. ബ്രഹ്മസൂത്രങ്ങൾക്ക് അദ്ദേഹവും ഒരു മഹാഭാഷ്യമെഴുതി, അദ്ദേഹത്തിന്റെ സംഭാവനയാണ് ഹിന്ദുമതത്തിലെ 'വിശിഷ്ടാദ്വൈത സിദ്ധാന്തം'

## III വിദേശവാണിജ്യവും വിദേശങ്ങളിലേക്കുള്ള കുടിയേറ്റവും

### 1. പശ്ചിമദേശങ്ങളുമായുള്ള വാണിജ്യബന്ധം.

ചേരരാജ്യത്തിലെ തുറമുഖങ്ങളായിരുന്ന കൊടുങ്ങല്ലൂരും വക്‌ലെയും, പാണ്ഡ്യരാജ്യത്തിലെ കോർകായിയും കായലും, ചോളരാജ്യത്തിലെ കാവേരിപട്ടണവും പ്രശസ്തങ്ങളായ വിദേശ്യവാണിജ്യ കേന്ദ്രങ്ങളായിരുന്നു. കുരുമുളക്, മുത്ത്, പവിഴം, നേരിയ വസ്ത്രങ്ങൾ, തേക്കുതടി എന്നിവയാണ് പ്രധാനമായി കയററി അയച്ചിരുന്ന സാധനങ്ങൾ. ഗ്രീസ്സിലേക്കും റോമിലേക്കും ഈജിപ്‌ററിലേക്കും ഇവയെ അയച്ച് ധാരാളം സ്വർണ്ണവും സംസ്കൃതസാധനങ്ങളും അവർ പകരം മേടിച്ചിരുന്നു. റോമൻ നാണയങ്ങൾ നാട്ടിലെ ക്രയവിക്രയങ്ങൾക്ക് ഉപയോഗപ്പെടത്തക്കവണ്ണം ധാരാളം പ്രചരിച്ചിരുന്നത്, ഈ വാണിജ്യത്തിന്റെ വൈപുല്യത്തിനുദാഹരണമാണ്. ബി. സി. ഏഴും ആറും ശതാബ്ദങ്ങളിൽ ബാബിലോണിയായിൽ ദ്രാവിഡർ കച്ചവടത്തിനു വേണ്ടി താമസമാക്കിയിരുന്നതായും ചരിത്രകാരന്മാർ പറയുന്നുണ്ട്.

### 2. സമ്പന്നജീവിതവും സാഹിത്യപ്രോത്സാഹനവും

ഈ വാണിജ്യബന്ധത്തിന്റെ ഫലമായി തമിഴകത്ത് സമ്പത്സമൃദ്ധിയും ഐശ്വര്യവും നിറഞ്ഞു കലയും സാഹിത്യവും പുഷ്ടിപ്പെട്ടു. തഞ്ചാവൂരിലെ ക്ഷേത്രവും അതിലെ നടരാജവിഗ്രഹവും ചോളരുടെ കലാവൈഭവത്തിനു തെളിവായി ഇന്നും പ്രശോഭിക്കുന്നു. പാണ്ഡ്യരാജാക്കന്മാരുടെ പ്രോത്സാഹനം കൊണ്ടാണ് 'സംഘംകവികൾ' എന്നറിയപ്പെടുന്ന തിരുവള്ളുവർ, ചട്ടനാർ മുതലായവർക്ക് അവരുടെ കാവ്യനിർമ്മാണം സാധ്യമായത്. ചേരരാജകുമാരനായ ഇളംകൊഅടികൾ രചിച്ച ചിലപ്പതികാരം, ചട്ടനാരെഴുതിയ മണിമേഖല,

തിരുവള്ളുവരുടെ കുറൾ എന്നിവ തമിഴ് സാഹിത്യലോകത്തിലെ രത്നങ്ങളാണു്. എ. ഡി. 2-ാം ശതകത്തിലായിരുന്നു ഇവ രചിക്കപ്പെട്ടതു്. എ. ഡി. 12-ാം ശതാബ്ദത്തിൽ ചോളരാജാക്കന്മാരുടെ കാലത്തു് കംബർ എന്ന കവി എഴുതിയതാണു് തമിഴ് രാമായണം.

### 3. തെക്കുകിഴക്കേ ഏഷ്യയിലെ ഇൻഡ്യൻ ഉപനിവേശങ്ങൾ

തെക്കെ ഇൻഡ്യയിലെ തുറമുഖങ്ങളധികവും ഇൻഡോ-ചൈന, മലയ, കിഴക്കെ ഇൻഡ്യൻ ദ്വീപസമൂഹങ്ങൾ എന്നിവയെ അഭിമുഖമാക്കിക്കിടക്കുന്നതുകൊണ്ടു് ആദികാലം മുതൽക്കെ, ബംഗാളുൾക്കടൽ തരണംചെയ്തു് ഈ വിദൂരസ്ഥലങ്ങളുമായി ദ്രാവിഡർ കച്ചവടം നടത്തിയിരുന്നു. 'സ്വർണ്ണഭൂമി'യെന്നാണു് ഇവയെ അവർ പറഞ്ഞിരുന്നതു്. ആദായമാർഗ്ഗമാരാഞ്ഞു് ഇവിടങ്ങളിലേക്കു പ്രയാണം ചെയ്ത അനവധി ആളുകളുടെ ചരിത്രം 'കഥാസരിത്സാഗരം' എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. ഇക്കൂട്ടത്തിൽ രാജ്യം നഷ്ടപ്പെട്ട രാജകുമാരന്മാരുമുൾപ്പെടുന്നുണ്ടു്. ഏതാണ്ടു് എ. ഡി. 2-ാം ശതാബ്ദത്തിനും 5-ാംശതാബ്ദത്തിനുമിടയ്ക്കു് ഇത്തരത്തിലുള്ളവർ ഇൻഡോ-ചൈന, മലയ, സുമാത്ര, ജാവ, ബാലി, ബോർണിയോ എന്നിവിടങ്ങളിൽ പ്രവേശിച്ചു് ഉപനിവേശങ്ങൾ സ്ഥാപിച്ചു. എ. ഡി. 7-ാം ശതകത്തിൽ സുമാത്രയിൽ ചെന്ന ഇത്സിങ്ങ് എന്ന ചീനഭിക്ഷു അവിടെ ഒരു ബ്രാഹ്മണവീഥിയും ഒരു സംസ്കൃതവിദ്യാകേന്ദ്രവും കണ്ടതായി പറയുന്നു. അവിടത്തെ ആളുകളുടെ വേഷം, ഭാഷ, ആചാരം എന്നിവയെല്ലാം ഇൻഡ്യാക്കാരുടേതുതന്നെയാണു്. ശൈവമതവും പിന്നീടു ബുദ്ധമതവും അവിടങ്ങളിൽ തെക്കെ ഇൻഡ്യയിൽ നിന്നുതന്നെ പ്രവേശിച്ചു എന്നു പറയാം.

ഇൻഡോ-ചൈനയിൽ 'ചമ്പ' എന്നും 'കാബൂജം' എന്നും രണ്ടു രാജ്യങ്ങൾ ഇൻഡ്യാക്കാർ സ്ഥാപിച്ചു. പരമേശ്വരവർമ്മദേവനെന്നും യശോവർമ്മനെന്നും മററുമായിരുന്നു അവിടത്തെ രാജാക്കന്മാരുടെ പേരുകൾ. 'അങ്കോർവാററ്' എന്നും 'അങ്കോർതോം' എന്നുമുള്ള ഹൈന്ദവക്ഷേത്രങ്ങൾ ഇൻഡ്യാക്കാരുടെ അതിവിശിഷ്ടങ്ങളായ നേട്ടങ്ങളായി ഇന്നും അവിടെ അവശേഷിക്കുന്നു.

മലയയിൽ ശൈലേന്ദ്രൻ എന്നൊരു രാജാവ് എ. ഡി. 8-ാം ശതകത്തിൽ ഒരു രാജവംശം സ്ഥാപിച്ചു. ശൈലേന്ദ്രന്മാരെ മഹാരാജാക്കന്മാരെന്നു പറഞ്ഞിരുന്നു. അവർ മഹായാനബുദ്ധമതം സ്വീകരിച്ചു. ,ബറാബുദ്ദൂർ' എന്ന സ്ഥലത്തു ശൈലേന്ദ്രൻ നിർമ്മിച്ച സ്തൂപം ലോകത്തിലെ വിശിഷ്ടവസ്തുക്കളിൽ ഒന്നായി ഇന്നും പ്രശോഭിക്കുന്നുണ്ടു്. എ ഡി. 11-ാംശതകത്തിൽ രാജേന്ദ്രചോളൻ ശൈലേന്ദ്രരാജാവിനെ തോല്പിച്ചു് അവരുടെ സാമ്രാജ്യത്തെ കീഴടക്കുകയും, തുടർന്നു ഏതാണ്ടു നൂറുകൊല്ലത്തോളം ഈ ബന്ധം നിലനില്ക്കുകയും ചെയ്തു.

എ. ഡി. 4 ാം ശതാബ്ദത്തിൽ ഒരു പുതിയ ഹൈന്ദവ രാജവംശം ജാവായിലുദയംചെയ്തു. വിജയൻ എന്ന രാജാവു 13-ാം ശതാബ്ദത്തിൽ, ശൈലേന്ദ്രസാമ്രാജ്യത്തിലെ കുറെ ഭാഗങ്ങൾ കീഴടക്കി. അചിരേണ മലയൻ ഉപദ്വീപും അടുത്തുള്ള ദ്വീപസമൂഹങ്ങളും മുഴുവൻ അവക്കധീനമായി.

കിഴക്കെ ഏഷ്യയിലെ ദ്വീപസമൂഹങ്ങളിൽ, 'ബാലി' ഒഴിച്ചുള്ള സ്ഥലങ്ങളിലെ ജനങ്ങൾ ഇപ്പോൾ മുഹമ്മദീയരായിത്തീർന്നിട്ടുണ്ടു്. ബാലിയിൽ.ഒരു 'പുരാതന ഇൻഡ്യ' ഇന്നും അങ്ങനെ തുടർന്നു പോകുകയാണു്.

## പഠനനിർദ്ദേശങ്ങൾ

### 1. ഈ പേരുകൾ ഓർമ്മിക്കുക.

സിദ്ധാർത്ഥൻ (ബുദ്ധൻ)—ബുദ്ധമത സ്ഥാപകൻ

വർദ്ധമാനൻ(മഹാവീരൻ)—ജൈനമതസ്ഥാപകൻ

പോറസ് (പൗരവൻ) — ഝിലത്തിനും ചിനാബിനുമിടയ്ക്കുള്ള രാജ്യത്തിലെ രാജാവ്–ഝിലം യുദ്ധത്തിൽ അലക്സാണ്ടരെ എതിർത്ത ആൾ.

ശിശുനാഗൻ—മഗധരാജ്യത്തിലെ ശിശുനാഗവംശസ്ഥാപകൻ

അജാതശത്രു —ശിശുനാഗവംശത്തിലെ ഏററവും പ്രസിദ്ധനായ രാജാവ്; ബുദ്ധൻെറയും ജിനൻെറയും സമകാലീനൻ.

ഉദയൻ—പാടലീപുത്രം മഗധയുടെ തലസ്ഥാനമാക്കിയ ശിശുനാഗവംശജനായ രാജാവ്.

ദാരിയൂസ്—സിന്ധുതീരം കൈവശപ്പെടുത്തിയ പെർഷ്യൻ ചക്രവർത്തി.

അലക്സാണ്ടർ –ഇൻഡ്യയെ ആക്രമിച്ച ഗ്രീക്കുരാജാവ്

ചന്ദ്രഗുപ്തമൌര്യൻ—മൌര്യവംശസ്ഥാപകൻ

ചാണക്യൻ (കൌടില്യൻ)—ചന്ദ്രഗുപ്തൻെറ ഉപദേഷ്ടാവായിരുന്ന ബ്രാഹ്മണൻ; അർത്ഥശാസ്ത്രകർത്താവ്

സെല്യൂക്കസ് നിക്കേറർ—സിറിയൻ സാമ്രാജ്യസ്ഥാപകനായ ഗ്രീക്കുസേനാനി.

മെഗസ്തനീസ്—പാടലീപുത്രത്തിലേക്ക് സെല്യൂക്കസ് നിയോഗിച്ച പ്രതിപുരുഷൻ

അശോകൻ— മൌര്യസാമ്രാജ്യത്തിലെ ഏററവും മഹാനായ രാജാവ്– ബുദ്ധമതപ്രചരണത്തിനുവേണ്ടി പ്രവർത്തിച്ചവരിൽ അഗ്രഗണ്യൻ.

മഹേന്ദ്രനും സംഗമിത്രയും – ബുദ്ധമതപ്രചരണത്തിനായിട്ട് അശോകൻ തെക്കെ ഇൻഡ്യയിലേക്കും സിലോണിലേക്കുമയച്ച ആളുകൾ.

പുഷ്യമിത്രസുംഗൻ –സുംഗവംശസ്ഥാപകൻ–മിനാണ്ടരെ ആട്ടിപ്പായിച്ച രാജാവ്.

മിനാണ്ഡർ—മഗധയെ ആക്രമിച്ച യവനരാജാവ്.

ഗോണ്ടോഫർനിസ്—ഇൻഡ്യയിലെ ഏററവും പ്രസിദ്ധനായ പാർത്തിയൻ രാജാവ്.

മോഗ—ശകരാജാവ്.

രുദ്രദാമൻ—മാളവത്തിലെ മഹാക്ഷത്രപൻ

കാഡ്ഫീസസ്—കുശാനരാജ്യസ്ഥാപകൻ

കനിഷ്കൻ—കുശാനരാജാക്കന്മാരിൽ ശ്രേഷ്ഠൻ; മഹായാന ബുദ്ധമത പ്രചാരകൻ.

നാഗാർജ്ജുനൻ—മഹായാന ബുദ്ധമതത്തിനുവേണ്ടി വാദിച്ചവരിൽ പ്രഥമഗണനീയൻ

അശ്വഘോഷൻ— ബൌദ്ധഗായകകവി

വസുമിത്രൻ—പുരുഷപുരത്തിലെ ബുദ്ധസമ്മേളനത്തിലെ അദ്ധ്യക്ഷൻ

ചരകൻ—കനിഷ്കൻെറ കൊട്ടാരം വൈദ്യൻ; പ്രസിദ്ധനായ വൈദ്യശാസ്ത്രഗ്രന്ഥകർത്താവ്.

ചന്ദ്രഗുപ്തൻ—ഗുപ്തസാമ്രാട്ടുകളിൽ ആദ്യത്തെയാൾ

സമുദ്രഗുപ്തൻ—ഡെക്കാനിലേക്ക ജൈത്രയാത്ര നടത്തിയ ഗുപ്തരാജാവ്.

ചന്ദ്രഗുപ്തവിക്രമാദിത്യൻ—രുദ്രസിംഹനെ വധിച്ച് മാളവത്തിലെ ശകശക്തിയെ നശിപ്പിച്ച ഗുപ്തരാജാവ്

ഫാഹിയാൻ—ചന്ദ്രഗുപ്തവിക്രമാദിത്യൻെറ കാലത്തു ഇൻഡ്യ സന്ദർശിച്ച ചീനസഞ്ചാരി.

കാളിദാസൻ—ചന്ദ്രഗുപ്തവിക്രമാദിത്യൻെറ കാലത്ത് ജീവിച്ചിരുന്ന കവിശ്രേഷ്ഠൻ- ശാകുന്തളകർത്താവ്

ആര്യഭടൻ—ഗണിതശാസ്ത്രപടു

വരാഹമിഹിരൻ—ഹോരാശാസ്ത്രകർത്താവ്

തോരമാനൻ—മാളവത്തിലെ ഹൂണരാജവംശസ്ഥാപകൻ

മിഹിരഗുലൻ—തോരമാനൻെറ പുത്രനായ ഹൂണരാജാവ്

ഹർഷവർദ്ധനൻ—സ്ഥാനേശ്വര രാജാക്കന്മാരിൽ പ്രധാനൻ- പ്രാചീനഭാരതത്തിലെ ഒടുവിലത്തെ ചക്രവത്തി.

യുവാൻച്വാങ്ങ്—ഹർഷന്റെ ഭരണകാലത്തു് ഇൻഡ്യ സന്ദർശിച്ച ചീനഭിക്ഷു

മിഹിരഭോജൻ—ഗൂർജരപ്രതിഹാര രാജവംശത്തിലെ പ്രശസ്തനായ രാജാവു്.

ഹാലൻ—സപ്തശതകകർത്താവായ ആന്ധ്രരാജാവു്.

വിഷ്ണുഗോപൻ— സമുദ്രഗുപ്തനെ എതിർത്ത പല്ലവരാജാവു്.

പുലകേശി ഒന്നാമൻ—വാതാപിയിലെ ചാലൂക്യവംശസ്ഥാപകൻ

പുലകേശിരണ്ടാമൻ— ഹർഷനെ തോല്പിച്ച ചാലൂക്യരാജാവു്.

ദന്തിദുർഗ്ഗൻ—രാഷ്ട്രകൂടവംശസ്ഥാപകൻ.

അമോഘവർഷൻ—ഏററവും പ്രസിദ്ധനായ രാഷ്ട്രകൂടരാജാവു് —ജൈനമതാനുയായി.

തൈലപൻ— കല്യാണിയിലെ ചാലൂക്യവംശസ്ഥാപകൻ.

സോമേശ്വരൻ—കൊപ്പം യുദ്ധം ജയിച്ച ചാലൂക്യരാജാവു്.

വിജ്ഞാനേശ്വരൻ— മിതാക്ഷരമെന്ന നിയമഗ്രന്ഥത്തിന്റെ കർത്താവു് .

പൃഥ്വിരാജൻ—ഡൽഹി ഭരിച്ച ചോഹൻ രാജാവു്. ജയചന്ദ്രന്റെ ശത്രു.

ജയദേവൻ—ഗീതാഗോവിന്ദ കർത്താവു്.

ചെങ്കുട്ടുവൻ—ഗംഗാതീരമാക്രമിച്ച ചേരരാജാവു്.

രവിവർമ്മകുലശേഖരൻ—കാഞ്ചീപുരത്തുവച്ചു് ചക്രവർത്തിപദം സ്വീകരിച്ച വഞ്ചിവംശജൻ.

## II. ഇത്രയും തീയതികളെങ്കിലും ഓർത്തിരിക്കുക.

ബി. സി. 326—അലക്സാണ്ഡറും പോറസ്സും തമ്മിലുണ്ടായ ജിലം നദീതീരത്തിലെ യുദ്ധം.

,, 322—ചന്ദ്രഗുപ്തമൌര്യന്റെ സാമ്രാജ്യസ്ഥാപനം

,, 305—സെല്യൂക്കസ്സിന്റെ ഇൻഡ്യനാക്രമണം

,, 261—അശോകന്റെ കലിംഗയുദ്ധം

എ. ഡി. 155—മിനാണ്ടരുടെ മഗധാക്രമണം
,, 320—ഗുപ്തസാമ്രാജ്യസ്ഥാപനം
,, 320—സമുദ്രഗുപ്തന്റെ ഡക്കാനിലേയ്ക്കുള്ള ജൈത്രയാത്രയുടെ സമാപ്തി
,, 405-411 ഫാഹിയാൻ ഗുപ്തസാമ്രാജ്യത്തിൽ.
,, 528—ബാലാദിത്യനും യശോധർമ്മനും കൂടി മിഹിരഗുലനെ തോല്പിച്ച യുദ്ധം
,, 620—പുലകേശിദ്വിതീയൻ ഹർഷനെ തോല്പിച്ചതു്.
,, 630—യുവാൻ ചാങ്ങിന്റെ ഇൻഡ്യൻ പര്യടനാരംഭം.
,, 1052—കൊപ്പം യുദ്ധം

## III. താഴെ കാണുന്ന ചോദ്യങ്ങളുടെ ഉത്തരം എഴുതുക.

---

I. കാരണം പറയുക.

(a) നീപ്പാളത്തിലെ ആളുകൾ ശക്തന്മാരാണു്.
(b) ഇൻഡ്യയിലെ സാമ്രാജ്യങ്ങളധികവും ഉത്തര ഇൻഡ്യയിലാണുണ്ടായിട്ടുള്ളതു്.
(c) ഡെക്കാനേയും തെക്കെ ഇൻഡ്യയേയും ഉത്തര ഇൻഡ്യയിലെ ഭരണാധികാരികൾക്ക വളരെക്കാലം കീഴടക്കുവാൻ കഴിഞ്ഞിട്ടില്ല.

2. (a) നിഗ്രിറേറാ വർഗ്ഗക്കാരെ പുരാതന ശിലായുഗത്തിലെ ആളുകളെന്നും കോലാര്യന്മാരെ നവീനശിലായുഗത്തിലെ ആളുകളെന്നും പറയുന്നതെന്തുകൊണ്ടു്?
(b) സിന്ധുതീരത്തിലെ പരിഷ്കാരത്തെപ്പററി ഭൂഗർഭപര്യവേക്ഷണങ്ങളുടെ ഫലമായി കിട്ടിയിട്ടുള്ള അറിവുകളെന്തെല്ലാം ?

3. (a) ഇൻഡ്യയിലെ ആര്യന്മാർ എവിടെ നിന്നു വന്നവരാണു്?
(b) ഋഗ്വേദത്തിൽനിന്നു പഞ്ചാബിലെ ആര്യന്മാരുടെ ജീവിതത്തെപ്പററി നമുക്കെന്തു മനസ്സിലാക്കാം ?
(c) ദസ്യുക്കൾ ആരാണു്?

(d) ആര്യാവർത്തത്തിലെത്തിയ ആര്യന്മാരുടെ സാമുദായിക ജീവിതത്തിലുണ്ടായ മാററങ്ങളെന്തെല്ലാം?

(e) വേദങ്ങളെന്തെല്ലാം? സംഹിത, ബ്രാഹ്മണം, ആരണ്യകം, ഉപനിഷത്തു് ഇവ എന്താണു്?

(f) രാമായണകർത്താവാരാണു്? ഇതിഹാസകാലത്തു് ഉത്തരഇൻഡ്യയിലെ പ്രധാന രാജ്യങ്ങളേതെല്ലാം?

4 (a) ബുദ്ധമതവും ജൈനമതവും സ്ഥാപിച്ചവരാരാണു്?

(b) ബുദ്ധൻെറ ജീവചരിത്രം സംഗ്രഹിക്കുക. ബുദ്ധമതസിദ്ധാന്തങ്ങളേന്തെല്ലാം?

(c) മഹാവീരൻെറ ജീവിതം ചുരുക്കി എഴുതുക. ജൈനമതസിദ്ധാന്തങ്ങളെന്തെല്ലാം? ജൈനമതത്തിലെ രണ്ടു വിഭാഗക്കാരാരെല്ലാം?

5 (a) അലക്സാണ്ഡർ ഇൻഡ്യയെ ആക്രമിച്ച സമയത്തു് പഞ്ചാബിലെ ഭരണാധികാരികളാരെല്ലാമായിരുന്നു?

(b) അലക്സാണ്ഡരുടെ ഇൻഡ്യനാക്രമണത്തിൽ അദ്ദേഹത്തെ എതിർത്തതാരു്? അതിൻെറ ഫലമെന്തായിരുന്നു?

(c) യവനന്മാരുമായുള്ള സമ്പർക്കം കൊണ്ടു ഇൻഡ്യക്കുണ്ടായ പ്രയോജനമെന്തു്?

6 (a) മഗധയെ മൌര്യന്മാർക്കു മുമ്പു ഭരിച്ച രാജവംശങ്ങളേവ?

(b) മൌര്യവംശം സ്ഥാപിച്ചതാരു്? അദ്ദേഹത്തിൻെറ ഉപദേശകനാരായിരുന്നു? അദ്ദേഹത്തെ തോല്പിച്ച യവനരാജാവു് ആരായിരുന്നു? അദ്ദേഹത്തിൻെറ തലസ്ഥാനത്തു താമസിച്ച യവനപ്രതിപുരുഷൻ ആരു്?

(c) മെഗസ്തനിസ്സിൻെറയും കൌടില്യൻെറയും വിവരണങ്ങളിൽനിന്നു മൌര്യഭരണസമ്പ്രദായത്തെപ്പററിയും സാമൂഹ്യജീവിതത്തെപ്പററിയും എന്തറിയാം?

(d) കലിംഗയുദ്ധത്തിൻെറ ഫലമെന്തായിരുന്നു? അശോകൻ ഇൻഡ്യയിൽ ബുദ്ധമതം പ്രചരിപ്പിക്കുന്നതിനു സ്വീകരിച്ച മാർഗ്ഗങ്ങളെന്തെല്ലാം? ഇൻഡ്യക്കുപുറത്തു് ബുദ്ധമതപ്രചരണം നടത്തിയതെങ്ങനെ?

(e) അശോകൻ ഏററവും മഹാനായ ഒരു രാജാവാണെന്നു കരുതുന്നതിനുള്ള കാരണങ്ങളേവ ?

7 (a) സംഗവംശസ്ഥാപകനാര് ? അദ്ദേഹം പിൻതിരിച്ചോടിച്ച യവന രാജാവാരായിരുന്നു ?

(b) ശകന്മാരാരാണ് ? അവർ ഇൻഡ്യയെ ആക്രമിച്ചതെന്നാണ് ? അതിന്റെ ഫലമെന്തായിരുന്നു ?

(c) കുശാനവംശസ്ഥാപകനാര് ? കനിഷ്കനെ കുശാനവംശത്തിലെ ഏററവും ശ്രേഷ്ഠനായ രാജാവെന്നു പറയുന്നതെന്തുകൊണ്ട് ?

(d) കനിഷ്കന്റെ കാലത്ത് ബുദ്ധമതത്തിലുണ്ടായ വ്യത്യാസമെന്ത് ?

8 (a) ഗുപ്തവംശസ്ഥാപകനാരായിരുന്നു ? അദ്ദേഹം പാടലിപുത്രത്തിന്റെ അധിപനായതെങ്ങനെയാണ് ?

(b) സമുദ്രഗുപ്തനെ ഇൻഡ്യയിലെ നെപ്പോളിയനെന്നു വാഴ്ത്തുന്നതെന്തുകൊണ്ട് ?

(c) മാളവത്തിലെ ശകവംശമവസാനിപ്പിച്ചതാര് ?

(d) ചന്ദ്രഗുപ്തവിക്രമാദിത്യന്റെ കാലത്ത് ഇൻഡ്യയിലെത്തിയ ചീനഭിക്ഷു ആരായിരുന്നു ? അദ്ദേഹത്തിന്റെ വിവരണങ്ങളിൽനിന്നു ഗുപ്തസാമ്രാജ്യത്തിലെ അന്നത്തെ സ്ഥിതിയെപ്പററി നമുക്കെന്തറിയാം ?

(e) ഗുപ്തകാലത്തെ ഒരു സുവർണ്ണകാലമെന്നു പറയുന്നതിനുള്ള കാരണങ്ങളെന്ത് ?

(f) ഇൻഡ്യയിൽ ഹൂണസാമ്രാജ്യം സ്ഥാപിച്ചതാര് ? ഹൂണരാജാവായ മിഹിരഗുലനെ ആളുകൾ എതിർത്തതെന്തുകൊണ്ട് ? അദ്ദേഹത്തെ തോല്പിച്ചതാരെല്ലാം ?

9 (a) ശ്രീഹർഷൻ കന്യാകുബ്ജത്തിനധിപനായതെങ്ങിനെ ? അദ്ദേഹത്തെ യുദ്ധത്തിൽ തോല്പിച്ചതാര് ? അദ്ദേഹത്തിന്റെ മതജീവിതത്തെപ്പററി യുവാൻ ചാങ് പ്രസ്താവിച്ചിട്ടുള്ളതെന്തെല്ലാം ?

(b) ശ്രീഹർഷന്റെ കാലത്തുള്ള ഭരണരീതിയേയും സാമുദായികസ്ഥിതിയേയും പററി യുവാൻ ചാങ് എന്തു വിവരങ്ങളാണ് നൽകിയിട്ടുള്ളത് ?

(c) ശശാങ്കനെ ബുദ്ധമതവിദ്വേഷി എന്നു പറയുന്നതെന്തു കൊണ്ട്?

10 (a) രാജപുത്രന്മാർ ആരാണ്? അവരുടെ സ്വഭാവവിശേഷങ്ങളെന്തെല്ലാം?

(b) ഇൻഡ്യയിലെ പ്രധാന രാജപുത്രരാജവംശങ്ങളേതെല്ലാം? അവർ എവിടെയെല്ലാമാണ് രാജ്യങ്ങൾ സ്ഥാപിച്ചത്?

11 (a) ആന്ധ്റാക്കാരുടെ ചരിത്രം ചുരുക്കി എഴുതുക.

(b) പല്ലവന്മാർ ആരാണ്? അവർ ഏതു തരത്തിലാണ് പ്രശസ്തി ആർജ്ജിച്ചിട്ടുള്ളത്?

(c) ഡക്കാനിലെ രാജപുത്രവംശങ്ങളേതെല്ലാം? ഈ വംശങ്ങളുടെ സ്ഥാപകന്മാരാര്?

12. (a) ചെങ്കുട്ടുവൻ, രവിവർമ്മകുലശേഖരൻ, ആദിത്യൻ, രാജരാജചോളൻ, രാജേന്ദ്രചോളൻ, എന്നിവർ എങ്ങിനെയാണ് പ്രശസ്തരായിട്ടുള്ളത്?

(b) തമിഴകത്തെ പ്രധാനതുറമുഖങ്ങളേതെല്ലാമായിരുന്നു? അവിടെനിന്നു കയററി അയച്ചിരുന്ന സാധനങ്ങളെന്തെല്ലാം?

(c) ചോളഭരണരീതിയെ വിവരിച്ച്, തമിഴ് ഭരണരീതിയിലെ വൈശിഷ്ട്യങ്ങൾ ചൂണ്ടിക്കാണിക്കുക.

(d) നായനാർമാർ, ആൾവാർമാർ, ഇവരാര്?

(e) ഹിന്ദുമതപുനരുത്ഥാനം ചെയ്ത തെക്കേ ഇൻഡ്യയിലെ പ്രസിദ്ധ മതാചാര്യന്മാരാരെല്ലാം?

(f) സംഘം കവികളുടെ പേരു പറയുക. അവരുടെ പ്രസിദ്ധ കൃതികളെന്തെല്ലാം?

(g) തെക്കുകിഴക്കേഷ്യയിൽ എവിടെയെല്ലാമാണ് ഇൻഡ്യാക്കാർ ഉപനിവേശങ്ങൾ സ്ഥാപിച്ചത്? ഭാരതസംസ്കാരത്തിന്റെ എന്തവശിഷ്ടങ്ങളാണ് ഇന്നവിടെയുള്ളത്?

2330

PRINTED AT
THE SRIDHARA PRINTING HOUSE,
TRIVANDRUM.